2020 മാർച്ച്
27
വെള്ളി
1195 മീനം 14

മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ

www.metrovaartha.com

12 പേജ് ₹ 7.00

KOZHIKODE

» പേജ് 12

പാക്കെജ് 1.70 ലക്ഷം കോടി

ന്യൂഡൽഹി: കൊവിഡ് വ്യാപനം തടയാൻ രാജ്യത്തു സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തെ നേരിടാൻ 1.70 ലക്ഷം കോടി രൂപയുടെ സാമ്പത്തിക പാക്കെജ് പ്രഖ്യാപിച്ച് ധനമന്ത്രി നിർമല സീതാരാമൻ. അടുത്ത മൂന്നു മാസത്തേക്ക് പാവപ്പെട്ടവർക്ക് സൗജന്യമായി ഭക്ഷ്യധാന്യങ്ങളും പാചക വാതകവും നൽകുന്നതടക്കമാണു പാക്കെജ്. വനിതകൾക്കും പാവപ്പെട്ട മുതിർന്ന പൗരന്മാർക്കും സാമ്പത്തിക സഹായം, തൊഴിലുറപ്പു പദ്ധതിയിൽ ഉയർന്ന വേതനം തുടങ്ങിയവയുമുണ്ട്. രാജ്യത്ത് ആരും പട്ടിണി കിടക്കേണ്ടിവരില്ലെന്ന് പാക്കെജ് പ്രഖ്യാപിച്ചുകൊണ്ട് നിർമല പറഞ്ഞു.

- 80 കോടി റേഷൻ കാർഡ് അംഗങ്ങൾക്ക് മൂന്നു മാസവും അഞ്ചു കിലോ ഭക്ഷ്യധാന്യം (അരിയോ ഗോതമ്പോ) വീതം സൗജന്യമായി ലഭിക്കും. ഇപ്പോൾ റേഷൻ കാർഡ് പ്രകാരം ലഭിക്കുന്ന അഞ്ചു കിലോയ്ക്കു പുറമേയാണിത്. ഒപ്പം കുടുംബത്തിന് ഒരു കിലോ പരിപ്പ് പയർവർഗവും സൗജന്യം. ഇവ രണ്ടു തവണയായി വാങ്ങാം.
- 8.3 കോടി പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ പാചക വാതക സിലിണ്ടർ
- ജൻ ധൻ അക്കൗണ്ടുള്ള 20.5 കോടി വനിതകൾക്ക് മാസം 500 രൂപ വീതം മൂന്നു മാസം നൽകും. പാവപ്പെട്ട മുതിർന്ന പൗരൻമാർ, വിധവകൾ, അംഗപരിമിതർ തുടങ്ങിയവർക്ക് ഒറ്റത്തവണയായി 1000 രൂപ.
- ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള ദിവസ വേതനം 182 രൂപയിൽ നിന്ന് 202 രൂപയാക്കി. അഞ്ചു കോടി പേർക്ക് പ്രയോജനം.
- പ്രധാൻമന്ത്രി കിസാൻ യോജന പ്രകാരം 8.69 കോടി കർഷകർക്ക് ഏപ്രിൽ ആദ്യവാരം 2,000 രൂപ വീതം നൽകും. കിസാൻ യോജന പ്രകാരം വർഷം 6,000 രൂപയാണ് മൂന്നു ഗഡുക്കളായി നൽകുന്നത്. പുതിയ സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവാണ് ഏപ്രിലിൽ നൽകുക.
- 100 ജീവനക്കാർ വരെയുള്ളതും അതിൽ 90 ശതമാനവും 15,000 രൂപയിൽ താഴെ ശമ്പളമുള്ളവരുമായ കമ്പനികളിലെ ജീവനക്കാരുടെയും ഉടമസ്ഥരുടെയും പിഎഫ് വിഹിതം മൂന്നു മാസത്തേക്ക് സർക്കാർ അടയ്ക്കും.
- പിഎഫ് അക്കൗണ്ടിലെ 75 ശതമാനമോ മൂന്നു മാസത്തെ ശമ്പളത്തിനു തുല്യമായ തുകയോ ഏതാണു കുറവെങ്കിൽ അത് പിൻവലിക്കാൻ അനുവദിക്കും.
- വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള 10 ലക്ഷം രൂപയുടെ ഈടില്ലാ വായ്പ 20 ലക്ഷം രൂപയാക്കും. ഏഴു കോടി കുടുംബങ്ങൾക്കു പ്രയോജനം.
- കൊവിഡ് രോഗികളെ ചികിത്സിക്കുന്ന ഡോക്റ്റർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ആശാ വർക്കർമാർ തുടങ്ങിയവർക്ക് 50 ലക്ഷം രൂപയുടെ വീതം ആരോഗ്യ ഇൻഷ്വറൻസ് കവറെജ്. മൂന്നു മാസത്തേക്കാണിത്.
- നിർമാണ തൊഴിലാളികളുടെ ക്ഷേമനിധി ഫണ്ടിലെ 31,000 കോടി രൂപയിൽ നിന്ന് സംസ്ഥാന സർക്കാരുകൾ അവർക്കു സഹായം നൽകണം.

ഓൺലൈൻ വഴി മദ്യമില്ല

തിരുവനന്തപുരം: സംസ്ഥാനത്ത് ഓൺലൈൻ വഴി മദ്യം ലഭ്യമാക്കില്ലെന്ന് എക്സൈസ് വകുപ്പു മന്ത്രി ടി.പി. രാമകൃഷ്ണൻ. അത്തരത്തിൽ ഒരു തീരുമാനം നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടില്ല. മറിച്ചൊരു ഉത്തരവുണ്ടാവുന്നതു വരെ ഈ സാഹചര്യം തുടരും. സാഹചര്യമനുസരിച്ചാണ് അതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയെന്നും മന്ത്രി പറഞ്ഞു.

മദ്യത്തിന് ആസക്തിയുള്ളവർ അതിൽ നിന്ന് പിൻമാറുകയാണ് വേണ്ടത്. അതിനായി ഡീ അഡിക്ഷൻ സെന്ററുകളടക്കം വർധിപ്പിക്കുകയും അവയുടെ പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യും. അനധികൃത, വ്യാജ മദ്യ വിൽപനയും മറ്റ് ലഹരി പദാർഥങ്ങളുടെ ഉപയോഗവും തടയും- അദ്ദേഹം പറഞ്ഞു.

സാമൂഹിക വ്യാപനമില്ല: കേന്ദ്രം

ന്യൂഡൽഹി: കൊവിഡ് 19 രോഗം സാമൂഹിക വ്യാപനഘട്ടത്തിലേക്കു കടന്നിട്ടില്ലെന്നു കേന്ദ്ര ആരോഗ്യ മന്ത്രാലയം. മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും പശ്ചിമബംഗാളിലും സാമൂഹിക വ്യാപനമുണ്ടായെന്ന റിപ്പോർട്ടുകൾക്കിടെയാണ് ഇതു നിരസിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ അഗർവാൾ രംഗത്തെത്തിയത്. സാമൂഹികവ്യാപനമുണ്ടായെന്നതിനു നിലവിൽ തെളിവില്ല.

രാജ്യത്ത് രോഗവ്യാപനം ക്രമാതീതമായ തോതിലല്ലെന്നത് ആശ്വാസകരമാണ്. ഇന്നലെ 43 പേർക്കാണു പുതുതായി രോഗം റിപ്പോർട്ട് ചെയ്തത്. നാലു പേർ മരിച്ചു. രാജ്യത്താകെ 649 പേർക്കു രോഗബാധയുണ്ടായി. 13 പേർ മരിച്ചു. കൊവിഡിനെതിരായ ഇന്ത്യയുടെ പോരാട്ടം ശുഭസൂചനകളാണു നൽകുന്നതെന്നും ലവ അഗർവാൾ.

അതേസമയം, ലോകമൊട്ടാകെ മരണം 21000 കടന്നു. നാലര ലക്ഷത്തോളം പേരാണു വൈറസ് ബാധിതർ. ഇവരിൽ രണ്ടര ലക്ഷവും യൂറോപ്പിൽ. യൂറോപ്യൻ രാജ്യങ്ങളിലാണ് 14,640 മരണവും രേഖപ്പെടുത്തിയത്. മരണസംഖ്യയിൽ മുന്നിലുള്ള ഇറ്റലിയിൽ രോഗബാധിതരുടെ എണ്ണം കുറഞ്ഞുതുടങ്ങിയെങ്കിലും സ്പെയ്നിൽ സ്ഥിതി വ്യത്യസ്തമാണ്.

ഒന്നിച്ചു നേരിടാൻ ജി20

വീഡിയൊ കോൺഫറൻസിലൂടെ വിളിച്ചുചേർത്ത ജി20 രാജ്യങ്ങളുടെ അടിയന്തര ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിക്കുന്നു. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, വിദേശകാര്യമന്ത്രി എസ്. ജയശങ്കർ എന്നിവർ സമീപം.

ന്യൂഡൽഹി: കൊവിഡ് 19 വൈറസ് ബാധ മൂലമുണ്ടായ അത്യപൂർവ സാഹചര്യം നേരിടാൻ അഞ്ചുലക്ഷം കോടി ഡോളർ ലോകവിപണികളിലേക്ക് ഇറക്കാൻ ജി 20 ഉച്ചകോടിയിൽ തീരുമാനം. വരാൻ പോകുന്ന വെല്ലുവിളികളെ ഒറ്റക്കെട്ടായിഅതിജീവിക്കാനും വീഡിയോ കോൺഫറൻസിലൂടെ നടന്ന യോഗം തീരുമാനിച്ചു. ഉച്ചകോടി വിളിക്കണമെന്ന നിർദേശം മുന്നോട്ടുവച്ചത് പ്രധാനമന്ത്രി നരേന്ദ്ര മോദിയായിരുന്നു.

സൗദി രാജാവ് സൽമാൻ ബിൻ അബ്ദുൾ അസീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അഞ്ചു സുപ്രധാന തീരുമാനങ്ങളെടുത്തു. മനുഷ്യജീവൻ രക്ഷിക്കാൻ സാധ്യമായ നടപടികൾ എടുക്കുക, ജനങ്ങളുടെ വരുമാനവും തൊഴിലും സംരക്ഷിക്കുക, ലോക സമ്പദ് വ്യവസ്ഥയിലെ വിശ്വാസം പുനഃസ്ഥാപിക്കുക, സഹായം ആവശ്യമായ എല്ലാ രാജ്യങ്ങളെയും പിന്തുണക്കുക. പൊതുജനാരോഗ്യത്തിന് സഹകരിച്ച് പ്രവർത്തിക്കുക. ഇവയ്ക്കു പുറമെ, ലോകാരോഗ്യ സംഘടനയുടെ പ്രവർത്തനങ്ങളെ മരുന്നുകൾ, വാക്സിനുകൾ, ആരോഗ്യരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ നൽകി ശക്തിപ്പെടുത്താനും തീരുമാനമായി.

വൈദ്യശാസ്ത്ര ഗവേഷണഫലങ്ങൾ സൗജന്യമായി പരസ്പരം പങ്കുവക്കാൻ എല്ലാ രാജ്യങ്ങളും തയാറാകണമെന്നു മോദി മറ്റുള്ളവരോട് ആവശ്യപ്പെട്ടു. ലോകാരോഗ്യ സംഘടനയുടെ പ്രവർത്തനത്തിൽ പൊളിച്ചെഴുത്ത് ആവശ്യമാണ്. ജി20-ലെ അംഗരാജ്യങ്ങളിലാണു ലോകജനസംഖ്യയുടെ 60 ശതമാനവുമുള്ളത്. ലോകത്ത് റിപ്പോർട്ട് ചെയ്ത കൊവിഡ് 19 രോഗബാധയുടെ 90 ശതമാനവും ഈ രാജ്യങ്ങളിലാണ്. ആകെ മരണങ്ങളുടെ 88 ശതമാനവും നടന്നത് ജി20 രാജ്യങ്ങളിലാണ്- മോദി ചൂണ്ടിക്കാട്ടി.

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് ഉൾപ്പെടെ പ്രമുഖ രാഷ്ട്രനേതാക്കളെല്ലം ഇതാദ്യമായി വീഡിയൊ കോൺഫറൻസിങ്ങിലൂടെ നടന്ന ഉച്ചകോടിയിൽ പങ്കെടുത്തു. ഐക്യരാഷ്ട്ര സഭ, ഐഎംഎഫ്, ലോകാരോഗ്യ സംഘടന തുടങ്ങിയവയുടെ ഉന്നതരും സംസാരിച്ചു.

ഒരു ലക്ഷത്തിലേറെപ്പേർ നിരീക്ഷണത്തിൽ

ഇന്നലെ രോഗബാധ 19 പേർക്ക്

തിരുവനന്തപുരം: കേരളത്തിൽ കൊവിഡ് 19 കൊറോണ വൈറസുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ കഴിയുന്നവരുടെ എണ്ണം ഒരുലക്ഷം കടന്നു. ഇടുക്കിയിൽ ഒരു പൊതുപ്രവർത്തകന് ഉൾപ്പെടെ ഇന്നലെ കേരളത്തിൽ 19 പേർക്ക് വൈറസ് ബാധ സ്ഥിരീകരിച്ചു. കണ്ണൂർ ജില്ലയിൽ നിന്നുള്ള ഒൻപതു പേരും കാസർഗോഡ്, മലപ്പുറം ജില്ലകളിൽ നിന്നുള്ള മൂന്നുപേർ വീതവും തൃശൂർ നിന്നുള്ള രണ്ടുപേർക്കും ഇടുക്കി, വയനാട് ജില്ലയിൽ നിന്നുള്ള ഒരാൾക്കു വീതവുമാണ് രോഗം സ്ഥിരീകരിച്ചത്.

ഇടുക്കിയിലും വയനാട്ടിലും ആദ്യമായാണ് രോഗബാധ. ഇതോടെ കേരളത്തിൽ ഇതുവരെ 137 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. എറണാകുളത്ത് ചികിത്സയിലായിരുന്ന കണ്ണൂർ സ്വദേശികളായ മൂന്നുപേരെയും രണ്ടു വിദേശികളെയും ഇന്നലെ രോഗം ഭേദമാക്കി വിട്ടയച്ചു.

പത്തനംതിട്ടയിൽ ചികിത്സയിലായിരുന്ന ഒരാളുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. 126 പേരാണ് ഇപ്പോൾ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,02,003 പേരാണു നിരീക്ഷണത്തിലുള്ളത്. 1,01,402 പേർ വീടുകളിലും 601 പേർ ആശുപത്രികളിലും. ഇന്നലെ ആശുപത്രികളിൽ പ്രവേശിപ്പിച്ചത് 136 പേരെ. രോഗലക്ഷണങ്ങളുള്ള 5,342 വ്യക്തികളുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ ലഭ്യമായ 3,768 എണ്ണത്തിന്റെ ഫലം നെഗറ്റീവാണ്.

ഒരുപാട് നന്ദി. ഇനി ആവർത്തിക്കില്ല..!

തിരുവനന്തപുരം നഗരാതിർത്തിയായ പാപ്പനംകോടിനു സമീപം മതിയായ യാത്രാവിവര രേഖകളില്ലാതെ എത്തിയ കുടുംബം അത്യാവശ്യ കാര്യം വിശദീകരിച്ചതിനെ തുടർന്ന് കനത്ത താക്കീത് നൽകി പൊലീസ് വിട്ടയയ്ക്കുന്നു. » കെ.ബി. ജയചന്ദ്രൻ

ഇടുക്കിയിലെ രോഗബാധിതൻ ഉന്നതരെ സന്ദർശിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ കൊറോണ സ്ഥിരീകരിച്ച ഇടുക്കിയിൽ നിന്നുള്ള രാഷ്ട്രീയ പ്രവർത്തകൻ നിയമസഭയിൽ സന്ദർശനം നടത്തിയതായും മന്ത്രിമാരെയും എംഎൽഎമാരെയും പ്രമുഖ നേതാക്കളെയും സന്ദർശിച്ചതായും അറിയുന്നു. പ്രതിപക്ഷ പാർട്ടിയുടെ പോഷകസംഘടനാ നേതാവാണ് ഇദ്ദേഹം.

ഈ മാസം 18 മുതലാണ് ഇദ്ദേഹം നിരീക്ഷണത്തിൽ കഴിഞ്ഞിരുന്നത്. വിദേശയാത്രയ്ക്ക് പോയിട്ടില്ല. പാലക്കാട്, ഷോളയൂർ, മൂന്നാർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ യാത്ര ചെയ്തിരുന്നു. അതിനാൽ പാലക്കാട് നിന്നാവാം ഇദ്ദേഹത്തിന് കൊറോണ ബാധിച്ചിട്ടുണ്ടാവുകയെന്നാണ് പ്രാഥമിക നിഗമനം. ഇദ്ദേഹത്തിന്റെ റൂട്ട്മാപ്പ് തയാറാക്കാനുള്ള ശ്രമത്തിലാണ് ജില്ലാ ഭരണകൂടം.

കെഎസ്ആർടിസി ബസ്, ട്രെയ്ൻ, കാർ തുടങ്ങിയ ഗതാഗതമാർഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ നിന്നുള്ളവരുമായും ബന്ധപ്പെട്ടിട്ടുണ്ട്. പ്രാർഥനയ്ക്കായി വിവിധ പള്ളികളിൽ പോയെന്നും വിവരമുണ്ട്.

നിരവധിയാളുകളുമായി ഇദ്ദേഹം സമ്പർക്കം പുലർത്തി. വിവിധയിടങ്ങൾ സന്ദർശിച്ചു. ഇദ്ദേഹത്തിന്റെ സമ്പർക്കവിവരങ്ങൾ ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ഇന്നലെ മാത്രം 2,098 കേസുകൾ. 2,234 അറസ്റ്റ്

- ആകെ 1,447 വാഹനങ്ങൾ പിടിച്ചെടുത്തു.
- എല്ലാ ജില്ലകളിലും പരിശോധന കർശനമാക്കി.
- വാഹന രജിസ്ട്രേഷൻ റദ്ദാക്കുമെന്നും മുന്നറിയിപ്പ്.
- പൊലീസുകാർ മാസ്ക്കും ഗ്ലൗസും ധരിക്കണം.
- യാത്രക്കാരുമായി നിശ്ചിത അകലം പാലിക്കണം.
- ഏറെ നേരം സംസാരിക്കുന്നത് ഒഴിവാക്കണം.
- വാഹനത്തിനുള്ളിലേക്ക് കുനിഞ്ഞു നോക്കരുത്.
- ബ്രീത്ത് അനലൈസർ ഉപയോഗിക്കാൻ പാടില്ല.

റേഷൻ കാർഡ് ഇല്ലാത്തവർക്കും ഭക്ഷ്യധാന്യം

- ആധാർ കാർഡ് പരിശോധിച്ചാവും നടപടി
- മെഡിക്കൽ സ്റ്റോറിലൂടെ കുട്ടിയുടുപ്പുകളും
- ബേക്കറികൾ തുറന്നു പ്രവർത്തിപ്പിക്കാം
- ക്ഷേമപെൻഷനുകളുടെ വിതരണം തുടങ്ങി

132 കോടി ജനങ്ങളിൽ ഏതാണ്ട് 650 പേർക്ക് മാത്രം രോഗം. മരണസംഖ്യ ഒരു ഡസൻ. അതുകൊണ്ട്, കൊറോണ ഒരു രോഗമാണോ എന്നു സംശയിക്കുന്നവരാണു വിലക്കുകൾ ലംഘിച്ചു റോഡിലിറങ്ങാൻ തിടുക്കം കാണിക്കുന്നത്. പക്ഷേ, കാര്യങ്ങൾ അത്ര പന്തിയല്ല. നമ്മൾ ഈ മഹാമാരിയെ പിടിച്ചുകെട്ടും, തീർച്ച. അപ്പോഴും വലിയൊരു ചോദ്യം ബാക്കി നിൽക്കുന്നു. കൊവിഡ് വൈറസിനെ അതിജീവിച്ചെത്തുന്ന നമ്മൾ എങ്ങനെ ജീവിക്കും? കൊവിഡ് 19 കൊണ്ടുവന്ന ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഒരന്വേഷണം. ഇന്നു മുതൽ നാലാം പേജിൽ. തയാറാക്കിയത്: കൺട്രോളിങ് എഡിറ്റർ **സി.പി. രാജശേഖരൻ.**

സാമൂഹിക 'അകലം' പാലിക്കാൻ വേറിട്ട് വാർത്താസമ്മേളനം

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: "വൈകുന്നേരം നാലുമണിക്ക് നടക്കുന്ന കൊറോണ അവലോകന യോഗത്തിനു ശേഷം മുഖ്യമന്ത്രി പിണറായി വിജയൻ മാധ്യമങ്ങളുമായി സംസാരിക്കും. നേരത്തെ അറിയിച്ചതുപോലെ മുഖ്യമന്ത്രി മീഡിയാ റൂമിലും മാധ്യമ പ്രവർത്തകർ പിആർ ചേംബറിലുമായിരിക്കും"- ഈ അറിയിപ്പ് നാലുമണി കഴിഞ്ഞപ്പോൾ മാധ്യമ പ്രവർത്തകർക്കു ലഭിച്ചു.

സംസ്ഥാനത്ത് വീഡിയൊ കോൺഫറൻസിലൂടെ ഔദ്യോഗിക യോഗങ്ങളുൾപ്പെടെ പതിവായിരുന്നെങ്കിലും ഒരു വാർത്താസമ്മേളനം ഔദ്യോഗികമായി ഇങ്ങനെയൊരു സംവിധാനത്തിൽ ഇതാദ്യം. മാധ്യമ മേധാവികളുമായുള്ള യോഗം കഴിഞ്ഞ ദിവസം വിവിധ ജില്ലകളിൽ നിന്ന് വീഡിയൊ കോൺഫറൻസിലൂടെയുള്ള ഒരേസമയം നടത്തിയിരുന്നു. കഴിഞ്ഞ ദിവസം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ വാർത്താസമ്മേളനം ഇതേപോലെ നടത്തിയതു വാർത്തയായിരുന്നു.

സെക്രട്ടേറിയറ്റിന്റെ തെക്കേയറ്റത്തുള്ള ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലെ പിആർ ചേംബറിലാണ് മാധ്യമ പ്രവർത്തകർ ഇരുന്നതെങ്കിൽ വടക്കേ അറ്റത്തു മുഖ്യമന്ത്രിയുടെ ഓഫിസ് പ്രവർത്തിക്കുന്ന ബ്ലോക്കിലെ താഴത്തെ നിലയിലെ നോർത്ത് മീഡിയാ റൂമിലാണ് മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഇരിപ്പിടമൊരുക്കിയത്. ഐ ആൻഡ് പിആർഡി ഡയറക്റ്റർ യു.വി. ജോസ് അഞ്ചര കഴിഞ്ഞപ്പോൾ നേരിട്ടെത്തി ഒരുക്കങ്ങൾ പരിശോധിച്ചു. പ്രസ് റിലീസിന്റെ ചുമതലയുള്ള ഇൻഫർമേഷൻ ഓഫിസർ കെ. സുരേഷ് കുമാറിനായിരുന്നു വാർത്താ സമ്മേളനത്തിന്റെ മേൽനോട്ടം. നോർത്ത് മീഡിയാ റൂമിലുള്ള ചീഫ് ക്യാമറാമാൻ സന്തോഷുമായി സംസാരിച്ച് സുരേഷ് ഒരുക്കങ്ങൾ മൊബൈൽ ഫോണിലൂടെ വിലയിരുത്തി.

പിആർ ചേംബറിലെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ മുറിഞ്ഞോ എന്ന സംശയമുണ്ടായതിനെ തുടർന്ന് രാവിലെ തന്നെ ദൃശ്യമാധ്യമങ്ങളിലെ ബ്യൂറോ ചീഫുമാരുമായി ബന്ധപ്പെട്ട് അതിന്റെ സംവിധാനം പരിശോധിച്ചുറപ്പാക്കി. 14 ചാനലുകൾക്കും ഫെയ്സ്ബുക്കിലും യുട്യൂബിലും തത്സമയ സംപ്രേഷണത്തിന് സൗകര്യമൊരുക്കി. 5.45ന് സ്ക്രീനിൽ കളർ ബാന്റ് പ്രത്യക്ഷപ്പെട്ടതോടെ ചാനലുകളിൽ സാങ്കേതിക തകരാറാണോ എന്ന ആശങ്കയുണ്ടായി. തുടർന്ന് നോർത്ത് മീഡിയാ റൂമിലെ ദൃശ്യം നേരത്തേതുപോലെ കൊടുക്കാൻ ക്രമീകരണമുണ്ടാക്കി. ശബ്ദവിന്യാസം ശരിയാണോ എന്ന് പരിശോധിച്ചുറപ്പിച്ചു.

5.55ന് ചീഫ് സെക്രട്ടറി ടോം ജോസ് മീഡിയാ റൂമിൽ വന്നെത്തി നോക്കി പിൻവലിഞ്ഞത് പിആർ ചേംബറിലിരുന്ന് കണ്ടു. ആറിന് ഒരു മിനിട്ടുള്ളപ്പോൾ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ കെ.കെ. ശൈലജ, ഇ. ചന്ദ്രശേഖരൻ എന്നിവർക്ക് പിന്നാലെ ചീഫ് സെക്രട്ടറിയും ഇരിപ്പിടത്തിലേക്ക്. പതിവുപോലെ മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം. ചോദ്യങ്ങളും ഉത്തരങ്ങളും... വാർത്താസമ്മേളനം അവസാനിപ്പിക്കാൻ നേരം "നാളെയും ഇങ്ങനെതന്നെ ആവാം, അല്ലേ"എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് നിറഞ്ഞ ചിരിയോടെ മാധ്യമ പ്രവർത്തകരുടെ സമ്മതം.

മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയൊ കോൺഫറൻസിലൂടെ വാർത്താസമ്മേളനം നടത്തിയപ്പോൾ.

സ്വർണം

ഗ്രാം	- 3,830
പവൻ	- 30,640

www.facebook.com/metrovaarthaofficial

അനുശോചിച്ചു

പേരാമ്പ്ര : നൊച്ചാട് ഹയർ സെക്കണ്ടറി സ്കൂളിലെ സോഷ്യൽ സയൻസ് അധ്യാപികയായ എ.കെ.നഫീസ യുടെ അകാല നിര്യാണത്തിൽ സ്കൂൾ മാനേജ്മെന്റ്, സ്റ്റാഫ്, പി.ടി.എ, അനുശോചിച്ചു. പി.ടി.എ പ്രസിഡണ്ട് സി.കെ.അശോകൻ, സ്കൂൾ മാനേജർ എ.വി.അബ്ദുള്ള സെക്രട്ടറി, പ്രിൻസിപ്പാൾ സി.അബ്ദുറഹിമാൻ, കെ.എം സുപ്പി, എ.അമ്മത്, വി.ടി. ഇബ്രാഹിം കുട്ടി, പ്രധാനാധ്യാപകൻ കെ. അഷറഫ്, ഡെപ്യൂട്ടി എച്ച് എം, പി.പി. അബ്ദുറഹിമാൻ, സ്റ്റാഫ് സെക്രട്ടറി ടി.പി. അബ്ദുൾ അസീസ്, ടി. മുഹമ്മദ്, കെ.കെ. ഗഫൂർ, പി. ജലീൽ, എ.പി. അസീസ്, കെ.വി. അബു, എം.ബിന്ദു, വി.എം. അഷറഫ്, ആർ. അബ്ദുൽ മജീദ്, കെ.എം. നസീർ എന്നിവർ പത്രകുറിപ്പിൽ അനുശോചനം രേഖപ്പെടുത്തി.

കായണ്ണയിൽ ശുചീകരണം നടത്തി

പേരാമ്പ്ര : കൊറോണ വൈറസ് പടരുന്നത് തടയുന്നതിന്റെ ഭാഗമായി കായണ്ണ സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ കായണ്ണ അങ്ങാടിയും പരിസരവും ശുചീകരിച്ചു. അണുനശിനി ഉപയോഗിച്ചാണ് ശുചീകരണം നടത്തിയത്. ബാങ്ക് പ്രസിഡന്റ് ടി.സി. ജിബിൻ, എ.പി. ജ്യോതിഷ് ബാബു, കെ. രമേശൻ, ഷിജു, അശോകൻ തുടങ്ങിയവർ നേതൃത്വം നൽകി.

കിറ്റ് സമ്പ്രദായം ഏർപ്പെടുത്തി

തലശേരി : 21 ദിവസത്തെ ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് അത്യാവശ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിനും കടകളിലെ തിരക്ക് ഒഴിവാക്കുന്നതിനുമായി തലശേരിയിലെ കടകളിലും സൂപ്പർ മാർക്കറ്റുകളിലും 'കിറ്റ്' സമ്പ്രദായം ഏർപ്പെടുത്തി. ആവശ്യക്കാർ കടകളിൽ എത്തിയാൽ എത്രയും വേഗത്തിൽ അവരെ ഒഴിവാക്കുന്നതിനായാണ് എ.എൻ ഷംസീർ എംഎൽഎ, സബ് കലക്റ്റർ ആസിഫ് കെ. യൂസഫ് എന്നിവരുടെ നിർദേശ പ്രകാരം വ്യാപാരി സംഘനകൾ ഇങ്ങനെ ഒരു തീരുമാനം എടുത്തിട്ടുള്ളത്

ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാൽ കോഴിക്കോട് നഗരത്തിൽ പൊലീസ് വാഹനങ്ങൾ പരിശോധിക്കുന്നു

കോട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ സാനിറ്റൈസറുകൾ കോട്ടൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പ്രിയേഷ് തിരുവോട് ഡോ അബ്ദുൾ ഗഫൂറിന് കൈമാറുന്നു

സാനിറ്റൈസറുകൾ കൈമാറി

പേരാമ്പ്ര : കൂട്ടാലിടയിൽ പ്രവർത്തിക്കുന്ന കോട്ടൂർ പ്രാഥമിക ആരോഗ്യം കേന്ദ്രത്തിൽ കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി കോട്ടൂർ സർവീസ്സഹകരണ ബാങ്ക് അവശ്യമായ സാനിറ്റൈസറുകൾ കൈമാറി. ബാങ്ക് പ്രസിഡന്റ് പ്രിയേഷ് തിരുവോടിൽ നിന്നും ഡോക്റ്റർ അബ്ദുൽ ഗഫൂർ ഏറ്റുവാങ്ങി. ബാങ്ക് സെക്രട്ടറി പി. ജയരാജൻ ചടങ്ങിൽ പങ്കെടുത്തു.

പരിശോധന കർശനമാക്കി എക്സൈസ്

മദ്യവും കഞ്ചാവുമായി രണ്ടുപേർ അറസ്റ്റിൽ

ബാലുശേരി:ബീവറേജുകളും ബാറുകളും താൽക്കാലികമായി അടച്ച സാഹചര്യത്തിൽ ജില്ലയിൽ ലഹരിവസ്തുക്കൾക്കെതിരെ പരിശോധന കർശനമാക്കി. എക്സൈസ് അധികൃതർ നടത്തിയ പരിശോധനയിൽ 4.5 ലിറ്റർ മദ്യവുമായി ഒരാളെ അറസ്റ്റുചെയ്തു, 1.03 കിലോഗ്രാം കഞ്ചാവുമായി മറ്റൊരാളെയും അറസ്റ്റ്ചെയ്തു. കട്ടിപ്പാറ ചുണ്ടൻകുഴിയിൽ നിന്ന് രത്നാകരൻ എന്നയാളെയാണ് മദ്യവുമായി അറസ്റ്റ്ചെയ്തത്. ഉണ്ണികുളം വള്ളിയോത്ത് നിന്ന് മുഹമ്മദ് ഷാഹിൻ (21) ആണ് കഞ്ചാവുമായി പിടിയിലായത്. ഒരു സ്കൂട്ടറും പിടിച്ചെടുത്തു. താമരശേരി എക്സൈസ് സംഘമാണ് ഇരുവരെയും അറസ്റ്റ് ചെയ്തത്.നിരോധനത്തെ തുടർന്ന് അടച്ചിട്ട ക്ലബുകൾ, ബാറുകൾ, ബിയർ പാർലറുകൾ, കള്ള്ഷാപ്പുകൾ തുടങ്ങിയ ലൈസൻസുള്ള എല്ലാ സ്ഥലങ്ങളിലും കള്ള് ചെത്ത് കേന്ദ്രങ്ങളിലും പരിശോധന തുടരും. മുൻകുറ്റവാളികളെ സൂക്ഷ്മമായി നിരീക്ഷിക്കാൻ എല്ലാ സബ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയതായി കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർ അറിയിച്ചു

എല്ലാവർക്കും ഭക്ഷണ ലഭ്യത ഉറപ്പാക്കണം: ജില്ലാ കലക്റ്റർ

കോഴിക്കോട്: കോവിഡ് - 19 വ്യാപനം ഫലപ്രദമായി തടയുന്നതിന് ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിൽ കൂടുതൽ നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും വാർഡ് തല ദ്രുതകർമസേനകൾക്കുമുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് കോഴിക്കോട് ജില്ലാ കലക്റ്റർ സാംബശിവ റാവു ഉത്തരവിറക്കി. നിരീക്ഷണത്തിൽ കഴിയുന്ന വ്യക്തികൾ വീടുകളിൽ പ്രത്യേകം മുറികളിലാണ് കഴിയുന്നതെന്ന് വാർഡ് തല ദ്രുതകർമസേനകൾ ഉറപ്പുവരുത്തണം. ഇവർക്ക് പ്രത്യേകമായി ശുചിമുറികൾ ഉണ്ടായിരിക്കണം. നിരീക്ഷണത്തിൽ കഴിയുന്ന വ്യക്തി മാസ്കുകളും സാനിറ്റൈസറും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇവർക്ക് ഭക്ഷണം നൽകുന്നത് ഒരേ ആൾ തന്നെ ആയിരിക്കണം.നിരീക്ഷണത്തിൽ കഴിയുന്ന വ്യക്തികളുള്ള വീടുകളിൽ ആവശ്യമുള്ള പക്ഷം പൊതുവിതരണ സംവിധാനം വഴി ഭക്ഷണലഭ്യത ഉറപ്പാക്കേണ്ടത് വാർഡുതല ദ്രുതകർമ്മ സേനയുടെ ചുമതലയാണ്. റേഷനിങ് ഇൻസ്പെക്റ്റർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള സാധനങ്ങൾ എത്തിച്ചു നൽകണം.കിടപ്പു രോഗികൾക്കും ആരും സഹായിക്കാനില്ലാത്ത വൃദ്ധർക്കും ഭക്ഷണം എത്തിച്ചു നൽകണം. അനാഥരായവരെയും തെരുവിൽ കഴിയുന്നവരെയും കണ്ടെത്തി അവർക്ക് ഭക്ഷണവും സംരക്ഷണവും എത്തിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപന ദ്രുതകർമ്മ സേനയുടെ ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ സഹായം പ്രയോജനപ്പെടുത്താം. സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ പാചകം ചെയ്ത് ഭക്ഷണപ്പൊതികളായി വിതരണം ചെയ്യാം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓരോ കുടുംബശ്രീ യൂണിറ്റുകൾ കണ്ടെത്തി വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്.ഉത്തരവിൽ പറഞ്ഞ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും ഭക്ഷണം ലഭിക്കുന്നുവെന്ന് ദ്രുതകർമസേന ഉറപ്പുവരുത്തണം. ഇക്കാര്യം ഉറപ്പാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ജില്ലാതലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ടീം രൂപീകരിച്ചിട്ടുണ്ട്. മുൻസിപ്പാലിറ്റി കോർപ്പറേഷൻ പരിധികളിലെ റസ്റ്റോറൻറ്/ ഹോട്ടലുകൾ പാഴ്സൽ സർവീസ് / ഹോം ഡെലിവറിയായി പ്രവർത്തിക്കണം. ഇവിടെയുള്ള ജീവനക്കാർക്കും പാചകത്തൊഴിലാളികൾക്കും ഭക്ഷണം ഡെലിവറി നടത്തുന്ന ജീവനക്കാർക്കുള്ള പാസ് പഞ്ചായത്ത് സെക്രട്ടറിമാർ നൽകണമെന്നും കലക്റ്റർ പറഞ്ഞു.

സാമൂഹ്യ അടുക്കള

പേരാമ്പ്ര: കൊറോണയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നവർക്കും ഒറ്റപ്പെട്ട് കഴിയുന്നവർക്കും കൈത്താങ്ങായി പേരാമ്പ്ര ഗ്രാമപഞ്ചായത്ത്. പേരാമ്പ്ര ജി.യു.പി സ്കൂളിൽ സാമൂഹ്യ അടുക്കള ആരംഭിച്ചു. തെരുവിൽ അന്തിയുറങ്ങുന്നവർക്കും അഗതികൾക്കും ഉച്ച ഭക്ഷണം സൗജന്യമായി നൽകും. ആവശ്യമുള്ള മറ്റുള്ളവർക്ക് 25രൂപയുടെ പാർസൽ ആയി ഭക്ഷണം നൽകും.

മോട്ടോർ തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കണമെന്ന്

കോഴിക്കോട്: കൊറോണ പ്രതിരോധ നടപടികളുടെ ഭാഗമായി സർവീസ് നിർത്തിയ ജില്ലയിലെ മോട്ടോർ തൊഴിലാളികൾക്ക് ആശ്വാസമേകാൻ ക്ഷേമനിധി ബോർഡിൽ നിന്നും അയ്യായിരം രൂപ സാമ്പത്തിക സഹായം നൽകുവാൻ പദ്ധതി ആവിഷ്ക്കരിക്കണമെന്ന് പ്രൈവറ്റ് മോട്ടോർ ആന്റ് എഞ്ചിനീയറിംഗ് വർക്കേഴ്സ് യൂണിയൻ (എ ഐ ടി യു സി) ആവശ്യപ്പെട്ടു. യോഗത്തിൽ പ്രസിഡന്റ് വി ആർ രമേശ്, ജനറൽ സെക്രട്ടറി പി കെ നാസർ, ട്രഷറർ യു സതീശൻ എന്നിവർ സംസാരിച്ചു

ചേലേമ്പ്രയിൽ ക്ഷേമപദ്ധതികൾക്ക് മുൻഗണന നൽകിയ ബജറ്റ്

തേഞ്ഞിപ്പലം: ക്ഷേമ പദ്ധതികൾക്ക് മുൻഗണന നൽകി ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തെ ബജറ്റ് പാസ്സാക്കി. ക്ഷേമ പദ്ധതികൾക്ക് മുൻഗണന നൽകി 6,80,30,000 രൂപയാണ് വകയിരുത്തിയത്. 208335062 രൂപ വരവും 202074400 രൂപ ചെലവും 6260662 രൂപ മിച്ചവും വരുന്ന ബജറ്റാണ് വൈസ് പ്രസിഡണ്ട് കെ ജമീല അവതരിപ്പിച്ചത്. സർക്കാരിൻ്റെ 12 ഇന പരിപാടികൾക്കും ദുരന്തനിവാരണ പദ്ധതിക്കും ഊന്നൽ നൽകുന്ന ബജറ്റാണ് അവതരിപ്പിച്ചത്. ബജറ്റിൽ 5618900 രൂപ ഉൽപാദന മേഖലയിലും 43800000 രൂപ പശ്ചാത്തല മേഖലയിലും വകയിരുത്തിയിട്ടുണ്ട്.ദുരന്തനിവാരണ പദ്ധതിക്ക് 20 ലക്ഷം രൂപയും 12 ഇന പരിപാടിയിൽ പെട്ട വിശപ്പുരഹിത കേരളം പദ്ധതിക്ക് 5 ലക്ഷം, പൊതു ടോയ് ലറ്റിന് 6 ലക്ഷം, തോട് പുനരുജ്ജീവനത്തിന് 5 ലക്ഷം, വയോ ക്ലബ്ബുകൾ, പച്ചക്കറി കൃഷി എന്നിവക്ക് ആവശ്യമായ പണം മാറ്റി വെച്ചിട്ടുണ്ട്.ഭവന നിർമ്മാണം 1.15 കോടി, വനിതാ ക്ഷേമം 32 ലക്ഷം, ശിശുക്ഷേമം 45ലക്ഷം, ഭിന്നശേഷി ക്ഷേമം 35 ലക്ഷം, ആരോഗ്യം 38 ലക്ഷം, വിദ്യാഭ്യാസം 32 ലക്ഷം, പട്ടികജാതി ക്ഷേമം 70 ലക്ഷം എന്നിങ്ങനെ വകയിരുത്തലുകൾ.കഴിഞ്ഞ 4 വർഷങ്ങളായി ചേലേമ്പ്രയിൽ നടന്നുവരുന്ന വികസന കുതിപ്പിന് ആക്കം കൂട്ടുന്ന പദ്ധതികളാണ് ഈ ബജറ്റിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭിന്നശേഷി കുട്ടികൾക്ക് കായികപരിശീലനം ബഡ്ജറ്റിൽ നൂതന പ്രോജക്റ്റുകളിലൊന്നാണ്.

പേരാമ്പ്രയിൽ പരിശോധന കർശനമാക്കി

പേരാമ്പ്ര : കൊറോണ ലോക് ഡൗണിന്റെ മൂന്നാം ദിവസമായ ഇന്നു പരിശോധന കർശനമാക്കി. കഴിഞ്ഞ ദിവസങ്ങളിൽ ബോധവത്കരണവും താക്കീതും മുന്നറിയിപ്പും നൽകിയ പൊലീസ് പരിശോധന കർശനമാക്കി. സർക്കാർ നിർദേശങ്ങൾ പാലിക്കാതെ പുറത്തിറങ്ങുന്നവർക്ക് ഇനി പൊലീസ് കുരുക്ക് മുറുക്കുന്നു. വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുന്നതുൾപ്പെടെയുള്ള നടപടികളിലേക്ക് അധികൃതർ പോവുന്നു. ഇതിന്റെ ഭാഗമായി പേരാമ്പ്രയിലും പരിശോധന കർശനമാക്കി. പട്ടണത്തിൽ വിവിധ ഇടങ്ങളിലായി പരിശോധന നടക്കുകയാണ്. വടകര നാർക്കോട്ടിക് സെൽ ഡിവൈഎസ്പി അശ്വകുമാർ, പേരാമ്പ്ര പൊലീസ് ഇൻസ്പക്റ്റർ കെ. സുമിത്ത് കുമാർ, സബ്ബ് ഇൻസ്പക്റ്റർ പി.കെ. റഊഫ് എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടക്കുന്നത്. വാഹനങ്ങളിലെത്തുന്നവരിൽ

മിക്കവരും കളവ് പറയുന്നതായ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും എല്ലാവരും ആശുപത്രിയിലേക്കെന്നും മരുന്ന് വാങ്ങാനെന്നുമൊക്കെ പറഞ്ഞാണ് ഇറങ്ങുന്നതെന്നും ചില വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്ത് പിന്നീട് വിട്ടയച്ചു. ബുധൻ വ്യാഴം ദിവസങ്ങളിലായി 15 ഓളം മസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു. 5 മണിക്ക് ശേഷം പരിശോധന പൂർണ്ണമായും കർശനമാക്കുമെന്നും പൊലീസ് അറിയിച്ചു.

ലോക്ക് ഡൗൺ:

അത്യാവശ്യക്കാർ കുഴയുന്നു

തലശേരി: കൊറോണ വൈറസ് വ്യാപനത്തെ തടയാൻ ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ വകവെക്കാതെ അനാവശ്യമായി റോഡിലിറങ്ങി വാഹനങ്ങളിൽ കറങ്ങുന്നവർ കാരണം അത്യാവശ്യത്തിന് യാത്ര ചെയ്യുന്നവർ പോലീസിന്റെ തല്ലുകൊള്ളുന്നിടത്തേക്ക് സ്ഥിതിഗതികൾ വഴി മാറിത്തുടങ്ങി. കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി നഗരത്തിന്റെ ചില ഭാഗങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടായി.കൊറോണക്കെതിരായ സംസ്ഥാന സർക്കാരിന്റെ പോരാട്ടത്തിന്റെ ഭാഗമായാണ് സാമൂഹിക അകലം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ആളുകൾ അനാവശ്യമായി പുറത്തിറങ്ങുന്നത് തടഞ്ഞ് കൊണ്ട് മുഖ്യമന്ത്രി ഉത്തരവ് പുറത്തിറക്കിയത്. എന്നാൽ ഇന്നലെ രാവിലെ കണ്ണൂർ കിദ്മ ഡയാലിസിസ് സെന്ററിൽ നിന്നും ഡയാലിസിസ് കഴിഞ്ഞ് തിരിച്ച് വരികയായിരുന്ന 28കാരനായ നിശാലിന് പൊലീസ് മർദ്ദനം ഏൽക്കേണ്ടി വന്നു. ബൈക്ക് യാത്രികനായ ഇദ്ദേഹത്തിന് തലശേരി കൊഓപ്പറേറ്റീവ് ആശുപത്രിക്ക് സമീപത്തു വെച്ചാണ് പൊലീസിന്റെ തല്ല് കൊണ്ടത്. ഡയാലിസിസിന് പോയ പേപ്പറുകൾ കാണിക്കുമ്പോഴേക്കും പിന്നിൽ നിന്ന് അടി കൊണ്ടതായി നിശാൽ പറയുന്നു. തത്സമയം ഒട്ടേറെ ഇരുചക്രവാഹനങ്ങൾ ഇത് വഴി തലങ്ങും വിലങ്ങും കടന്നു പോയിക്കൊണ്ടിരുന്നു.ഇവരിൽ ചിലരെ തടഞ്ഞു പരിശോധിച്ചപ്പോൾ പഴയ മരുന്ന് ശീട്ടുകൾ കാണിച്ച് പോലീസിനെ കബളിപ്പിച്ചു കടന്നു പോവുകയായിരുന്നു. മറ്റ് ചിലർ പോലീസ് സാന്നിധ്യം കണ്ടപാടെ വാഹനങ്ങൾ തിരിച്ച് മടങ്ങിപ്പോയി.സ ഹികെട്ടായിരുന്നു പിന്നീടെത്തിയവർക്ക് നേരെ ലാത്തിവീശിയത്. ഈ സമയം അപരാധികൾ രക്ഷപെട്ടിരുന്നു.ഇത്തരം അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസിന് മേലധികാരികൾ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഒരു കാര്യവുമില്ലാതെ റോഡിലിറങ്ങുന്നത്ത് കാരണം അത്യാവശ്യക്കാർക്ക് ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത സ്ഥിതി വിശേഷമാൺ ഉള്ളത്.

വിലക്ക് ലംഘിച്ച് പ്രവർത്തിപ്പിച്ച ജെസിബി പിടിച്ചെടുത്തു

ഡ്രൈവറും മേൽനോട്ടക്കാരനുമെതിരേ കേസ്തേഞ്ഞിപ്പലം: പെരുവള്ളൂർ - പറമ്പിൽ പീടികയിൽ സർക്കാർ വിലക്ക് ലംഘിച്ച് പ്രവർത്തിപ്പിച്ച ജെസിബി പൊലീസ് പിടിച്ചെടുത്തു. ഡ്രൈവറും മേൽനോട്ടക്കാരനുമെതിരെ കേസ്. ജെസിബിയുടെ ഡ്രൈവർ തമിഴ്നാട് - കൃഷ്ണഗിരി ജില്ല - താന്തൂർ കൃഷ്ണൻ മകൻ കമലേഷൻ (42), മേൽനോട്ടക്കാരനും സഹായിയുമായ ചെട്ട്യാർ മാട് സ്വദേശി സൈത്(48) എന്നിവർക്കെതിരെ പൊലീസ് കേസെടുത്തു. പറമ്പിൽ പീടിക - അറക്കൽ മില്ലിന് സമീപം ഒരു സ്വകാര്യ ഓഡിറ്റോറിയത്തിന് സ്ഥലം നിരപ്പാക്കൽ പ്രവൃത്തിക്കിടെ ഇന്നലെ രാവിലെ 11 മണിയോടെയാണ് ജെ സി ബി പിടിച്ചെടുത്തതെന്ന് തേഞ്ഞിപ്പലം പൊലീസ് വ്യക്തമാക്കിയത്. പള്ളിക്കൽ - വെണ്ണായൂർ, കള്ളിക്കൂടത്തിൽ, ബീരാൻ കുട്ടിയുടെ മകൻ അബ്ദുറഷീദിന്റെ ഉടമസ്ഥതയിലുള്ളതാണ് പിടിച്ചെടുത്ത ജെ സി ബി. കൊറോണയുടെ പശ് ചാത്തലത്തിൽ സർക്കാറിന്റെ വിലക്ക് ലംഘിച്ച് ജെസിബി പ്രവർത്തിപ്പിച്ച കുറ്റത്തിനാണ് പൊലീസ് കേസ്.

തേഞ്ഞിപ്പലം പൊലീസ് പിടിച്ചെടുത്ത ജെ സി ബി

മെഡിക്കൽ കോളെജ് നഗരത്തിൽ സ്ഥാപിക്കുന്നതിനായി ജനറൽ ആശുപത്രി ഒഴിവാക്കിയത് മഞ്ചേരിക്ക് വിനയായി

ബഷീർ കല്ലായി

മഞ്ചേരി: മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളെജ് സ്ഥാപിക്കുന്നതിനായി ജനറൽ ആശുപത്രിയും മാതൃശിശു ആശുപത്രിയും ഒഴിവാക്കിയത് വിനയായതിപ്പോൾ. ഏറെ പ്രതിഷേധങ്ങളും വിമർശനങ്ങളും വകവെക്കാതെയാണ് ജനറൽ ആശുപത്രിയും മാതൃശിശു ആശുപത്രിയും മഞ്ചേരിക്ക് നഷ്ടമാക്കിയത്. മഹാവിപത്തായി കോവിഡ് 19 ലോകത്തെയാകെ ഗ്രസിക്കുന്നതോടൊപ്പം ജില്ലയിലും പടരുന്ന സാഹചര്യത്തിൽ മഞ്ചേരി മെഡിക്കൽ കോളെജ് ആശുപത്രിയെ കൊറോണ രോഗികൾക്ക് മാത്രമായി ഏർപ്പെടുത്തിയിരിക്കയാണ്. ഇതോടെ ഇതര അസുഖങ്ങളുമായി എത്തുന്ന രോഗികളുടെ കാര്യമാണ് അവതാളത്തിലായത്. ജില്ലയുടെ വിവിധ ഭാഗങ്ങളു നിന്നുമായി ഗർഭിണികളടക്കമുള്ള നിരവധി രോഗികൾ ഇന്നലെ ഓ പിയിലും അത്യാഹിത വിഭാഗത്തിലും എത്തി നിരാശരായി മടങ്ങി. മഞ്ചേരി നിവാസികളായ രോഗികൾക്കു പോലും സർക്കാർ ആശുപത്രി ചികിത്സ ലഭിക്കാൻ കിലോമീറ്ററുകൾ താണ്ടേണ്ടി വരുന്നു. മഞ്ചേരിയിൽ ജനറൽ ആശുപത്രിയുടെ അഭാവമാണ് ഈ അവസ്ഥ സംജാതമാക്കിയത്.ജില്ലയിൽ തിരൂർ, പെരിന്തൽമണ്ണ, നിലമ്പൂർ, മലപ്പുറം, തിരൂരങ്ങാടി, പൊന്നാനി ജില്ലാ-താലൂക്ക് ആശുപത്രികളിലേക്കാണ് നിലവിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ മാറ്റിയിരിക്കുന്നത്.

ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശമനുസരിച്ചാണ് സ്പെഷ്യാലിറ്റി ഡോക്റ്റർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ മറ്റു ആശുപത്രികളിലേക്ക് മാറ്റിയത്. ജില്ലയിലെ സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്റ്റർമാരുടെ കുറവുണ്ടെന്ന് ഇക്കഴിഞ്ഞ 25ന് ജില്ലാ കലക്റ്ററുടെ അവലോകന യോഗത്തിൽ കണ്ടെത്തിയിരുന്നു. എന്നാൽ ഈ ആശുപത്രികളെല്ലാം തന്നെ 120 മുതൽ 170 വരെ കിടക്കകൾ മാത്രമുള്ളവയാണ്. എഴുനൂറോളം രോഗികൾക്ക് കിടത്തി ചികിത്സ ലഭിക്കുന്ന ആശുപത്രി ഇല്ലാതാക്കി അഞ്ച് കൊറോണ ബാധിതർക്കും അറുപതിൽ താഴെ മാത്രം നിരീക്ഷണത്തിലുള്ളവർക്കും വേണ്ടി മാറ്റിയതിൽ ഏറെ വിമർശനമുയരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സ നൽകുന്നതിനായി ജനകീയ പങ്കാളിത്തത്തിൽ മഞ്ചേരിയിൽ നിർമ്മിച്ച കെട്ടിടം ഇതിനായി സജ്ജീകരിക്കുന്ന പക്ഷം ഏറെ രോഗികൾക്ക് ഉപയോഗപ്രദമാകുമെന്നും നാട്ടുകാർ അഭിപ്രായപ്പെടുന്നു.കോഴിക്കോട് ജില്ലയിലും സമാനമായി മെഡിക്കൽ കോളെജിനെ കോവിഡ് 19 കൺട്രോൾ ആശുപത്രിയാക്കി മാറ്റിയിട്ടുണ്ടെങ്കിലും അവിടെ ഗവൺമെന്റ് ജനറൽ ആശുപത്രിയുള്ളതിനാൽ ഇതര രോഗികളുടെ ചികിത്സ സംബന്ധിച്ച് പ്രശ്നമുദിക്കുന്നില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലും വുമൺ ആന്റ് ചിൽഡ്രൻ ആശുപത്രിയിലും ഇതര രോഗികൾക്ക് ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്.850 കിടക്കകൾ ഉള്ള ജനറൽ ആശുപത്രിയാണ് മഞ്ചേരിക്കുണ്ടായിരുന്നത്. മാത്രമല്ല ജനകീയ പങ്കാളിത്തത്തോടു കൂടി നിർമ്മിച്ച 300 കുടക്കകളുള്ള മാതൃശിശു ആശുപത്രി ഉദ്ഘാടന സജ്ജമാകുന്നതിനിടെയാണ് മെഡിക്കൽ കോളെജ് ലഭിക്കുന്നത്. മെഡിക്കൽ കോളെജിന് എം സി ഐ നിർദ്ദേശാനുസരണമുള്ള സൗകര്യങ്ങൾ പെട്ടെന്ന് തയ്യാറാക്കുന്നതിനായി നിലവിലെ രണ്ട് ആശുപത്രികളും ഉപയോഗിച്ച് നഗരമധ്യത്തിൽ തന്നെ മെഡിക്കൽ കോളെജ് സ്ഥാപിക്കുകയായിരുന്നു. അധികാരികളുടെ ദീർഘവീക്ഷണമില്ലായ്മയെന്ന് സംശയലേശമെന്യെ പറയാവുന്ന തീരുമാനമായിരുന്നുവെന്നതാണ് ഇപ്പോൾ കാലം തെളിയിച്ചത്. 18 ഏക്കറിൽ ഞെങ്ങിഞെരുങ്ങി പ്രവർത്തിക്കുന്ന മെഡിക്കൽ കോളെജ് ഇപ്പോൾ കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന അവസ്ഥയിലായിരിക്കയാണ്. ജനറൽ ആശുപത്രി മഞ്ചേരിക്ക് നഷ്ടമാവില്ലെന്നും ചെരണി ടി ബി ആശുപത്രിയോടനുബന്ധിച്ച് ഇത് സ്ഥാപിക്കുമെന്നും അധികൃതർ ഉറപ്പു നൽകിയിരുന്നു. പുതിയ കെട്ടിടമടക്കം ചെരണിയിൽ പുതിയൊരു ജനറൽ ആശുപത്രിയെന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കണ്ടതിനാലായിരിക്കണം ഈ പദ്ധതി ചുവപ്പുനാടയിലാണ്. ഇരു സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന മഞ്ചേരി ചുള്ളക്കാട് സ്കൂൾ ഒരിടത്തേക്ക് മാറ്റി എൽ പി വിഭാഗം കെട്ടിടം ജനറൽ ആശുപത്രി ഒപിക്കായി ഉപയോഗിക്കാവുന്നതാണെന്ന് ഒരു അഭിപ്രായം നിലനിൽക്കുന്നുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ നേരത്തെ ട്രൈബൽ സ്കൂൾ ഹോസ്റ്റലായി പ്രവർത്തിച്ചിരുന്ന കവളങ്ങാട്ടെ കെട്ടിടം ഇപ്പോൾ സാമൂഹ്യ വിരുദ്ധർ താവളമാക്കിയിരിക്കയാണ്. ഈ കെട്ടിടം വൃത്തിയാക്കി ജനറൽ ആശുപത്രിക്കായി ഉപയോഗിക്കാമെന്നും വിദഗ്ദർ ചൂണ്ടിക്കാണിക്കുന്നു.

കാക്കൂരിൽ നടത്തിയ റെയ്ഡിൽ പിടിയിലായവരും പിടിച്ചെടുത്ത വാറ്റുപകരണങ്ങളും

വാറ്റുചാരായം സൂക്ഷിച്ചതിന് ഒരാൾ പിടിയിലായി

കാക്കൂർ: വ്യാജവാറ്റ് തടയുന്നതിന് കാക്കൂർ പൊലീസ് വിവിധ കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ ചാരായം സൂക്ഷിച്ചതിന് ഒരാൾ പിടിയിലായി. കാക്കൂർ മാണിക്യം കണ്ടി സത്യൻ (62) ആണ് പിടിയിലായത്.ഇയാളുടെ വീട്ടിൽ നിന്നും ആറ് ലിറ്റർ ചാരായവും 200 ലിറ്റർ വാഷും പോലിസ് കണ്ടെടുത്തു. ലോക് ഡൗൺ പ്രഖ്യാപിച്ചതിന്റെ ഭാഗമായി ബീവറേജസ് ഔട്ട്ലെറ്റുകൾ അടച്ചതിനെ തുടർന്നാണ് നാട്ടിൻ പുറങ്ങളിൽ വാറ്റും വിൽപ്പനയും തകൃതിയായത്. വൈറസ് വ്യാപനം തടയുന്നതിന് പൊലീസ് റോഡുകളിൽ നിരീക്ഷണം നടത്തുന്ന സാഹചര്യം മുതലെടുത്താണ് വാറ്റു കേന്ദ്രങ്ങൾ സജീവമായത്.വിവിധ കേന്ദ്രങ്ങളിൽ വൻ തോതിൽ വാറ്റു നടക്കുന്നതായാണ് പൊലീസിന് ലഭിച്ച വിവരം. ഇൻസ്പെക്റ്റർ മുഹമ്മദ് റാഫിയുടെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ സബ് ഇൻസ്പെക്റ്റർ ആകേഷ്, അഡീഷനൽ എസ്.ഐ നാസർ, രാഗേഷ്, സുമേഷ്, ഡ്രൈവർ ഗംഗേഷ് എന്നിവർ പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 86 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

കൊറോണ കാലത്ത് മക്കൾക്ക് വേണ്ടി ഒന്നിച്ച് ഹൃത്വിക് റോഷനും സുസന്നെയും

ദാമ്പത്യബന്ധം അവസാനിപ്പിച്ച ഒരുപാട് താരങ്ങളുണ്ട്. ഏറെ കാലം വിവാഹിതർ ആയിരുന്നിട്ടും വലിയ ശത്രുതയോടെ പിരിഞ്ഞവരാണ് കൂടുതലും. എന്നാൽ മക്കൾക്ക് വേണ്ടി സൗഹൃദം സൂക്ഷിക്കുന്ന താരങ്ങളാണ് ഹൃത്വിക് റോഷനും മുൻഭാര്യ സുസന്നെയും. വിവാഹമോചിതർ ആണെങ്കിലും ഹൃത്വികും ഭാര്യയായിരുന്ന സുസന്നെയും എല്ലാവർക്കും മാതൃകയാണ്.

പലപ്പോഴും മക്കൾക്ക് വേണ്ടി ഇരുവരും ഒന്നിക്കാറുണ്ട്. ഇപ്പോഴിതാ കൊറോണ വൈറസ് വ്യാപിച്ചിരിക്കുന്ന കാലത്ത് താരകുടുംബം വീണ്ടും ഒന്നിച്ചിരിക്കുകയാണ്. സമൂഹ മാധ്യമത്തിലൂടെ പുറത്ത് വിട്ട കുറിപ്പിലൂടെ ഹൃത്വിക് റോഷൻ തന്നെയാണ് സുസന്നെ വീട്ടിലെത്തിയ കാര്യം പുറംലോകത്തോട് പറഞ്ഞിരിക്കുന്നത്.

ലോക്ഡൗൺ മാസങ്ങളും ആഴ്ചകളും നീണ്ട് പോവുന്നത് കൊണ്ട് സമൂഹത്തിൽ നിന്നും മാറി എല്ലാവരും ഒന്നായി കാണുന്ന കാഴ്ച ഹൃദയസ്പർശിയാണ്. ലോകം മനുഷ്യരാശിയെ കുറിച്ച് സംസാരിക്കുമ്പോൾ മാതാപിതാക്കൾ അവരുടെ കുട്ടികളുടെ ചേർത്ത് നിർത്താനുള്ള അവസരമാണെന്ന് എനിക്ക് തോന്നുന്നു. രാജ്യം മുഴുവൻ ലോക്ഡൗണിലായ സാഹചര്യത്തിൽ മാതാപിതാക്കൾ എന്ന നിലയിൽ കുട്ടികളെ പിരിഞ്ഞ് ഞങ്ങൾക്ക് ജീവിക്കാനാകില്ല. ഈ മഹാമാരിയ്ക്കെതിരേ പൊരുതാൻ ലോകം തന്നെ ഒരുമിച്ചു. ലോകം മുഴുവൻ മനുഷ്യത്വത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മൾ കുട്ടികളുടെ കാര്യം കൂടി ആലോചിക്കണം. അവരെ ചേർത്ത് നിർത്തണം. അച്ഛനും അമ്മയ്ക്കും തുല്യ അവകാശമാണ് ഇക്കാര്യത്തിൽ. അത് ലംഘിക്കാതെ അവരെ അടുപ്പിച്ച് നിർത്താം. ഇതെന്റെ മുൻഭാര്യ സുസന്ന, ഞങ്ങളുടെ കുഞ്ഞുങ്ങളിൽ നിന്നും മാറി നിൽക്കാൻ താത്പര്യമില്ലാത്തതിനാൽ സ്വമേധയാ അവളുടെ വീട്ടിൽ നിന്നും എനിക്കൊപ്പം വന്നു.

ഞങ്ങളുടെ സഹ-രക്ഷകർതൃത്വത്തിൽ വളരെയധികം പിന്തുണ നൽകുന്നതിന് സുസന്നെയ്ക്ക് നന്ദി പറയുകയാണ്. ഞങ്ങൾ അവർക്കായി സൃഷ്ടിച്ച കഥ ഞങ്ങളുടെ കുട്ടികൾ പറയും. നമ്മുടെ പ്രിയപ്പെട്ടവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി പ്രത്യാശിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. സ്നേഹം, സഹാനുഭൂതി, ധൈര്യം, ശക്തി എന്നിവ ഹൃദയത്തോടെ തുറന്ന് പ്രകടിപ്പിക്കാനുള്ള വഴി ഞങ്ങൾ എല്ലാവരും കണ്ടെത്തുകയാണെ എന്നുമാണ് ഹൃത്വിക് കുറിച്ചത്.

സുഹൃത്തുക്കളായിരുന്ന ഹൃത്വിക് റോഷനും സൂസന്ന ഖാനും 2000 ലാണ് വിവാഹിതരാവുന്നത്. ഏറെ കാലത്തെ പ്രണയത്തിനും സൗഹൃദത്തിനുമൊടുവിലായിരുന്നു ഇവരുടെ വിവാഹം. വർഷങ്ങളോളം നീണ്ട ദാമ്പത്യബന്ധം 2014 ൽ അവസാനിച്ചു. ഇരുവർക്കും രണ്ട് ആൺമക്കളാണുള്ളത്. വിവാഹബന്ധം അവസാനിപ്പിച്ചെങ്കിലും എല്ലാ കാലത്തും ഞങ്ങൾ സുഹൃത്തുക്കളായിരിക്കുമെന്ന് ഇരുവരും പറഞ്ഞിരുന്നു. മാത്രമല്ല മക്കൾക്ക് വേണ്ടി ഇരുവരും പലപ്പോഴും ഒന്നിക്കാറുണ്ട്.

കൊറോണയിൽ സംശയപരിഹാരത്തിനായി പ്രിയങ്ക

പ്രിയങ്ക ചൊപ്രയുടെ പ്രവൃത്തി സോഷ്യൽ മീഡിയയിൽ കൈയ്യടി നേടുകയാണ്. കൊറോണയുമായി ബന്ധപ്പെട്ടവരിൽ നിന്ന് തന്നെ ശരിയായ കാര്യങ്ങൾ ചോദിച്ചറിയാനുള്ള അവസരമാണ് പ്രിയങ്ക ചൊപ്ര ഉണ്ടാക്കിയിരിക്കുന്നത്.

പ്രിയങ്ക ഇൻസ്റ്റഗ്രാം ടി.വി. ലൈവിലൂടെ ലോകാരോഗ്യ സംഘടനയിലെ ഡോക്ടർമാരായ ടെഡ്രോസ്, മരിയ വാൻ കെർഖോവ് എന്നിവരുമായി സംസാരിക്കുന്ന വീഡിയോ തന്റെ ഇൻസ്റ്റഗ്രാം അക്കൗണ്ടിലൂടെ പങ്കുവെച്ചിരിക്കുകയാണ് താരം. ആരാധകർ അയച്ച തന്ന ചോദ്യങ്ങളും പൊതുവെ ജനങ്ങൾക്കിടയിൽ ഈ അസുഖവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കകളും നടി ഡോക്ടർമാരുമായി ചർച്ചചെയ്യുന്നത് വീഡിയോയിൽ ഉണ്ട്. വീഡിയോ പങ്കുവെച്ചുകൊണ്ട് പ്രിയങ്ക ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്. കോവിഡ്19മായി ബന്ധപ്പെട്ട വസ്തുതയാണ് എല്ലാവരും തിരയുന്നത്. പക്ഷെ ലഭിക്കുന്നതു പലതും വ്യാജമാണ്. ഇതാണ് ഇത്തരം ഒരു വീഡിയോ ചെയ്യാൻ കാരണമായത്. പ്രവർത്തനങ്ങളിൽ മുന്നിൽ നിൽകുന്ന ലോകാരോഗ്യ സംഘടനയിലെ ഡോ. ടെഡ്രോസ്, ഡോ, മരിയ എന്നിവരാണ് ഇതിൽ ഉള്ളത്. യുണിസെഫിന്റെ ഗുഡ്വിൽ അംബാസഡർ കൂടിയായ പ്രിയങ്ക ഒരുക്കിയ ഈ വീഡിയോ ഹിറ്റാണിപ്പോൾ.

കൊറോണ സിനിമ വ്യവസായത്തെ എങ്ങനെ ബാധിക്കും? എസ് കുമാർ പറയുന്നു

ലോകത്തെ വ്യവസായ മേഖലകളെയാകെ ഉലഞ്ഞിരിക്കുകയാണ് കൊറോണ കാരണം. ഇന്ത്യയിലുൾപ്പെടെ സിനിമാ മേഖലയും പ്രതിസന്ധിയിലാണ്. മോഹൻലാൽ ടൈറ്റിൽ കഥാപാത്രത്തെ അവതരിപ്പിക്കുന്ന പ്രിയദർശൻ ചിത്രം മരക്കാർ ഉൾപ്പെടെ നേരത്തേ തീരുമാനിച്ചിരുന്ന റിലീസുകളൊക്കെ മാറ്റിവച്ചു.

അവ ഇനി എന്ന് റിലീസ് ചെയ്യാനാവുമെന്ന് മഹാമാരിയുടെ ഈ കാലം അവസാനിച്ചാലേ അണിയറപ്രവർത്തകർക്ക് ഇനി തീരുമാനിക്കാനുമാവൂ. കൊവിഡ് 19 മലയാളസിനിമയിൽ ആകെയുണ്ടാക്കുന്ന പ്രത്യാഘാതം എന്തായിരിക്കും, അതേക്കുറിച്ച് പറയുകയാണ് മുതിർന്ന ഛായാഗ്രാഹകനായ എസ് കുമാർ. ഹോളിവുഡ് പോലും ഒരു തകർച്ച മുന്നിൽ കാണുന്നുവെന്ന് പറയുന്നു അദ്ദേഹം. ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് എസ് കുമാറിന്റെ അഭിപ്രായ പ്രകടനം.

കൊറോണയും ലോക്ക് ഡൌണും ഒക്കെ കഴിയുമ്പോൾ മലയാള സിനിമയുടെ അവസ്ഥ എന്തായിരിക്കുമെന്ന് ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഈ വിഷുവിന് ഇറങ്ങേണ്ടിയിരുന്ന മരയ്ക്കാർ, വൺ, കിലോമീറ്റേഴ്സ്, മാലിക്, ഹലാൽ ലൗ സ്റ്റോറി, മോഹൻകുമാർ ഫാൻസ്, ഹിന്ദിയിൽ നിന്ന് സൂര്യവംശി, 1983, തമിഴിൽ മാസ്റ്റർ, അതുംകഴിഞ്ഞ് ഏപ്രിൽ അവസാനം സൂരരൈ പോട്ര്, പിന്നെ പെരുന്നാളിന് വരേണ്ട പ്രീസ്റ്റ് , കുറുപ്പ്, തുറമുഖം പിന്നെ ഇതിനിടയിൽ വരേണ്ട ആനപ്പറമ്പ്, അജഗജാന്തരം, പട , കുഞ്ഞെൽദോ, മാർട്ടിൻ പ്രക്കാട്ട് ബോബൻ കുഞ്ചാക്കോ പടം, വെയിൽ, കുർബാനി, കാവൽ, 2403 ഫീറ്റ്, ഓണത്തിന് വരേണ്ട മിന്നൽ മുരളി, പടവെട്ട്, അജിത്തിന്റെ വലിമൈ, ഉപചാരപൂർവ്വം ഗുണ്ട ജയൻ, മണിയറയിൽ അശോകൻ, ആഹാ, വർത്തമാനം, ലളിതം സുന്ദരം, ചതുർമുഖം പിന്നെയും ഒട്ടനേകം തമിഴ്, ഹിന്ദി ചിത്രങ്ങളും കെജിഎഫും... ഇതെല്ലാം കൂടി എപ്പോൾ ഇറങ്ങും...

ഈ ലോക്ക് ഡൗൺ ഏപ്രിൽ 15 കഴിഞ്ഞു നീളുകയാണെങ്കിൽ ഏപ്രിൽ 21 ന് നോമ്പ് തുടങ്ങും. പിന്നെ പെരുന്നാളിനേ പുതിയ റിലീസുകൾ ഉണ്ടാകൂ. അപ്പോളേക്കും മഴ തുടങ്ങും. ചുരുക്കി പറഞ്ഞാൽ മലയാള സിനിമയിലെ കൊറോണ ഇംപാക്റ്റ് ഈ വർഷാവസാനം ആയാലും തീരുമെന്ന് തോന്നുന്നില്ല.

ഹോളിവുഡിൽ കൊറോണ ഇംപാക്റ്റ് മാറുവാൻ പത്തു വർഷമൊക്കെ എടുത്തേക്കുമെന്നാണ് പറയുന്നത്. ഫാസ്റ്റ് ഫൈവ് ഒക്കെ ഒരു വർഷമാണ് നീട്ടിവെക്കപ്പെട്ടത്. ബോണ്ട് എട്ട് മാസവും. ഇതെല്ലാം കഴിഞ്ഞാലും ജനങ്ങളുടെ കൈയിൽ തീയറ്ററിൽ പോയി സിനിമ കാണുവാനുള്ള സാമ്പത്തിക സ്ഥിതി ഉണ്ടാവണമെന്നില്ല. പിന്നെ അതിൽനിന്ന് കരകയറാൻ സമയം എടുത്തേക്കാം. ലോകം മുഴുവൻ ഒരേയവസ്ഥയായ സ്ഥിതിക്ക് കാര്യങ്ങൾ വല്യ ബുദ്ധിമുട്ടായിരിക്കും. നമ്മുടെ സിനിമാ പ്രവർത്തകർ ഇപ്പോഴേ പ്ലാൻ ചെയ്ത് ഈ അവസ്ഥ നേരിട്ടില്ലെങ്കിൽ ഒരു പക്ഷെ നമ്മുടെ ഈ കൊച്ചു വ്യവസായം തകർന്നു പോയേക്കാം. ഹോളിവുഡ് പോലുള്ള ഭീമൻ വ്യവസായം പോലും തകർച്ച മുന്നിൽ കാണുന്നുണ്ട്.

ADMISSION 2020 - 2021
B.Ed | M.Ed
LLB | LLM
UGC / NCTE / BCI
UPSC / KERALA PSC
APPROVED

GLOBAL ACADEMY®
FOR DISTANCE EDUCATION
Kaloor Jn., Kochi
info@globalacademy.org.in
www.globalacademy.org.in
Ph: 94478 21793, 94476 43193

ആരോഗ്യ & കുടുംബക്ഷേമ മന്ത്രാലയം
ഭാരത സർക്കാർ
Help us to help you

NOVEL CORONAVIRUS(COVID19)
കൊവിഡ്-19 സ്ഥിരീകരിക്കപ്പെട്ട ഒരു വ്യക്തിയുമായി ഞാൻ അടുത്ത് ഇടപഴകിപ്പോയാൽ പിന്നെ ഞാൻ എന്തുചെയ്യണം?
രോഗബാധിതനായ ആളുമായി സമ്പർക്കമുണ്ടായ ദിവസം മുതൽ 28 ദിവസത്തേക്ക് താങ്കൾ സ്വയം നിരീക്ഷണത്തിൽ കഴിയുക
ഇവ ഉണ്ടോ എന്ന് ശ്രദ്ധിക്കുക...
ചുമ
പനി
ശ്വസനത്തിന് ബുദ്ധിമുട്ട്
ലക്ഷണങ്ങളുണ്ടോ? എങ്കിൽ എത്രയും വേഗം...
തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തെ സമീപിക്കുക
ഉപദേശമോ/ ചികിത്സയോ തേടുക
നിങ്ങൾ ആരൊക്കെയുമായി സമ്പർക്കത്തിലേർപ്പെട്ടു എന്നതു സംബന്ധിച്ച വിവരങ്ങൾ നൽകുക
davp 17102/13/0030/1920
കൂടുതൽ വിവരങ്ങൾക്ക്:
സംസ്ഥാന ഹെൽപ്പ് ലൈൻ നമ്പരുകളിലേക്കോ കേന്ദ്ര സർക്കാരിന്റെ ആരോഗ്യ & കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 24x7 ഹെൽപ്പ് ലൈൻ നമ്പരുകളിലേക്കോ വിളിക്കുക
1075 (ടോൾ ഫ്രീ) 011-23978046
Email to : ncov2019@gov.in, ncov2019@gmail.com
mohfw.gov.in @MoHFWIndia @MoHFW_INDIA mohfwindia

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മീനം 14 ശഅ്ബാൻ 1
2020 മാർച്ച് 27 വെള്ളി

പാവപ്പെട്ടവർക്കു കരുത്തായി സാമ്പത്തിക പാക്കെജ്

അനുദിനം സങ്കീർണമാകുന്ന കൊവിഡ് 19 ദുരന്തം നേരിടുന്നതിനു ദ്വിമുഖ സമീപനങ്ങളാണ് ആഗോള സമൂഹം സ്വീകരിക്കുന്നത്. രോഗപ്രതിരോധവും സാമ്പത്തിക നവീകരണവും. ഇന്ത്യയിൽ രോഗം റിപ്പോർട്ട് ചെയ്തതിനു ശേഷം ഇതുവരെയുള്ള നടപടികളെല്ലാം രോഗവ്യാപനത്തെ തടഞ്ഞുനിർത്തുന്നതിൽ വലിയ പങ്കു വഹിച്ചു. രണ്ടാംഘട്ടത്തിൽ ഒതുങ്ങുകയും സമൂഹ വ്യാപനത്തിലേക്കു കടക്കാതിരിക്കുകയും ചെയ്യുന്നതു വലിയ നേട്ടം തന്നെയാണ്. അതിനൊപ്പം തകർച്ച നേരിടുന്ന സാമ്പത്തിക ഘടന കൂടി പിടിച്ചു നിർത്താനുള്ള ശ്രമങ്ങളും ഊർജിതം. അതാണ് രണ്ടാം ഘട്ടമായി ധനമന്ത്രി നിർമല സീതാരാമൻ ഇന്നലെ പ്രഖ്യാപിച്ച 1.7 ലക്ഷം കോടി രൂപയുടെ ഉത്തേജന പാക്കെജ് കാണിക്കുന്നത്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സാമ്പത്തിക ഭദ്രതയും മുഴുവൻ ജനങ്ങളുടെയും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുന്ന പദ്ധതികളാണു മന്ത്രി പ്രഖ്യാപിച്ചത്.

ഒന്നാമത്തേതും പ്രധാനപ്പെട്ടതുമായ പരിശ്രമങ്ങൾ പുരോഗമിക്കുന്നത് രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനും തന്നെ. കഴിഞ്ഞ നൂറ്റാണ്ടുകളിൽ മനുഷ്യകുലത്തെ അപ്പാടെ വിഴുങ്ങാൻ വായ് പിളർന്നെത്തിയ പ്ലേഗ്, കോളറ, മലേറിയ, ഏഷ്യൻ ഫ്ളൂ തുടങ്ങിയവയുടെ നിരയിലാണ് ഈ നൂറ്റാണ്ടിലെ മഹാമാരിയായി കൊവിഡ് 19 പൊട്ടിപ്പുറപ്പെട്ടത്. 194 രാജ്യങ്ങളിലായി 22,000 പേരെ കൊന്നൊടുക്കിയ കൊറോണ ഇന്നല്ലെങ്കിൽ നാളെ മനുഷ്യനു മുന്നിൽ കീഴടങ്ങുമെന്ന കാര്യം ഉറപ്പ്. മഹാമാരിയും മഹാദുരിതങ്ങളും അതിജീവിച്ചു വരുമ്പോൾ നേരിടേണ്ടി വരുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണു ലോകത്തിന്റെ ഉറക്കം കെടുത്തുന്ന രണ്ടാമത്തെ ഘടകം. അത് മറികടക്കാനുള്ള ഉപായങ്ങൾ പയറ്റുകയാണു വികസിത- വികസ്വര രാജ്യങ്ങളെല്ലാം.

കൊറോണ വ്യാപനത്തിൽ നിലവിൽ പിന്നിലെങ്കിലും ഈ വിപത്ത് ദുർബലമാക്കാവുന്ന വൻശക്തികളിലൊന്നാണ് ഇന്ത്യയും. നിലവിൽ പത്തിൽ താഴെ സംസ്ഥാനങ്ങളിൽ മാത്രമാണു രോഗം വ്യാപിച്ചതെങ്കിലും മറ്റു സ്ഥലങ്ങളിലേക്കും പടരാനുള്ള സാധ്യത മുന്നിൽ കണ്ട് മൂന്നാഴ്ചത്തെ ലോക്ക്ഡൗണിലാണു രാജ്യം. ഈ നിർജീവാവസ്ഥ, മൂന്നാഴ്ച കൊണ്ടു മറികടക്കാൻ കഴിയുമെന്നും ഉറപ്പില്ല. ഇപ്പോൾ തുടരുന്നതു പോലെ സമൂഹ വ്യാപനം നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞാൽ വളരെ പെട്ടെന്നു തന്നെ കാര്യങ്ങൾ വരുതിയിലാകും. അല്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ ഗുരുതരമാവുകയും ചെയ്തേക്കാം. ഏതായാലും ഇപ്പോഴത്തെ അവസ്ഥയിൽ ഒൻപതു ലക്ഷം കോടി രൂപയുടെ ഉത്പാദന നഷ്ടമാണു രാജ്യത്തിനു സംഭവിക്കുക എന്നാണു പ്രാഥമിക കണക്ക്. ഇതു മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ആറു ശതമാനത്തിനടുത്തു വരും. ഇന്ത്യയെപ്പോലെ അതിദ്രുതം വളരാൻ വെമ്പുന്ന ഒരു രാജ്യത്തിനു പെട്ടെന്നു താങ്ങാൻ കഴിയുന്നതല്ല, ഈ തകർച്ച.

ജനസംഖ്യയുടെ 85 ശതമാനം വരുന്ന ദുർബല വിഭാഗങ്ങളുടെ ഭക്ഷ്യ സുരക്ഷയ്ക്കാണു പാക്കെജിൽ പ്രാമുഖ്യം. കൊറോണ ഭീതിയിൽ കഴിയുന്ന രാജ്യത്ത് ഒരാളും പട്ടിണി കിടക്കരുതെന്ന അങ്ങേയറ്റം മാനുഷികമായ ദൃഢനിശ്ചയമാണ് പ്രധാനമന്ത്രിയുടെ ജന കല്യാൺ പദ്ധതിയിലൂടെ ഇപ്പോൾ നടപ്പാക്കുന്നത്. പാവപ്പെട്ടവർക്ക് നിലവിൽ ലഭിക്കുന്നതിനു പുറമേ അഞ്ചു കിലോഗ്രാം ധാന്യവും ഒരു കിലോഗ്രാം പയർവർഗവും നൽകും. ബിപിഎൽ വിഭാഗത്തിനു മൂന്നു മാസത്തേക്ക് അധികമായി പാചക വാതകവും ലഭ്യമാക്കും. കാർഷിക സമാശ്വാസ പദ്ധതിയുടെ ഭാഗമായി 8.69 കർഷകർക്ക് അടുത്ത സാമ്പത്തിക വർഷം നൽകേണ്ട 6,000 രൂപയുടെ ആദ്യഗഡുവായ 2,000 രൂപ ഏപ്രിൽ ആദ്യവാരം തന്നെ ലഭ്യമാക്കും. ഇത് ഗ്രാമീണ മേഖലയിൽ താൽക്കാലികമായ സഹായമാകും. അതുപോലെ പ്രധാനമാണു മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് മേഖലയിലെ അഞ്ചു കോടി ആളുകളുടെ വേതന വർധന. നിലവിലെ 182 രൂപ എന്നത് 20 കൂടി വർധിപ്പിച്ച് 202 രൂപയാക്കി നിർമല ഉയർത്തി. പതിനായിരം കോടി രൂപയുടെ അധികവരുമാനമാണ് ഇതുവഴി ഗ്രാമീണ മേഖലയിൽ ലഭിക്കുന്നത്.

ധനകാര്യ സ്ഥാപനങ്ങളിലെ ഇടപാടുകൾക്കു പല വിധത്തിലുള്ള ഇളവുകളും ഈ ദിവസങ്ങളിൽ കേന്ദ്ര സർക്കാർ വരുത്തിയിരുന്നു. നികുതി അടയ്ക്കാനുള്ള തീയതികൾ നീട്ടിയും ബാങ്കുകളിലെ മിനിമം ബാലൻസ് എടുത്തു കളഞ്ഞും എടിഎം ഇടപാടുകൾ ഹ്രസ്വകാലത്തേക്കു സൗജന്യമാക്കിയും മറ്റുമാണ് ഈ നടപടികൾ.

അതിനിടെ, വ്യാവസായിക മേഖലയിലും ഇളവുകളും സൗജന്യങ്ങളും അനുവദിക്കുന്ന മറ്റു ചില പ്രഖ്യാപനങ്ങൾ കൂടി ഉടനുണ്ടാകുമെന്നും നിർമല സീതാരാമൻ ഇന്നലെ സൂചിപ്പിച്ചു. ഒരു ശതമാനം ജിഡിപിക്കു തുല്യമായ 1.5- രണ്ടു ലക്ഷം കോടി രൂപയുടെ പാക്കെജ് ആണ് കോൺഫെഡറേഷൻ ഒഫ് ഇന്ത്യൻ ഇൻഡസ്ട്രി പ്രതീക്ഷിക്കുന്നത്.

ആഗോളതലത്തിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ 2.5 ശതമാനത്തിന്റെ ഇടിവുണ്ടാകുമെന്ന് ലോക ബാങ്ക് കണക്കാക്കുന്നു. കൊവിഡിൽ നിന്നു മുക്തി നേടുന്നതോടെ മിക്ക ലോകരാജ്യങ്ങളിലും ഉത്പാദനത്തിൽ ഇടിവുണ്ടാകും. ഭക്ഷ്യവസ്തുക്കൾക്കടക്കം ക്ഷാമം നേരിടുമെന്നുമുണ്ട് അഭ്യൂഹം. കയറ്റുമതി സമ്മർദത്തിലാകുകയും ഇറക്കുമതി അപകടത്തിലാകുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. രണ്ടിനുമിടയിൽ എങ്ങനെ കരകയറുമെന്നതാണ് ഓരോ രാജ്യവും തലപുകയ്ക്കാൻ പോകുന്നത്. അതിനിടയിൽ ജനങ്ങളുടെ ക്രയശേഷി നിലനിർത്താൻ നടത്തുന്ന ഏതു നീക്കവും ശ്ലാഘനീയം തന്നെ. ഈ പ്രതിസന്ധിഘട്ടത്തിലും അതിനു മുന്നിട്ടിറങ്ങിയ കേന്ദ്ര സർക്കാർ അഭിനന്ദനം അർഹിക്കുന്നു.

അതിജീവിക്കും, പക്ഷേ, എങ്ങനെ ജീവിക്കും?

തോൽക്കില്ല നമ്മൾ 1

സി.പി. രാജശേഖരൻ

കണ്ണൂർ നഗരത്തിൽ നിന്നു പച്ചക്കറി കയറ്റിവന്ന ഒരു ലോറി കഴിഞ്ഞ ദിവസം കോഴിക്കോട് നഗരാതിർത്തിയിൽ പൊലീസ് തടഞ്ഞിട്ടു. ലോക്ക് ഡൗൺ പരിശോധനയുടെ ഭാഗമായിട്ടായിരുന്നു നടപടി. ഡ്രൈവറെ ചോദ്യം ചെയ്യുന്നതിനിടയിലാണു പൊലീസ് ടാർപൊളിൻ വച്ചു മറച്ചു കെട്ടിയ ലോറിയുടെ ഉൾവശത്തേക്ക് ഊളിയിട്ടത്. അവിടെ കണ്ട കാഴ്ച അവരെ ഞെട്ടിച്ചു. ലോറിക്കുള്ളിൽ കുത്തിനിറച്ചിരിക്കുന്നത് പച്ചക്കറികളല്ല. തമിഴ്നാട്ടിലേക്കുള്ള നൂറോളം ആളുകളെ. അവരിൽ സ്ത്രീകളും കുട്ടികളുമുണ്ട്.

ഡ്രൈവറെ കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്തപ്പോൾ കണ്ണൂരിൽ ജോലി നഷ്ടപ്പെട്ടവരാണ് ഇവരെല്ലാമെന്നു മനസിലായി. എല്ലാവരും തമിഴ്നാട്ടിൽ നിന്നുള്ളവർ. വയനാട്ടിൽ കേരള അതിർത്തിയിലെത്തിക്കുന്നതിന് ഓരോരുത്തരിൽ നിന്നും വലിയ തുക യാത്രക്കൂലി വാങ്ങി കടത്തുകയായിരുന്നു ഡ്രൈവർ.

കൊവിഡ് 19 ഭീഷണിയെത്തുടർന്ന് കേരളം സമ്പൂർണ ലോക്ഡൗൺ ആയതു മുതൽ തുടങ്ങിയതാണ് ഇവിടത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ പലായനം. ആർക്കും പണിയില്ലാത്തതാണു കാരണം. പിടിയിലായ എല്ലാവരെയും പൊലീസ് വാഹനത്തിൽ കണ്ണൂരിൽ തിരിച്ചെത്തിച്ച്, പ്രത്യേക നിരീക്ഷണ കേന്ദ്രത്തിൽ താമസിപ്പിച്ച് ഭക്ഷണം നൽകുകയാണിപ്പോൾ പൊലീസ്. ഇവരെ പൊലീസ് എത്രകാലം തീറ്റിപ്പോറ്റും? താമസിക്കുന്നവർക്കും താമസിപ്പിക്കുന്നവർക്കും ഒരു പിടിയുമില്ല.

അടുത്ത മാസം 13 അർധരാത്രി വരെയാണ് ഇപ്പോഴത്തെ ലോക്ക് ഡൗൺ. അതുവരെ ഇവർക്കു കണ്ണൂർ നഗരം വിട്ടു പോകാൻ കഴിയില്ല. ജോലിയൊന്നും കിട്ടാനുമില്ല. ജോലിയും കൂലിയുമില്ലാതെ എങ്ങനെ ജീവിക്കും എന്നാണ് ഇവരുടെ ചോദ്യം. ഏപ്രിൽ 13നു ലോക്ക് ഡൗൺ പിൻവലിക്കുമെന്ന കാര്യത്തിലും ഉറപ്പില്ല. കൊവിഡ് വ്യാപനം ഇപ്പോഴത്തെ നിലയിൽ തുടർന്നാൽ, മേയ് പതിനഞ്ചിനപ്പുറത്തേക്കും നിയന്ത്രണങ്ങൾ തുടർന്നേക്കാം. എന്നു വച്ചാൽ അത്ര കാലവും തടഞ്ഞുവച്ചിരിക്കുന്നവർക്കു മറ്റുവഴികളില്ലെന്നു ചുരുക്കം.

വരാനിരിക്കുന്ന വലിയൊരു വിപത്തിന്റെ വളരെ ചെറിയൊരു ചിത്രം മാത്രമാണിത്. അതേസമയം, ലോകത്തിനു തന്നെ വലിയ മാതൃക നൽകിയാണ് ഇന്ത്യയിൽ കൊവിഡ് പ്രതിരോധം പുരോഗമിക്കുന്നത്. ജനങ്ങൾ നന്നായി സഹകരിച്ചാൽ കൊവിഡിനെ ഫലപ്രദമായി ചെറുക്കാൻ കഴിയുമെന്ന് ലോകാരോഗ്യ സംഘടന. പക്ഷേ, കൊവിഡ് കീഴടങ്ങുന്നതിനു മുൻപു തന്നെ ലോകത്തെ കീഴടക്കിയ സാമ്പത്തിക മാന്ദ്യം എങ്ങനെ മറികടക്കാൻ കഴുയുമെന്നാണ് ധനകാര്യ വിദഗ്ധർ തലപുകയ്ക്കുന്നത്. കൊവിഡ് അതിജീവനത്തിനു വലിയ തോതിലുള്ള സാമ്പത്തിക പാക്കെജുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ എങ്ങനെ ഉപകാരപ്പെടും എന്ന് ഉറപ്പില്ല.

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്നലെ പ്രഖ്യാപിച്ചത് 1.70 ലക്ഷം കോടി രൂപയുടെ കേന്ദ്ര പാക്കെജും മുഖ്യമന്ത്രി പിണറായി വിജയൻ വളരെ നേരത്തേ പ്രഖ്യാപിച്ച ഇരുപതിനായിരം കോടിയുടെ പാക്കെജും താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങൾക്കപ്പുറം സ്ഥായിയായ ജീവിതമാർഗത്തിന് ഉപകരിക്കുമെന്നു തോന്നുന്നില്ല. എൺപതു കോടിയിൽപ്പരം പാവപ്പെട്ടവർക്ക് അടുത്ത മൂന്നു മാസത്തേക്ക് സൗജന്യ റേഷൻ അനുവദിച്ചതാണ് ഈ പാക്കെജിന്റെ ഏറ്റവും വലിയ ജനകീയ മുഖം. പക്ഷേ, അതൊരു താൽക്കാലിക സംവിധാനം മാത്രം. മൂന്നു മാസം കഴിയുമ്പോൾ അവശ വിഭാഗത്തെ സ്വന്തം കാലിൽ നിർത്താൻ എന്തു വഴി എന്നതാണു കാതലായ ചോദ്യം.

2008ൽ ലോകം കണ്ട സാമ്പത്തിക മാന്ദ്യത്തെക്കാൾ വളരെ മോശമാണു വരാനിരിക്കുന്ന മാന്ദ്യം. കൊവിഡ് വൈറസുകൾ മൂലമുണ്ടാകുന്ന ഉത്പാദന നഷ്ടം ഏകദേശം ഒൻപതു ലക്ഷം കോടി രൂപയുടേതായിരിക്കുമെന്നും ഇവർ പ്രതീക്ഷിക്കുന്നു. ഒന്നര ലക്ഷം കോടി രൂപയിൽ കൂടുതൽ ഉത്പാദന നഷ്ടം സംഭവിച്ചാൽ ജിഡിപിയിൽ ഒരു ശതമാനത്തിന്റെ ഇടിവുണ്ടാകും. ഒൻപതു ലക്ഷം കോടി രൂപയുടെ ഇടിവ് മൂലം ജിഡിപിയിൽ ആറു ശതമാനം വരെ ഇടിയും. ഇപ്പോൾത്തന്നെ അഞ്ചു ശതമാനത്തിൽ താഴെ നിൽക്കുന്ന ജിഡിപിയിൽ ഇത്രയും വലിയൊരു ഇടിവുണ്ടായാൽ രാജ്യത്തിന്റെ വളർച്ച പൂജ്യത്തിലും താഴേക്കു പോകും. അതിനെന്താണു പരിഹാരം?

ആനന്ദ് മഹീന്ദ്ര

മാർഷൽ പുനരുദ്ധാരണ മാതൃക

കൊവിഡ് 19 ആക്രമണത്തെ രണ്ടാം ലോക മഹായുദ്ധത്തോടാണ് ഇന്ത്യൻ വ്യവസായിയും മഹീന്ദ്ര ഗ്രൂപ്പ് ചെയർമാനുമായ ആനന്ദ് മഹീന്ദ്ര താരതമ്യം ചെയ്യുന്നത്. "ലോകമഹായുദ്ധങ്ങളിൽ ജയിച്ചവരും തോറ്റവരുമുണ്ട്. എന്നാൽ കൊവിഡ് പ്രതിരോധ യുദ്ധത്തിൽ ആരും ഇതുവരെ വിജയിച്ചിട്ടില്ല. എല്ലാവരും പരാജിതരുമാണ്. അതുകൊണ്ടു തന്നെ എല്ലാ രാജ്യങ്ങൾക്കും വിജയിച്ചേ തീരൂ. ഇന്നല്ലെങ്കിൽ നാളെ ഇവരെല്ലാം കൊവിഡ് 19നെ ചെറുത്തു തോല്പിക്കും. പക്ഷേ, അപ്പോഴേക്കും മിക്കവരും സാമ്പത്തികമായ തകർച്ചയുടെ വക്കിലെത്തും. അത് മറികടക്കാൻ കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ യുഎസ് പരീക്ഷിച്ച മാർഷൽ മാതൃകയിലുള്ള സാമ്പത്തിക പാക്കെജുകൾ വേണം. ആഗോളതലത്തിൽ ഒന്നല്ല, ഓരോ രാജ്യത്തിനും പ്രത്യേകം പ്രത്യേകമായ നിക്ഷേപക ബദലാണു വേണ്ടത്. കാർഷിക-വ്യാവസായികാടിസ്ഥാനത്തിൽ ഇന്ത്യക്കു മാത്രമായി വിപുലമായ പദ്ധതി വേണം." അദ്ദേഹം ചൂണ്ടിക്കാടി.

എന്താണു മാർഷൽ മാതൃക? രണ്ടാം ലോക മഹായുദ്ധം തകർത്തു തരിപ്പണമാക്കിയ യൂറോപ്പിനെ സാമ്പത്തികമായി കരകയറ്റുന്നതിന് അന്നത്തെ യുഎസ് ഭരണകൂടം കൊണ്ടുവന്ന സാമ്പത്തിക പാക്കെജ് ആണ് മാർഷൽ മോഡൽ. അന്നത്തെ യുഎസ് സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ജോർജ് സി. മാർഷൽ ആയിരുന്നു അതിന്റെ സൂത്രധാരൻ. 1300 കോടി യുഎസ് ഡോളറിന്റെ പാക്കെജാണ് അന്നു മാർഷൽ യൂറോപ്പിനു വേണ്ടി പ്രഖ്യാപിച്ചത്. പടിഞ്ഞാറൻ യൂറോപ്പിലെയും തെക്കൻ യൂറോപ്പിലെയും 17 രാജ്യങ്ങളായിരുന്നു ഗുണഭോക്താക്കൾ. സഖ്യരാജ്യങ്ങൾക്കു മാത്രമല്ല, ശത്രുരാജ്യമായിരുന്ന ജർമനിക്കും കിട്ടി അതിന്റെ ആനുകൂല്യം. കൃഷി, വ്യവസായം എന്നീ അടിസ്ഥാന മേഖകളിലെ എല്ലാ നിയന്ത്രണങ്ങളും നീക്കി, ഉത്പാദന മേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്താൻ മാർഷലിനു കഴിഞ്ഞു. ഓരോ രാജ്യത്തിനും വേണ്ടത് ആദ്യം ഉത്പാദിപ്പിക്കുക, കയറ്റുമതിക്ക് ആവശ്യമായവ പിന്നീടും നിർമിക്കുക എന്നതായിരുന്നു മാർഷലിന്റെ ഫോർമുല. ഇന്നത്തെ യൂറോപ്പിന്റെ വളർച്ചയ്ക്കും പുരോഗതിക്കും ഈ മാതൃക വലിയ തോതിൽ ഗുണം ചെയ്തു.

ഇന്ത്യയ്ക്കു മുന്നിലും ഇതുതന്നെയാണു മാർഗമെന്നു പറയുന്നു ആനന്ദ് മഹീന്ദ്ര. കൊവിഡ് വരുന്നതിനും വളരെ മുൻപേ തുടങ്ങിയ തൊഴിൽ നഷ്ടം വരുന്ന ഏതാനും മാസങ്ങൾക്കുള്ളിൽ പാരമ്യതയിലെത്തും. ദിവസവേതനക്കാരായ പാവപ്പെട്ടവരും സ്വയംതൊഴിൽ കണ്ടെത്തിയ ചെറുകിട കച്ചവടക്കാരുമൊക്കെയാവും കൂടുതൽ പ്രതിസന്ധിയിലെത്തുക. അവരെയാണ് ആദ്യം പരിഗണിക്കേണ്ടത്. തൊഴിൽമേഖയിലുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ കൊറോണയെക്കാൾ വേഗത്തിൽ യുവതലമുറയെ വിഷാദ രോഗം പിടികൂടുമെന്നും മുന്നറിയിപ്പ് നൽകുന്നു, ആനന്ദ മഹീന്ദ്ര. ദരിദ്രരുടെയും ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണവും കൂടും. ജോർജ് സി. മാർഷലിനെപ്പോലെ ഇന്ത്യയിലെ കാർഷിക-വ്യാവസായിക ഉത്പാദന മേഖല എത്രയും വേഗം പരിപോഷിപ്പിക്കണം. വൻകിടസ്ഥാപനങ്ങളല്ല, എംഎസ്എംഇ, സ്വയം തൊഴിൽ സ്റ്റാർട്ട് അപ് പദ്ധതികൾ കൂടുതൽ ഉദാരമാക്കുകയും ജനങ്ങളുടെ ക്രയശേഷി പരമാവധി ഉയർത്തുകയും ചെയ്യാതെ കൊറോണ തളർച്ചയിൽ നിന്നു രാജ്യം കരകയറില്ലെന്നും ആനന്ദ് മഹീന്ദ്ര പറയുന്നു.

(തുടരും)

വായിച്ചു വിളയാം, പരിശീലിച്ചു പഠിക്കാം

ഫിഷ് ഐ

ഇ.ആർ. വാരിയർ

മലയാള കലാ,സാഹിത്യ ശാഖകളിലെ രണ്ടു പ്രഗത്ഭമതികളുടെ ചരമദിനമായിരുന്നു ഇന്നലെ. ഇന്ത്യൻ സിനിമയിലെ തന്നെ നടനവിസ്മയം സുകുമാരി അന്തരിച്ചത് 2013 മാർച്ച് 26ന്. കുട്ടിക്കവിതകൾ കൊണ്ട് മലയാളക്കരയിലെ പൊക്കക്കാരനായ കുഞ്ഞുണ്ണിമാഷ് ഇഹലോകവാസം വെടിഞ്ഞത് 2006 മാർച്ച് 26ന്. തികച്ചും അസാധാരണമായി നാടൊന്നാകെ വീട്ടിലിരിക്കുന്ന കാലത്ത് എന്തുചെയ്യാനാവുമെന്ന ചിന്തകളിൽ ഇവരെക്കുറിച്ചുള്ള ഓർമകൾ കൂടിയാവാം. അത് ചെറിയ മനുഷ്യർ തീർത്ത വലിയ ലോകത്തെക്കുറിച്ച് നമ്മെ ഓർമിപ്പിക്കും. ഈ കാലം സമ്പന്നമാക്കാൻ അതുപകരിക്കുകയും ചെയ്യും.

വീടിനു പുറത്തിറങ്ങാനാവാത്ത അവധിക്കാലമാണിത്. കൊറോണയെ തുരത്താനുള്ള അടച്ചിരിപ്പുകാലം. സാമൂഹിക അകലം സ്വയം പാലിക്കാനുള്ള സമയം.

"വലിയൊരു ലോകം
മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക"

എന്നാണു കുഞ്ഞുണ്ണി മാഷ് പറഞ്ഞുവച്ചത്. വീട്ടിലിരിക്കാൻ പൊലീസ് ഓടിച്ചുവിട്ടിട്ടു വേണ്ട എന്നു സാരം. മൂന്നാഴ്ച നാടു മുഴുവൻ വീട്ടിൽ തന്നെ! ഇങ്ങനെയൊരു കാലം ഇനി നമ്മുടെയൊന്നും ജീവിതത്തിൽ ഉണ്ടാവുമെന്നു കരുതാനാവില്ല. അതെങ്ങനെ ക്രിയാത്മകമാക്കാം, ഉപകാരപ്രദമാക്കാം. അതേക്കുറിച്ചൊരു ചിന്ത കുഞ്ഞുണ്ണി മാഷിൽ നിന്നു തന്നെ തുടങ്ങാം.



കുഞ്ഞുണ്ണി മാഷിന്റെ കുട്ടിക്കവിതകളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് നാലുവരി കുറിക്കണമെന്ന് തോന്നുന്നുണ്ടോ? മെട്രോ വാർത്തയിലേക്ക് അയയ്ക്കൂ. പരമാവധി എട്ടുവരി. ഏറ്റവും മികച്ച രചനകൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. രചനകൾ 70340 41234 എന്ന നമ്പരിൽ അയയ്ക്കുക.

കാൺമതു കേൾപ്പതു നൂറുപറ
കരളിൽ കൊള്ളുവതാറുപറ
കവിതയിലാകുവതൊരുപറ
അപ്പറ നൂറു പറയ്ക്കും മേപ്പറതാൻ-

സർഗ സൃഷ്ടികളിൽ താത്പര്യമുള്ളവർക്ക് ഈ വരികൾ മനസിൽ ഉറപ്പിക്കാം. തൊഴിൽശാലകളില്ല, പഠനശാലകളില്ല, പുറത്തുകറങ്ങാൻ വിനോദ കേന്ദ്രങ്ങളില്ല, സമയം ആർക്കും വിട്ടുകൊടുക്കാനില്ല. 24 മണിക്കൂറും നമുക്കു വേണ്ടി മാത്രം. ഉള്ളിലുള്ള സർഗസൃഷ്ടികളുടെ വികാസത്തിന്, പരിശീലനത്തിന് ഇതിലൊരു ഭാഗമെങ്കിലും ഉപയോഗിക്കാം. പൊക്കമില്ലായ്മയാണ് എന്റെ പൊക്കം എന്നു കുഞ്ഞുണ്ണി മാഷ് കുറിച്ചതുപോലെ സമയമില്ലായ്മയാണ് എന്റെ സമയം എന്നു കരുതിയിരുന്നവർക്കൊക്കെ 24 മണിക്കൂറും സ്വന്തമായി കിട്ടുകയാണല്ലോ.

നൂറു പറയ്ക്കും മേലെയുള്ള പറ ഇന്നോ നാളെയോ നമുക്കു കിട്ടണമെന്നില്ല. പക്ഷേ, അഭിരുചിയുള്ളവർക്ക് ഹരിശ്രീ കുറിക്കാനുള്ള സമയമാണിത്. സ്കൂൾ വിദ്യാർഥിയായിരിക്കെ കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾ വായിച്ചു വായിച്ചാണ് കുഞ്ഞുണ്ണി മാഷ് സാഹിത്യത്തിലേക്ക് കാലുറപ്പിക്കുന്നതെന്നു കുട്ടികൾ അറിയണം. തുള്ളൽ കൃതികൾ സ്വയം എഴുതി അവതരിപ്പിച്ചാണ് സാഹിത്യ വിദ്യാർഥിയുടെ രംഗപ്രവേശവുമുണ്ടായത്.

കുഞ്ഞുണ്ണി മാഷിന്റെ പ്രധാന സവിശേഷത ഭാഷാശുദ്ധിയാണ്. വ്യക്തമായ ഭാഷ, അതേസമയം ലളിതമായ ഭാഷ. മലയാളം തന്നെ വികൃതവും അന്യവുമാകുന്ന കാലത്ത് എങ്ങനെ നന്നാക്കാം നമ്മുടെ ഭാഷ എന്നുകൂടി വായനയ്ക്കും എഴുത്തിനുമിടയിൽ ആലോചിക്കാവുന്നതാണ്. കേരളത്തിനു പുറത്തുള്ളവർക്കായാലും മലയാളം പഠിക്കാനുള്ള അവസരമാക്കി മാറ്റാം ഈ വീട്ടുവാസം. കുഞ്ഞുണ്ണിക്കവിതകളിൽ നിന്നു തന്നെ ആവേശം ആർജിക്കാം.

വായന, അതു പാഠപുസ്തകങ്ങളുമാവാം എന്നതാണു വിദ്യാർഥികൾ, പ്രത്യേകിച്ച് ഉന്നതപഠനത്തിലുള്ളവർ ഉറപ്പിക്കേണ്ടത്. ഇത്രയേറെ 'സ്റ്റഡി ലീവ്' ഉപയോഗപ്പെടുത്തിയില്ലെങ്കിലോ. ഇനി പരീക്ഷയുടെ പുതിയ ടൈം ടേബിൾ വന്ന ശേഷമേ പഠനമുള്ളൂ എന്നു ശപഥം ചെയ്തിരിക്കുകയാവും ചില കുട്ടികൾ. അവർക്കു നഷ്ടപ്പെടുന്നത് ഇനിയൊരിക്കലും തിരിച്ചുകിട്ടാത്ത, കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നില്ലാത്ത അവസരം. കൂട്ടുകൂടിയും പാട്ടുപാടിയും നടന്നിരുന്നപ്പോൾ മാറ്റിവച്ച പഠനം മൂന്നാഴ്ചത്തെ സ്പെഷ്യൽ ടൈം ടേബിൾ പ്രകാരം ക്രമീകരിച്ച് ഭാവിയിലേക്കു സ്വയം ഒരുങ്ങാൻ ഈ ദിവസങ്ങൾ ഉപയോഗിക്കാം.

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും

കുഞ്ഞുണ്ണി മാഷിന്റെ പ്രശസ്തമായ വരികൾ. നമുക്ക് വായിച്ചു വിളയാം.

നൃത്തം, അഭിനയം തുടങ്ങി ഏതൊരു കലയുമായി ബന്ധപ്പെട്ട അഭിരുചികളുള്ളവർക്കും അതു സ്വയം പരിപോഷിപ്പിക്കാൻ ലഭിക്കുന്ന എക്സ്ട്രാ സമയമാണിത്. കലോത്സവകാലത്ത് ഏതാനും ബിറ്റുകളെടുത്തു കാണാപാഠം പഠിക്കാൻ വെപ്രാളപ്പെടുന്ന പതിവിൽ നിന്നു മാറി താത്പര്യമുള്ള ഇനങ്ങളിൽ സ്വയം അറിവും പരിശീലനവും നേടാൻ ഈ അവസരം ഉപയോഗിക്കാം.

പത്താം വയസിൽ നൃത്തരംഗത്തിലൂടെ സിനിമയിലെത്തി ആറു പതിറ്റാണ്ടുകാലം അഭിനയ രംഗത്തു വിസ്മയമായി നിലകൊണ്ട സുകുമാരിയമ്മയെക്കാൾ ഇതിനു പ്രചോദനമാകാൻ കഴിയുന്ന മറ്റൊരു താരമുണ്ടാവുമോ. രണ്ടായിരത്തിലേറെ സിനിമകളിലെ എണ്ണമറ്റ കഥാപാത്രങ്ങൾ. അതും തീരെ ചെറുപ്പത്തിൽ തന്നെ നിരവധി മുതിർന്ന കഥാപാത്രങ്ങൾ. ഏതു വേഷം കിട്ടിയാലും യാതൊരു മടിയുമില്ലാതെ ഏറ്റവും മികച്ച രീതിയിൽ അഭിനയിച്ചു ഫലിപ്പിച്ച് തന്റെ ജോലി ഭംഗിയാക്കിയ സുകുമാരി കലാലോകത്തിനു തന്നെ റോൾ മോഡലാണ്. താത്കാലിക പ്രതിഭ-തിലകപ്പട്ടങ്ങൾക്കപ്പുറം നീണ്ടകലാസപര്യ സ്വപ്നം കാണുന്നവർക്ക് ഈ വീട്ടിലിരുപ്പ് നാളെയ്ക്കുള്ള മുതൽക്കൂട്ടാക്കാം. സമയമാണ് എല്ലാത്തിനും വഴിയൊരുക്കുന്നത്. നഷ്ടപ്പെടുന്ന സമയം പിന്നെയൊരിക്കലും വീണ്ടുകിട്ടില്ലെന്ന ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ വരികളും ഓർക്കാം.

മെട്രോ സയൻസ്

ആരും അറിയാതെ കടന്നുപോയ സഞ്ചാരികൾ

ഈ കൊറോണാവൈറസ് കാലത്ത് നാല് അസ്റ്ററോയിഡുകൾ ഭൂമിയെ കടന്ന് പോയി. നാസയാണ് ഇക്കാര്യം പുറത്തുവിട്ടത്. ഈ നാല് ഛിന്ന ഗ്രഹങ്ങളും ഭൂമിക്ക് നാശനഷ്ടങ്ങളുണ്ടായില്ലെന്നും പറയുന്നു.

നാസയുടെ നിയർ-എർത്ത് ഓബജക്റ്റ്സ് സ്റ്റഡീസ് (സിഎൻഇഒഎസ്) ആണ് ഇവയെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവിട്ടത്. മാർച്ച് 22, 23 ദിവസങ്ങളിലാണ് ഇവ കടന്നു പോയത്. ഇവയ്ക്ക് സിഎൻഇഒഎസ് നൽകിയിരിക്കുന്ന പേരുകൾ 2020 FK, 2020 FS, 2020 DP4, 2020 FFI എന്നിങ്ങനെയാണ്. ഇവയിൽ എഫ്കെയാണ് ഏറ്റവും ചെറുത്- 43 അടി വ്യാസം. അത് മണിക്കൂറിൽ 37,000 കിലോമീറ്റർ വേഗത്തിലാണ് വരുന്നത്. ഭൂമിയുടെ അടുത്തു നിന്ന് 1.36 ദശലക്ഷം കിലോമീറ്റർ അകലെക്കൂടെ ആയിരിന്നു സഞ്ചാരം.

കൊവിഡും പാശ്ചാത്യലോകവും

കെ.എൻ. ഗണേശ്

ദുരന്തം ചൂഴ്ന്നു നിൽക്കുന്ന അവസ്ഥയിൽ ഉയർന്ന ഒരു ചിന്ത. നമ്മുടെ ഇടയിൽ രണ്ടു തരക്കാരുണ്ട്. ഒരു കൂട്ടർ എന്തും വന്നോട്ടെ നമുക്ക് പരിഹാരം കാണാൻ കഴിയും എന്നാലോചിക്കുന്നവരാണ്. മറ്റൊരു കൂട്ടർ എങ്ങിനെ ഒഴിവാക്കാം എന്ന് ആലോചിക്കുന്നവരാണ് ഇവരിൽ ചൈനക്കാരും പൊതുവെ കിഴക്കേ ഏഷ്യൻ രാജ്യങ്ങളും രണ്ടാമത്തെ വകുപ്പിൽ പെട്ടവരാണ്. അവരുടെ വൈദ്യശാസ്ത്രവും ആരോഗ്യ സംവിധാനവും വികസിക്കാത്തതുകൊണ്ടല്ല അത്. അവർ കോവിഡ് വ്യാപനത്തെ ഒരു സാമൂഹ്യവിപത്തായി കാണുകയും അത് തടയാനുള്ള നടപടി എടുക്കുകയും ചെയ്തു. അതിന്റെ ഫലമായി വുഹാൻ പ്രവിശ്യയിലടക്കം സ്ഥിതി നിയന്ത്രണവിധേയമാകുകയാണ്. അവർ അപകടം തരണം ചെയ്തിട്ടില്ല. ചെറിയ പ്രതീക്ഷയുണ്ട്

എന്നാൽ നമ്മുടെ പാശ്ചാത്യ സായിപ്പന്മാരോ? അവർ എല്ലാ വിജ്ഞാനത്തിന്റെയും തലതൊട്ടപ്പന്മാരാണ്. നമ്മൾ എന്ത് മരുന്ന് കഴിക്കണംഎന്ത് ഭക്ഷിക്കണം എന്നു പോലും തീരുമാനിക്കുന്നത് അവരാണ്. ലോകമാസകലം ഓടി നടന്നു ആവശ്യത്തിനും അനാവശ്യത്തിനും ഉപദേശം നൽകുന്നവരും അവരാണ്. അവരെ വൈറസ് ബാധിച്ചപ്പോൾ എന്തൊക്കെയാണ് കാണിച്ചുകൂട്ടുന്നത്? സാമൂഹ്യവിപത്തായി കണ്ടു തടയാനുള്ള നടപടിയെടുക്കുന്നതിനു പകരം അവർ രോഗത്തിന് ചികിത്സിക്കുകയും അല്ലെങ്കിൽ മരുന്നുണ്ടാക്കാൻ ഓടിനടക്കുകയും അതുവഴി തടയേണ്ടുന്ന ഒന്നിനെ മഹാമാരി ആക്കുകയുമാണ് ചെയ്തത്. കോവിഡ് ഒരു രാജ്യത്തിൽ നിന്നു മറ്റൊരു രാജ്യത്തിലേക്ക് വ്യാപിക്കുമ്പോൾ രാജ്യതലവർ വരെ നിരീക്ഷണതിൽ പെടുമ്പോൾ യൂറോപ്യൻ യൂണിയനും യുഎൻഒയും എന്തെടുക്കുകയായിരുന്നു?

ട്രംപ് തുടർച്ചയായി പോസ്റ്റിടുന്നത് അല്ലാതെ വേറൊന്നും ചെയ്യുന്നതായി കാണുന്നില്ല. അയാൾ ഇപ്പോൾ എല്ലാവരോടും നിലവിളിച്ച് സഹായത്തിനു അഭ്യർഥിക്കുകയാണ്. ഗൾഫ് രാജ്യങ്ങളുടെയും സ്ഥിതി ഒട്ടുംഭേദമല്ല. ഇവിടെ നിന്നൊക്കെ വന്നവരാണല്ലോ നമ്മുടെയിടയിലും വൻവിപത്ത് വിതച്ചിരിക്കുന്നത്

ഇവരുടെ പ്രശ്നം വ്യക്തമാണ്. ശാസ്ത്രസാങ്കേതിക വിദ്യകളുടെ അഭാവമല്ല പ്രശ്നം. മുതലാളിത്ത ലാഭവ്യവസ്ഥക്കു വേണ്ടി ഇവരുടെ സാമൂഹ്യസംവിധാനങ്ങൾ മുഴുവനും തകർത്തുകളഞ്ഞതാണ്. അതുകൊണ്ട് ഇരു മഹാമാരി തടയാൻ ഒന്നുകിൽ മരുന്ന് നൽകി പറ്റുമെങ്കിൽ ചാകാതെ നിർത്തണം.അല്ലെങ്കിൽ സർക്കാർ നടപടികൾ വഴി എല്ലാം അടച്ചിടേണം. രണ്ടിടത്തും സമൂഹം ഇല്ല. സമൂഹം ഇല്ലെങ്കിൽ എങ്ങിനെ സമൂഹവ്യാപനത്തെ തടയാം? ചൈനക്കാരുടെ ഇടയിൽ സമൂഹം ഉണ്ട് എന്നല്ലേ അവർ തെളിയിക്കുന്നത്? സ്വന്തം സേഫ് സോണിൽ ഇരുന്നു മറ്റുള്ളവരെ ഉപദേശിക്കുന്നതും മണ്ണിൽ ഇറങ്ങി പോരാടുന്നതും വ്യത്യാസമുണ്ട് എന്നും ഇതു കാണിക്കുന്നില്ലേ? അങ്ങിനെ സേഫ് സോണിൽ ഇരിക്കാതെ എന്ത് ചെയ്യാം എന്ന് കൊച്ചു ക്യൂബയിലെ ഡോക്റ്റർമാർ തെളിയിക്കുന്നില്ലേ?.

വിമർശനവുമായി ബ്രിട്ടീഷ് പൗരന്റെ മകൾ, രാജ്യാന്തര നിലവാരമെന്ന് കലക്റ്റർ

കൊച്ചി: കോവിഡ് ചികിത്സയിലുള്ള ബ്രിട്ടീഷ് പൗരന് കളമശേരി മെഡിക്കൽ കോളെജിൽ മികച്ച ചികിത്സ ലഭിക്കുന്നില്ലെന്ന ബ്രിട്ടീഷ് മാധ്യമ വാർത്തകളുടെ മുനയൊടിച്ച് ജില്ലാ ഭരണകൂടം. മെഡിക്കൽ കോളെജ് ഐസൊലേഷൻ വാർഡിന്റെ രാജ്യാന്തര സൗകര്യങ്ങൾ പുറത്തുവിട്ടാണ് അധികൃതർ വിമർശനത്തിന് മറുപടി നൽകിയത്.

കളമശേരിയിൽ ചികിത്സയിൽ കഴിയുന്ന ബ്രിട്ടീഷ് പൗരന്റെ മകളാണ് വിമർശനവുമായി രംഗത്തുവന്നത്. നിരീക്ഷണത്തിൽ കഴിയാനുള്ള അധികൃതരുടെ നിർദേശം അവഗണിച്ച് നെടുമ്പാശേരിയിലെത്തിയ 19 അംഗ ബ്രിട്ടീഷ് യാത്രാ സംഘത്തിലെ 76കാരന്റെ മകളാണ് കേരളത്തിലെ കോവിഡ് ചികിത്സയെ വിമർശിച്ചത്. കേരളത്തിലെ വൃത്തിയില്ലാത്ത ആശുപത്രിയിലാണ് തന്റെ പിതാവിനെ പ്രവേശിപ്പിച്ചിരിക്കുന്നതെന്നും കിടക്കയോ കൃത്യമായ ഭക്ഷണമോ കിട്ടുന്നില്ലെന്നും ബ്രിട്ടീഷ് പൗരന്റെ മകൾ പരാതി ഉന്നയിച്ചു. 'ദി ഗാർഡിയൻ' അടക്കമുള്ള മാധ്യമങ്ങൾ ഇത് ഏറ്റുപിടിച്ചതിനു പിറകെയാണ് കളമശേരിയിലെ മെഡിക്കൽ കോളെജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡ് ചിത്രം അധികൃതർ പുറത്തുവിട്ടത്.

ഐസൊലേഷനിൽ കഴിയുന്ന ഓരോ രോഗിക്കും ബാത് റൂം അറ്റാച്ച് ചെയ്ത പ്രത്യേക മുറികളാണ്. വിദേശികളായ രോഗികൾക്ക് അവർക്ക് ഇഷ്ടമായ മെനു അനുസരിച്ചാണ് ഭക്ഷണം നൽകുന്നത്. രാജ്യാന്തര നിലവാരത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നതെന്ന് ജില്ലാ കലക്റ്റർ എസ്. സുഹാസ് പറഞ്ഞു. നിലവിൽ ബ്രിട്ടീഷ് പൗരൻ അടക്കം കളമശേരിയിൽ ചികിത്സയിലുള്ള ആറുപേർ രോഗമുക്തരായിട്ടുണ്ട്. ആറു ദിവസത്തെ ചികിത്സയിലൂടെയാണ് ഈ മാറ്റം. ഇതിനിടയാണ് മെഡിക്കൽ കോളെജ് സൗകര്യങ്ങളെ വിമർശിച്ച് ബ്രിട്ടീഷ് പൗരന്റെ മകൾ രംഗത്ത് വന്നത്.

കൊവിഡ് കെയർ കേന്ദ്രമായ കളമശേരി മെഡിക്കൽ കോളെജിന് പ്രത്യേക ശ്രദ്ധയാണ് നിലവിൽ ജില്ലാ ഭരണകൂടം നൽകുന്നത്. ആശുപത്രി മുറികൾ ആറ് തവണ ശുചീകരിക്കുന്നുണ്ട്. നാല് മണിക്കൂർ ഷിഫ്റ്റിൽ ആറ് മെഡിക്കൽ സംഘം ഇവരെ പരിചരിക്കുന്നു. ഇറ്റലിയിൽ നിന്നെത്തിയ കുട്ടിക്ക് ഇഷ്ട ഭക്ഷണമായ പാസ്ത അടക്കം എത്തിച്ച് രോഗീപരിചരണത്തിൽ മികച്ച മാതൃകയാണു ജില്ലാ ഭരണകൂടം കാണിച്ചത്.

സ്കൂളുകൾ വിട്ടുനൽകാമെന്ന് കെഎസ്ആർഎസ്എംഎ

തിരുവനന്തപുരം: കൊറോണ വൈറസ് സംസ്ഥാനത്ത് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ നിരീക്ഷണ കേന്ദ്രങ്ങൾക്കായി അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ വിട്ടുനൽകാൻ തയ്യാറാണെന്ന് അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളുടെ സംഘടനയായ കെആർഎസ്എംഎ സർക്കാരിനെ അറിയിച്ചു.

മുഴുവൻ സമയവും വൈദ്യുതിയും വെള്ളവും ഉൾപ്പെടെ ലഭ്യമാകുന്ന മെച്ചപ്പെട്ട കെട്ടിടങ്ങളാണ് അൺ എയ്ഡഡ് സ്കൂളുകളുടേത്. ബഹുഭൂരിപക്ഷം സ്കൂളുകളും വലിയ ചുറ്റുമതിലിനാൽ സംരക്ഷിതവുമാണ്. ഈ അവസരത്തിൽ നിരീക്ഷണത്തിലുള്ള രോഗികളെ പാർപ്പിക്കാൻ ആവശ്യമുള്ളത്ര കെട്ടിടങ്ങൾ അൺ എയ്ഡഡ് സ്കൂളുകൾക്കുണ്ട്. ഈ അടിയന്തിര ഘട്ടത്തെ അതിജീവിക്കാൻ ഇവ സർക്കാരിനു വിട്ടു നൽകും.

വൈറസ് വ്യാപനത്തെ തടയാൻ സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും സംഘടന പിന്തുണ പ്രഖ്യാപിച്ചു. ആരോഗ്യ രംഗത്തെ കേരള മോഡൽ ലോകത്തിന് തന്നെ മാതൃകയാണ് എന്നും കേരള അംഗീകൃത സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.കെ. മുഹമ്മദ് ഹാജിയും ജനറൽ സെക്രട്ടറി ആനന്ദ് കണ്ണശയും പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. ലോക്ക് ഡൗൺ പ്രഖ്യാപിച്ച സമയത്ത് തെരുവിൽ കഴിയുന്ന ആളുകളുടെ പോലും വിശപ്പടക്കാനുള്ള കരുതലുമായി സർക്കാർ മുന്നോട്ട് പോകുമ്പോൾ സമൂഹം ഒറ്റക്കെട്ടായി സർക്കാരിന്റെ കൂടെ നിൽക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

കെഎസ്ആർടിസിക്ക് കനത്ത നഷ്ടം

കൊച്ചി: കോവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലേക്കു നീങ്ങുന്ന കെഎസ്ആർടിസിക്ക് 21 ദിവസ ലോക്ക്ഡൗൺ കനത്ത ആഘാതം സൃഷ്ടിച്ചേക്കുമെന്ന് ജീവനക്കാർ. സർവീസുകൾ കൂട്ടത്തോടെ നിർത്തലാക്കിയത് സാമ്പത്തിക നഷ്ടം വരുത്തും. ഇതിനു പുറമേ ഇത്രയും ദിവസം നിർത്തിയിടേണ്ട സാഹചര്യം ഉണ്ടായത് ബസുകളുടെ ബാറ്ററിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് ജീവനക്കാർ പറഞ്ഞു.

ഭൂരിഭാഗം ബസുകളും കാലപ്പഴക്കം ചെന്നവയാണ്. നിലവിൽ ഒരുദിവസത്തെ സർവീസിന് ശേഷം തൊട്ടടുത്തദിവസം ബസ് സ്റ്റാർട്ട് ചെയ്യുമ്പോൾപ്പോലും ബാറ്ററി ഡൗൺ ആകുന്ന സാഹചര്യമുണ്ട്. തുടർച്ചയായി 21 ദിവസം ബസുകൾ സ്റ്റാർട്ട് ചെയ്യാതാകുന്നതോടെ അവയുടെ പ്രവർത്തനം കൂടുതൽ അവതാളത്തിലാകുമെന്നാണ് വാദം.

കെഎസ്ആർടിസിയുടെ ചരിത്രത്തിലാദ്യമായാണ് ഇത്രയും ദിവസം സർവീസ് നിർത്തിവയ്ക്കേണ്ടി വരുന്നത്. ബസുകളുടെ കേടുപാടുകൾ സ്വാഭാവികമായി നടത്തുന്നതിന് വലിയ തിരിച്ചടിയാകും. ഇതിന് പരിഹാരം ഇടയ്ക്ക് ബസുകൾ സ്റ്റാർട്ട് ചെയ്യുക എന്നതു മാത്രമാണ്. അതു ചെയ്തില്ലെങ്കിൽ 21 ദിവസത്തിനുശേഷം മുഴുവൻ ബസുകളും സർവീസിന് ഇറക്കാൻ കഴിയാതെ വരും. 24 മുതൽ എല്ലാ യൂണിറ്റിലേയും ഓഫിസുകളിൽ ജീവനക്കാരുടെ ശമ്പളവിതരണത്തോടനുബന്ധിച്ച് ജോലി ചെയ്യുന്ന മിനിമം ജോലിക്കാർ മാത്രമാണുള്ളത്.

പാൽ വിപണി പിന്നോട്ട്; പ്രതിസന്ധിയിലായി മിൽമ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: പാൽ വിപണി പിന്നോട്ടായതും സംഭരിക്കുന്ന പാൽ ഉപയോഗിക്കുന്നതിന് ലോക്ഡൗൺ വെല്ലുവിളിയായതും മൂലം മിൽമ പ്രതിസന്ധിയിലേക്ക്. ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണ ക്രമാതീതമായി വർധിക്കുകയും സമ്പൂർണ ലോക്ഡൗണിന്റെ ഭാഗമായി പാലിന്റെയും പാലുത്പന്നങ്ങളുടെയും വിൽപനയിൽ കാര്യമായ കുറവ് വരികയും ചെയ്ത സാഹചര്യത്തിൽ മേഖലാ യൂണിയനുകളിൽ വിൽപ്പന കഴിച്ച് ബാക്കിവരുന്ന പാൽ പൊടിയാക്കുന്നതിലാണ് മിൽമ വെല്ലുവിളി നേരിടുന്നത്.

ഇതര സംസ്ഥാനങ്ങളിൽ കൊണ്ടുപോയി കൺവേർട്ട് ചെയ്ത് പാൽപ്പൊടിയാക്കുന്നതിന് ഭാരിച്ച ചെലവാണ്. സംസ്ഥാന അതിർത്തികളിൽ ഏർപ്പെടുത്തിയിട്ടുള്ള കടുത്ത നിയന്ത്രണങ്ങൾമൂലം പാൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകാൻ ബുദ്ധിമുട്ടുമാണ്. സംസ്ഥാനത്തെ പാൽപ്പൊടി ഫാക്റ്ററികളിലെ സൗകര്യങ്ങളുടെ കുറവും മിൽമയെ വലയ്ക്കുന്നു.

അതേസമയം, അവശ്യ സർവീസായി അംഗീകരിച്ചിട്ടുള്ള പാൽ സംഭരണം, സംസ്കരണ, വിതരണത്തിലേർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും സുരക്ഷാ മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും പാലിച്ചുകൊണ്ട് തങ്ങളുടെ കർത്തവ്യം നിർവഹിക്കുകയാണ്.

കേരളത്തിൽ 3500ഓളം ക്ഷീര സഹകരണ സംഘങ്ങൾ വഴി ലക്ഷക്കണക്കിന് ക്ഷീരകർഷകരിൽ നിന്നു പ്രതിദിനം 13 ലക്ഷത്തോളം ലിറ്റർ പാൽ മിൽമ സംഭരിച്ച് സംസ്കരിച്ച് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. പ്രാഥമിക ക്ഷീര സംഘങ്ങളിലെ ജീവനക്കാരും പാൽ സംഭരണ വിതരണ വാഹനങ്ങളിലെ ആയിരക്കണക്കിന് തൊഴിലാളികളും മിൽമയിലേയും കാലിത്തീറ്റ ഫാക്റ്ററികളിലെയും മേഖലാ യൂണിയനുകളിലേയും മൂവായിരത്തോളം ഉദ്യോഗസ്ഥരും ജീവനക്കാരുമടങ്ങുന്ന വലിയ മനുഷ്യശൃംഖലയാണ് സമ്പൂർണ ലോക്ക്ഡൗണിലും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്.

സർക്കാരിന്റെ സഹായം അനിവാര്യം

സംസ്ഥാന സർക്കാരിന്റെ സഹായം അനിവാര്യമാണ്. മറ്റു സംസ്ഥാനങ്ങളിലും സമാനമായ സ്ഥിതി നിലനിൽക്കുന്നതുകൊണ്ട് പാൽപ്പൊടി ഫാക്റ്ററികളിലെ സൗകര്യങ്ങളും പരിമിതമാണ്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എല്ലാവരുടെയും സഹകരണം അനിവാര്യമാണ്. കർഷകരിൽ നിന്നും പാൽ സംഭരിച്ച് സംസ്കരിച്ച് ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുന്ന ഭരിച്ച ഉത്തരവാദിത്വമാണ് മിൽമ ഏറ്റെടുത്തിരിക്കുന്നത്. വലിയ റിസ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവാദിത്വം നിറവേറ്റുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു.

പി. എ. ബാലൻ, മിൽമ ചെയർമാൻ

പാൽ ഉപഭോഗത്തിൽ കുറവ്

കൊച്ചി: ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ മധ്യകേരളത്തിൽ പാൽ ഉപഭോഗത്തിൽ കുറവ് വന്നിട്ടുള്ളതായി മിൽമ. 23ന് 3.42 ലക്ഷം ലിറ്റർ പാൽ വിറ്റിരുന്ന സ്ഥാനത്ത് 24നും 25നും അത് 2.5 ലക്ഷം ലിറ്ററായി കുറഞ്ഞു. അതിനിടെ കടകമ്പോളങ്ങൾ അടച്ചതോടെ സൊസൈറ്റിയിലേക്ക് എത്തുന്ന പാലിന്റെ അളവ് വർധിച്ചിട്ടുള്ളതായി മധ്യമേഖല ചെയർമാൻ ജോൺ തെരുവത്ത് പറഞ്ഞു.

പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 21ന് മുമ്പ് കർഷകരിൽ നിന്നും സ്വീകരിച്ചിരുന്ന അളവിലെ പാൽ സ്വീകരിക്കാവു എന്ന് സൊസൈറ്റികൾക്ക് നിർദേശം നൽകിയിട്ടുണ്ടെങ്കിലും അളവിൽ കൂടുതൽ പാൽ കർഷകർ എത്തിച്ചാൽ എടുക്കാതിരിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. സ്ഥിരം പാൽ വാങ്ങിയിരുന്ന ഹോട്ടലുകൾ, കാറ്ററിങ് യൂണിറ്റുകൾ എന്നിവ നിശ്ചലമായിരിക്കുകയാണ്. ഇത് മിൽമക്ക് തിരിച്ചടിയായിട്ടുണ്ട്. അതേസമയം പരമാവധി പാൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും മിൽമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

930 ക്ഷീര സംഘങ്ങളിൽ നിന്നാണ് ഇപ്പോൾ മധ്യമേഖലയിൽ പാൽ സംഭരിക്കുന്നത്. അത് ഇനിയും തുടരും. സാധ്യമാകുന്നിടത്തോളം മേഖലാ യൂണിയൻ കീഴിലുള്ള എല്ലാ സ്ഥലങ്ങളിലും പാൽ എത്തിക്കുകയും ചെയ്യും. എറണാകുളം, ഇടുക്കി, തൃശൂർ, കോട്ടയം ജില്ലകളിലാണ് മധ്യമേഖല യൂണിയൻ പാൽ എത്തിക്കുന്നത്.

വാർത്താസംഘത്തെ ആക്രമിച്ചതിൽ പ്രതിഷേധം

കോഴിക്കോട്: വെള്ളയിൽ ബെവറിജസ് കോർപ്പറേഷൻ ഗോഡൗണിൽ വാർത്ത ശേഖരിക്കാനെത്തിയ ജനം ടിവി.വാർത്താസംഘത്തെ മർദിച്ച സംഭവത്തിൽ കേരള പത്രപ്രവർത്തക യൂണിയൻ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു.

ഗോഡൗണിൽ മദ്യം ഇറക്കുന്ന ദൃശ്യങ്ങൾ ചിത്രീകരിച്ച ജനം ടിവി റിപ്പോർട്ടർ എ.എൻ. അഭിലാഷ്, ക്യാമറാമാൻ കെ. ആർ. മിഥുൻ എന്നിവരെയാണ് ഒരു സംഘം അട്ടിമറി തൊഴിലാളികൾ വളഞ്ഞുവച്ച് മർദിച്ചത്. ഒടുവിൽ പൊലീസെത്തിയാണ് ഇവരെ രക്ഷിച്ചത്. മർദനത്തിൽ പരുക്കേറ്റ അഭിലാഷും മിഥുനും ഇപ്പോൾ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

വാർത്ത ശേഖരിക്കാൻ പോയവരെ ആക്രമിച്ചവർക്കെതിരേ കടുത്ത നടപടിയെടുക്കണം. കുറ്റവാളികൾക്കെതിരേ വധശ്രമത്തിന് കേസെടുത്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ പൊലീസ് തയ്യാറാവണമെന്ന് ജില്ലാ പ്രസിഡന്റ് എം. ഫിറോസ് ഖാനും സെക്രട്ടറി പി.എസ്. രാകേഷും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

കേന്ദ്രത്തിന് മതിപ്പെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: കേരളത്തിലെ കൊവിഡ് സംബന്ധിച്ച പ്രവർത്തനങ്ങളിൽ കേന്ദ്രസർക്കാർ മതിപ്പ് രേഖപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. പ്രധാനമന്ത്രി നരേന്ദ്ര മോദി ചുതലപ്പെടുത്തിയതനുസരിച്ച് കേന്ദ്രമന്ത്രി ഡി.വി. സദാനന്ദ ഗൗഡ വിളിച്ചപ്പോഴാണ് ഇക്കാര്യം പറഞ്ഞത്. എല്ലാ വിവരങ്ങളും അന്വേഷിച്ചു. പല കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് നിരീക്ഷിക്കുന്നുണ്ട്. ചില വിവരങ്ങൾ പ്രധാനമന്ത്രി ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന് കൈമാറുന്നുണ്ട്.

കേന്ദ്ര ധനമന്ത്രി കൊവിഡ് പാക്കേജ് പ്രഖ്യാപിച്ചതിനെ മുഖ്യമന്ത്രി സ്വാഗതം ചെയ്തു. തൊഴിലുറപ്പ് പദ്ധതിയുടെ വേതനം വർധിപ്പിക്കുന്നതുൾപ്പെടെ കേരളം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനം ഏറ്റെടുത്ത പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ കേന്ദ്ര പാക്കേജിനെ ഉപയോഗിക്കാമെന്നാണ് കരുതുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ബാങ്കുകൾ നൽകുന്ന സ്വർണവായ്പ നാലു ശതമാനം പലിശ നിരക്കിൽ തിരിച്ചടയ്ക്കാനുള്ള അവസാന തീയതി മാർച്ച് 31ൽ നിന്ന് ജൂൺ 30 വരെയായി നീട്ടണമെന്ന് കേന്ദ്ര കൃഷിമന്ത്രാലയത്തോടു സംസ്ഥാന സർക്കാർ കഴിഞ്ഞയാഴ്ച ആവശ്യപ്പെട്ടിരുന്നു. ജൂൺ 30 വരെ കാലാവധി ദീർഘിപ്പിക്കണമെന്നു കേന്ദ്ര ധനമന്ത്രാലയം റിസർവ് ബാങ്ക് ഗവർണർക്ക് ഇപ്പോൾ നിർദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ നാം ഉന്നയിച്ച പ്രധാനപ്പെട്ട ഒരു ആവശ്യമാണ് അംഗീകരിക്കപ്പെടുന്നതെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ഡിഫൻസ് ഫോഴ്സിൽ അംഗമാകാൻ ആയിരങ്ങൾ

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധം ശക്തമാക്കാൻ സംസ്ഥാന യുവജന കമ്മിഷൻ സജ്ജമാക്കുന്ന സന്നദ്ധസേനയിലേക്ക് യുവജന പ്രവാഹം. കമ്മിഷന്റെ യൂത്ത് ഡിഫൻസ് ഫോഴ്സിൽ ഒറ്റ ദിവസം കൊണ്ട് ആയിരത്തിലധികം പേർ രജിസ്റ്റർ ചെയ്തു. ഇതിൽ 1465 പേർ കുട്ടിരിപ്പുകാരാകാൻ സന്നദ്ധത അറിയിച്ചവരാണ്. മുവായിരത്തിലധികം പേർ മറ്റു സന്നദ്ധ പ്രവർത്തനങ്ങൾക്കും തയാറാണ്.

ചലച്ചിത്ര പ്രവർത്തകരായ മേജർ രവി, ടൊവിനോ തോമസ്, സണ്ണി വെയ്ൻ, പൂർണിമ ഇന്ദ്രജിത്, അരുൺ ഗോപി തുടങ്ങിയവർ കുട്ടിരിപ്പുകാരാകാൻ തയാറായവരിൽ ഉൾപ്പെടും. രജിസ്റ്റർ ചെയ്തവരുടെ പട്ടിക കമ്മിഷൻ ചെയർപേഴ്സൺ ചിന്ത ജെറോം യുവജനകാര്യ മന്ത്രി ഇ.പി. ജയരാജനു കൈമാറി. കുട്ടിരിപ്പിന് തയാറായവരുടെ പട്ടിക ആരോഗ്യ വകുപ്പിനും മറ്റുള്ളവരുടെ പട്ടിക സന്നദ്ധപ്രവർത്തന ചുമതലയുള്ള തദ്ദേശ സ്വയംഭരണ വകുപ്പിനും കൈമാറുമെന്ന് ഇ.പി. ജയരാജൻ അറിയിച്ചു.

സന്നദ്ധപ്രവർത്തനത്തിന് യുവജനങ്ങൾ രംഗത്തിറങ്ങണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനപ്രകാരമാണ് ആരോഗ്യ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും സന്നദ്ധരായവരെ തങ്ങളുടെ വെബ്സൈറ്റിലൂടെ കമ്മിഷൻ ക്ഷണിച്ചത്. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് കമ്മിഷൻ പുസ്തക കിറ്റ് എത്തിക്കുകയും മാനസിക പിരിമുറുക്കം കുറയ്ക്കാൻ സഹായകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തുവരുന്നു.

മഹാമാരി നേരിടാൻ കൂടുതൽ യുവജനങ്ങൾ മുന്നോട്ടു വരണമെന്ന് ചിന്ത ജെറോം പറഞ്ഞു. കമീഷൻ കോ-ഓഡിനേറ്റർമാരായ എം. രൺദീഷ്, ആർ .മിഥുൻ ഷാ എന്നിവർ സന്നിഹിതരായിരുന്നു. യൂത്ത് ഡിഫൻസ് ഫോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുകയാണ്. https://forms.gle/Q6jWkHLHL4CRjWfb8 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 8086987262, 92885 59285, 9061304080.

വിലക്കയറ്റം: 12 പേർക്കെതിരെ കേസ്, 143 കടകളിൽ പരിശോധന

തിരുവനന്തപുരം: അവശ്യവസ്തുക്കളുടെ വിലക്കയറ്റം തടയാൻ ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാന, മേഖലാ, ജില്ലാ തലങ്ങളിൽ കൺട്രോൾ റൂം ആരംഭിച്ച് മിന്നൽ പരിശോധന ശക്തമാക്കി. സിവിൽ സപ്ലൈസ് വകുപ്പുമായി ചേർന്നുള്ള സംയുക്ത പരിശോധനാ സ്ക്വാഡുകളും രൂപീകരിച്ചു. കഴിഞ്ഞദിവസം സംസ്ഥാന വ്യാപകമായി 143 കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തി. നിയമലംഘനം നടത്തിയ 12 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. കഴിഞ്ഞ നാല് ദിവസങ്ങളായി 697 കടകളിൽ പരിശോധന നടത്തുകയും 73 പേർക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് കൺട്രോൾ റൂമിലും 1800 425 4835 എന്ന ടോൾ ഫ്രീ നമ്പരിലും സുതാര്യം എന്ന മൊബൈൽ ആപ്പിലും lmd.kerala.gov.in എന്ന വെബ്സൈറ്റിലും പരാതികൾ അറിയിക്കാം.

കൺട്രോൾ റൂം നമ്പരുകൾ: കൺട്രോളർ ഓഫീസ് - അസിസ്റ്റന്റ് കൺട്രോളർ (ഹെഡ് ക്വാർട്ടേഴ്സ്): 8281698007, ദക്ഷിണ മേഖല ഡെപ്യൂട്ടി കൺട്രോളർ, തിരുവനന്തപുരം: 8281698002, മധ്യമേഖല ഡെപ്യൂട്ടി കൺട്രോളർ, എറണാകുളം: 8281698003, ഉത്തര മേഖല ഡെപ്യൂട്ടി കൺട്രോളർ, കോഴിക്കോട്: 8281698004, തിരുവനന്തപുരം അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698020, കൊല്ലം അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698028, പത്തനംതിട്ട അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698035, ആലപ്പുഴ അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698043, കോട്ടയം അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698051, ഇടുക്കി അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698057, എറണാകുളം അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698067, തൃശൂർ അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698084, പാലക്കാട് അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698092, മലപ്പുറം അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698103, കോഴിക്കോട് അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698115, വയനാട് അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698120, കണ്ണൂർ അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698127, കാസർകോട് അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിങ് സ്ക്വാഡ്) : 8281698132.

പൊലീസുകാരനുമായി തർക്കം: വീണ്ടും വിവാദവുമായി സക്കീർ ഹുസൈൻ

കൊച്ചി: ലോക്ക്ഡൗൺ ദിനത്തിൽ വഴി തടഞ്ഞ പൊലീസുകാരനോട് തട്ടിക്കയറുന്നതായി പ്രചരിച്ച ദൃശ്യത്തിൽ വിശദീകരണവുമായി സിപിഎം കളമശേരി ഏരിയ സെക്രട്ടറി സക്കീർ ഹുസൈൻ. കെഎസ്എഫ്ഇയിൽ ജീവനക്കാരിയായ ഭാര്യയെ ജോലിക്ക് എത്തിക്കാനായാണ് പോയതെന്നു ഫെയ്സ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്ത വോയ്സ് നോട്ടിൽ സക്കീർ ഹുസൈൻ വിശദീകരിച്ചു. ഇക്കാര്യം പറഞ്ഞിട്ടും പൊലീസുകാരൻ പോകാൻ അനുവദിച്ചില്ലെന്നും തർക്കത്തിന്റെ ഒരു ഭാഗം മാത്രം അടർത്തിയെടുത്ത് പ്രചരിപ്പിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

ബുധനാഴ്ച ആലുവ മുട്ടത്തുവെച്ച് ഇരുവരും സഞ്ചരിച്ച ബൈക്ക് തടഞ്ഞ പൊലീസുകാരനോട് 'ഞാൻ സക്കീർ ഹുസൈൻ, സിപിഎമ്മിന്റെ കളമശേരി ഏരിയ സെക്രട്ടറി' എന്നു പറയുന്ന വീഡിയോയാണ് സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചത്. ബോധവത്ക്കരിക്കാനാണ് ശ്രമിച്ചതെന്ന് പൊലീസുകാരൻ പറയുമ്പോൾ ഇങ്ങനെയല്ല ബോധവത്ക്കരിക്കേണ്ടതെന്നും സക്കീർ ഹുസൈൻ പറയുന്നുണ്ട്. എന്നാൽ, പൊലീസുകാരൻ തന്നെ വീഡിയോ എടുത്ത് അതിലെ ഒരു ഭാഗം മാത്രം പ്രചരിപ്പിക്കുകയാണെന്ന് സക്കീർ ഹുസൈൻ ആരോപിക്കുന്നു.

'നിയമം പരിപൂർണമായും പാലിക്കുന്നു. സ്വന്തമായി വാഹനം ഓടിക്കാൻ അറിയാത്ത ഭാര്യയെ സർക്കാരിന്റെ നിർദേശപ്രകാരം തുറന്ന കെഎസ്എഫ്ഇ ആലുവ ബ്രാഞ്ചിലേക്ക് ഉച്ചയ്ക്ക് തിരികെ കൊണ്ടുവരുന്നതിനായി പോയതാണ്. ഒരിക്കലും സർക്കാർ നിർദേശം ലംഘിച്ചില്ല. ഷൂട്ട് ചെയ്ത് ജന്മഭൂമി ലേഖകൻ വഴി പുറത്തുവിട്ട പൊലീസുകാരൻ ഉദ്ദേശിച്ചത് എന്താണ്" -എന്ന കുറിപ്പോടെയാണ് സക്കീർ ഹുസൈൻ ഫെയ്സ്ബുക്കിൽ വിശദീകരണം പോസ്റ്റ് ചെയ്തിരിക്കുന്നത്.

പൊലീസുകാരനുമായി സക്കീർ ഹുസൈൻ വാഗ്വാദത്തിൽ ഏർപ്പെടുന്ന ദൃശ്യം സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. സിപിഎം ഏരിയ സെക്രട്ടറിയ്ക്ക് കൊമ്പുണ്ടോ എന്ന തരത്തിൽ വിമർശനം ഉയർന്ന പശ്ചാത്തലത്തിലാണ് വിശദീകരണവുമായി സക്കീർ ഹുസൈൻ രംഗത്തെത്തിയത്.

സന്നദ്ധ പ്രവർത്തനത്തിന് 'സന്നദ്ധം'

തിരുവനന്തപുരം: സംസ്ഥാനത്ത് 22-40 പ്രായമുള്ളവരെ ഉൾപ്പെടുത്തി 2,36,000 പേർ അടങ്ങുന്ന സന്നദ്ധസേന കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രംഗത്തിറങ്ങുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 941 പഞ്ചായത്തുകളിൽ 200 വീതവും 87 മുനിസിപ്പാലിറ്റികളിൽ 500 വീതവും ആറു കോർപ്പറേഷനുകളിൽ 750 വീതവും അംഗങ്ങളാണ് ഈ സേനയിൽ ഉണ്ടാവുക. ഇതിലേക്കുള്ള രജിസ്ട്രേഷൻ ഓൺലൈൻ വഴി നടത്തും. 'സന്നദ്ധം' എന്ന സാമൂഹ്യ സന്നദ്ധ സേനയുടെ വെബ് പോർട്ടൽ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്.

ഭക്ഷണവും ഭക്ഷ്യവസ്തുക്കളും എത്തിക്കൽ, മറ്റു സംവിധാനങ്ങളിൽനിന്ന് വിട്ടുപോയവരെ കണ്ടെത്തി ആശുപത്രിയിൽ എത്തിക്കുന്നതുപോലെ, കുട്ടിരിക്കുന്നതും അടക്കമുള്ള സഹായങ്ങൾ നൽകുക, പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടെ വിതരണം തുടങ്ങിയ ചുമതലകളാണ് ഈ യുവജന സന്നദ്ധസേവകർ നിർവഹിക്കുക.

ഇതര സംസ്ഥാന തൊഴിലാളികളെ കൂട്ടത്തോടെ ഇറക്കിവിട്ടു

പറവൂർ : ഇതരസംസ്ഥാന തൊഴിലാളികളെ കെട്ടിട ഉടമ താമസസ്ഥലത്തുനിന്ന് കൂട്ടത്തോടെ ഇറക്കിവിട്ടു. പിന്നീട് പൊലീസും നഗരസഭാധികൃതരും ഇടപെട്ടു വീണ്ടും ഇവരെ താമസിപ്പിച്ചിരുന്ന കെട്ടിടത്തിൽ പ്രവേശിപ്പിച്ചു. പറവൂർ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിനു സമീപത്തുള്ള കെട്ടിടത്തിൽ നിന്നു മുപ്പതോളം തൊഴിലാളികളെയാണു ഇറക്കിവിട്ടത്. ഇവരിൽ മുന്നു പേർ മലയാളികളാണ്.

100 രൂപ പ്രതിദിന വാടകയും 10 രൂപ വെള്ളം ഉപയോഗിക്കുന്നതിനുള്ള തുകയുമടക്കം 110 രൂപയാണ് ഒരാളിൽ നിന്ന് ഉടമ ദിവസേന ഈടാക്കിയിരുന്നത്. കോവിഡിന്റെ സാഹചര്യത്തിൽ ഭൂരിഭാഗം തൊഴിലാളികൾക്കും പണിയില്ലാതായതോടെ വെള്ളത്തിന്റെ തുക കൊടുക്കുന്നുണ്ടായിരുന്നില്ല. ഇതുമായി ബന്ധപ്പെട്ടു കുറച്ചു ദിവസങ്ങളായി ഉടമയും താമസക്കാരും തമ്മിൽ തർക്കമുണ്ടായിരുന്നു.

ഇന്നലെ രാവിലെ ഉടമ താമസക്കാരായ തൊഴിലാളികളെ പുറത്താക്കി മുറി പൂട്ടി. തൊഴിലാളികൾ പൊലീസ് സ്റ്റേഷനിലേക്കു കൂട്ടമായി നടന്നു പോകുന്നതു കണ്ട നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ കാര്യം തിരക്കിയശേഷം കൗൺസിലർമാരെ വിവരമറിച്ചു. പൊലീസും സ്ഥലത്തെത്തി. പൊലീസിന്റെയും നഗരസഭ അധികൃതരുടെയും ഇടപെടലിനെത്തുടർന്നാണു തൊഴിലാളികളെ വീണ്ടും കെട്ടിടത്തിൽ പ്രവേശിപ്പിക്കാൻ ഉടമ തയാറായത്. അധികൃതർ പോയശേഷം ഇയാൾ കെട്ടിടത്തിലേക്കുള്ള വൈദ്യുതി ഫ്യൂസ് ഊരുകയും വെള്ളത്തിന്റെ കണക്ഷൻ കട്ട് ചെയ്യുകയും ചെയ്തു. ഇതറിഞ്ഞു വീണ്ടും പൊലീസെത്തി താമസക്കാർക്കു വൈദ്യുതിയും വെള്ളവും ലഭ്യമാക്കി.

കൊവിഡ് വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ താമസക്കാരെ ഇറക്കിവിടാനോ കില്ലെന്നും ഇനിയും പ്രശ്നങ്ങൾ ഉണ്ടാക്കിയാൽ നടപടിയെടുക്കുമെന്നും പൊലീസ് കെട്ടിട ഉടമയ്ക്കു താക്കീതു നൽകി. മതിയായ സൗകര്യങ്ങളില്ലെന്നും ശുചിത്വം പാലിക്കുന്നില്ലെന്നും ചൂണ്ടിക്കാട്ടി കെട്ടിടത്തിലെ ഇതരസംസ്ഥാനക്കാരെ ഒഴിപ്പിക്കാൻ മാസങ്ങൾക്കു മുൻപു നഗരസഭ നടപടിയെടുത്തിരുന്നു. നഗരസഭയ്ക്കെതിരേ ഹൈക്കോടതിയിൽ നിന്നു വിധി സമ്പാദിച്ചാണു കെട്ടിട ഉടമ തൊഴിലാളികളെ താമസിപ്പിച്ചിരുന്നത്.

ഒഡിശയിൽ നിന്ന് വിളിയെത്തി, തൊഴിലാളികൾക്ക് ആശ്വാസമായി

തിരുവനന്തപുരം: ഒഡിഷ ലേബർ കമ്മിഷണർ ആശങ്കയോടെയാണ് സംസ്ഥാന ലേബർ കമ്മിഷണർ പ്രണബ് ജ്യോതിനാഥിനെ ഫോണിൽ വിളിച്ചത്. തങ്ങളുടെ നാട്ടുകാരായ തൊഴിലാളികൾ കേരളത്തിൽ ഭക്ഷണവും സൗകര്യങ്ങളുമില്ലാതെ വലയുന്നു എന്നായിരുന്നു സന്ദേശം.

എറണാകുളം ജില്ലയിലെ പനങ്ങാട്, നെട്ടൂർ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ തൊഴിലെടുക്കുന്ന ഇവർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ ആഹാരമില്ലാതെ വലയുകയായിരുന്നു. എറണാകുളം കാക്കനാട് കൈപ്പടമുകൾ ഭാഗത്തു വാടകയ്ക്ക് താമസിച്ച് ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്തു വരികയായിരുന്നു ഇവർ. ഭക്ഷണമില്ലാതെ തങ്ങൾ കഷ്ടപ്പെടുന്ന വിവരം നാട്ടിലുള്ളവരെ അറിയിച്ചതിനെ തുടർന്നാണ് ഒഡിഷയിലെ തൊഴിൽ വകുപ്പ് ഇത് കേരളാ ലേബർ കമ്മീഷണറെ അറിയിച്ചത്.

കമ്മീഷണറുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ എൻഫോഴ്സ്മെന്റ് കെ. ശ്രീലാൽ വിഷയത്തിൽ ഇടപെടുകയും എറണാകുളം ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) വി.ബി. ബിജുവിന് വിവരം കൈമാറുകയും ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അമ്പലസിറ്റി അസിസ്റ്റന്റ് ലേബർ ഓഫിസർ വി. ജയപ്രകാശ്, ജില്ലാ ലേബർ ഓഫീസിലെ സീനിയർ ക്ലാർക്ക് ജി. ക്യഷ്ണപ്രസാദ് എന്നിവർ ഉടനടി സ്ഥലത്തെത്തി. തൊഴിലാളികൾക്ക് രണ്ടു ദിവസത്തേക്കുള്ള ഭക്ഷണ സാമഗ്രികൾ കൈമാറി.

സ്വന്തം നാട്ടിലേക്കു വാട്സ്ആപ്പ് മെസേജ് അയച്ചപ്പോൾ ഇത്രയും വേഗത്തിൽ സംസ്ഥാന തൊഴിൽ വകുപ്പ് ഇടപെട്ടതിന്റെ ആശ്വാസത്തിലും സന്തോഷത്തിലുമാണ് അവരിപ്പോൾ. ജില്ലാ ഭരണ സംവിധാനത്തിന്റെ സഹായത്തോടെ തുടർ സഹായങ്ങൾ ഇനിയും നൽകുമെന്ന് ഉറപ്പും നൽകിയിട്ടുണ്ട്.

ഓൺലൈൻ വഴി സപ്ലൈകോ ഉത്പന്നങ്ങൾ

തിരുവനന്തപുരം: സപ്ലൈകോ 27 മുതൽ കൊച്ചിയിൽ ഓൺലൈൻ വഴി അവശ്യ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനു തുടക്കം കുറിക്കുമെന്ന് സിഎംഡി പി.എം. അലി അസ്ഗർ പാഷ അറിയിച്ചു. സൊമാറ്റോയുമായാണ് ഓൺലൈൻ വഴി ഭക്ഷ്യവസ്തുക്കൾ എത്തിക്കാനുള്ള കരാറായിട്ടുള്ളത്. പ്രാരംഭ നടപടി എന്ന നിലയിലാണ് സപ്ലൈകോയുടെ ആസ്ഥാനമായ ഗാന്ധി നഗറിന് എട്ടുകിലോ മീറ്റർ പരിധിയിൽ ഭക്ഷണ സാധനങ്ങൾ എത്തിക്കുക. തുടർന്ന് സംസ്ഥാനത്ത് 17 ഇടങ്ങളിൽ ഓൺലൈൻ സംവിധാനം ആരംഭിക്കും. ഓൺലൈൻ വഴി ഓർഡർ ചെയ്താൽ 40, 50 മിനിറ്റിനകം ഭക്ഷ്യവസ്തുക്കൾ വീടുകളിൽ ലഭിക്കും. ഇ-പെയ്മെന്റാണ് നടത്തേണ്ടതെന്നും സിഎംഡി അറിയിച്ചു.

ഡൽഹിയിൽ ഡോക്റ്റർക്കും കൊവിഡ്, ക്ലിനിക്ക് അടച്ചു

900 പേർ നിരീക്ഷണത്തിൽ

ന്യൂഡൽഹി: വടക്ക് കിഴക്കൻ ഡൽഹിയിൽ കമ്യൂണിറ്റി ഹെൽത്ത് ക്ലിനിക്കിലെ (മൊഹല്ലാ ക്ലിനിക്ക്) ഡോക്റ്റർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതോടെ ഡോക്ടക്റ്ററുമായി സമ്പർക്കത്തിലേർപ്പെട്ട 900 പേരെ നിരീക്ഷണത്തിലാക്കിയാതായി ഡൽഹി സർക്കാർ. കഴിഞ്ഞ പത്തിനു സൗദി അറേബ്യയിൽ നിന്നു മടങ്ങിയെത്തിയ സ്ത്രീയിൽ നിന്നാണു ഡോക്റ്ററിലേക്കു രോഗം പടർന്നതെന്നു കരുതുന്നു. ഇതോടെ മാർച്ച് 12 നും 18 നും ഇടയിൽ മൗജ്പുരിലെ ക്ലിനിക്കിൽപോയ മുഴുവൻ പേരും സമ്പർക്കവിലക്കിൽ കഴിയാനും കൊവിഡ് -19 ലക്ഷണങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ ആരോഗ്യ വകുപ്പ് അധികൃതർ നിർദ്ദേശിക്കുകയായിരുന്നു. എല്ലാവരേയും 14 ദിവസം സമ്പർക്ക വിലക്കിലാക്കിയിട്ടുണ്ട്.

ഡോക്റ്ററെ കൂടാതെ അദ്ദേഹത്തിന്റെ ഭാര്യക്കും മകൾക്കും വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. സൗദിയിൽ നിന്നെത്തിയ 38 കാരിയായ സ്ത്രീ മാർച്ച് 12 ക്ലിനിക്ക് സന്ദർശിച്ചിരുന്നു. അന്നായിരിക്കാം ഡോക്റ്റർക്കും വൈറസ് ബാധയേറ്റതെന്നും മന്ത്രി പറഞ്ഞു. പതിനെട്ടാം തിയതിയാണ് സൗദിയിൽ നിന്നെത്തിയ സ്ത്രീക്ക് കൊവിഡ് ബാധ സ്ഥിരീകരിക്കുന്നത്. അന്ന് തന്നെ ഡോക്റ്ററെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

യുവതിയുമായി നേരിട്ട് സമ്പർക്കമുണ്ടായ മറ്റ് രണ്ട് പേർക്ക് കൂടി വൈറസ് ബാധയുള്ളതായി സ്ഥിരീകരിച്ചു.

ബാങ്ക് ശാഖകളുടെ എണ്ണം കുറയ്ക്കുന്നു?

ന്യൂഡൽഹി: രാജ്യത്തെ ബാങ്കുകളും വൈകാതെ അടച്ചിട്ടേക്കുമെന്നു റിപ്പോർട്ട്. പൂർണമായ അടച്ചിടലല്ല, പകരം ബ്രാഞ്ചുകളുടെ എണ്ണം കുറയ്ക്കുകയാകും ചെയ്യുകയെന്നു ചില ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

എന്നാൽ, ഇത് എടിഎമ്മുകളിൽ തിരക്കുണ്ടാക്കുമെന്നും അതുവഴി പുതിയ പ്രതിസന്ധിക്കു സാധ്യതയുണ്ടെനനും റിപ്പോർട്ടിലുണ്ട്. അവശ്യ സർവീസ് വിഭാഗത്തിൽപ്പെടുന്ന ബാങ്കുകളിൽ രോഗികളെത്തിയാൽ തിരിച്ചറിയാനാവില്ല. അതു കണക്കിലെടുത്താണ് ബ്രാഞ്ചുകളുടെ എണ്ണം കുറയ്ക്കുന്നതുൾപ്പെടെ നിയന്ത്രണങ്ങൾ പരിഗണിക്കുന്നത്. അഞ്ച് കിലോമീറ്ററിൽ ഒരു ബാങ്ക് പ്രധാന നഗരങ്ങളിൽ ഒരു ബാങ്ക് നിലനിർത്തും. ബാക്കിയുള്ള ബാങ്കുകൾ അടച്ചിടും. 70 ശതമാനം ജനങ്ങളും രാജ്യത്തെ 70 ശതമാനം ജനങ്ങളും ഇടപാടുകൾ ലിക്വിഡ് പണത്തിലാണ് നടത്തുന്നതെന്നതാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി. ഇതിനിടെയാണ് കർഷകർക്ക് പണം നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് അയക്കുന്ന പദ്ധതിയിൽ 2000 രൂപ അടുത്തമാസം ഒന്നിനു നൽകുമെന്നു കേന്ദ്രം പ്രഖ്യാപിച്ചത്. ഈ സാഹചര്യത്തിൽ ബാങ്കുകളിൽ തിരക്ക് വരും ദിവസങ്ങളിൽ കൂടിയേക്കാം.

കൊവിഡ് 19നെ ഇന്ത്യ പിടിച്ചുകെട്ടും: ചൈന

ബീജിങ്: അധികം വൈകാതെ തന്നെ കൊവിഡ് 19നെ പിടിച്ചുകെട്ടാൻ ഇന്ത്യയ്ക്കു കഴിയുമെന്നു ചൈന. കൊവിഡ് പ്രതിരോധത്തിന് ഇന്ത്യ നൽകിയ സഹായങ്ങൾക്കു നന്ദി പറഞ്ഞ ചൈനിസ് വക്താവ് ജി റോങ് വൈറസിനെ സൃഷ്ടിച്ചത് തങ്ങളല്ലെന്നും വ്യക്തമാക്കി.

വൈറസിനെ സൃഷ്ടിച്ചതു ചൈനയാണെന്നത് യുഎസിന്റെ ആരോപണമാണ്. ഇതു ശരിയല്ല. ചൈനയും ഇതിനിരയാകുകയായിരുന്നു. വൈറസിനെ ചെറുക്കാൻ ഇന്ത്യ നൽകിയ സഹായം ചെറുതല്ല. മാസ്കുകൾ, ഗ്ലൗസ് തുടങ്ങി 15 ടണ്ണിലധികം വരുന്ന മെഡിക്കൽ ഉകരണങ്ങളാണ് വുഹാനിലേക്ക് ഇന്ത്യ കയറ്റി അയച്ചത്. ആപത്ഘട്ടത്തിൽ ഇന്ത്യൻ ജനത ചൈനയ്ക്കൊപ്പം നിന്നു, എല്ലാ സഹകരണങ്ങളും നൽകി. അതിനുള്ള കടപ്പാടും അഭിനന്ദനവും ഞങ്ങൾ ഇന്ത്യയെ അറിയിക്കുകയാണ്. സാമ്പത്തിക രംഗത്തുൾപ്പെടെ ഇന്ത്യയ്ക്ക് സഹായം നൽകാൻ സന്നദ്ധമെന്നും ചൈനീസ് വക്താവ്.

മരിച്ചത് ഹൃദയാഘാതം മൂലം, പൊലീസ് മർദിച്ചെന്ന് കുപ്രചരണം

കോൽക്കത്ത : പശ്ചിമ ബംഗാളിൽ ഹൃദയാഘാതം മൂലം യുവാവ് മരിച്ചതു പൊലീസ് മർദനം മൂലമെന്നാക്കി കുപ്രചരണം. കൊവിഡ് വ്യാപനം തടയാൻ രാജ്യമാകെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചിരിക്കെയുണ്ടായ മരണമാണു പാൽ വാങ്ങാൻ പോയപ്പോൾ പൊലീസ് മർദിച്ചതു മൂലമെന്നാക്കി ചില മാധ്യമങ്ങളുൾപ്പെടെ പ്രചരിപ്പിച്ചത്. എന്നാൽ, പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ യുവാവിന്റെ മരണം രൂക്ഷമായ അതിസാരവും തുടർന്നുണ്ടായ ഹൃദയാഘാതവുമാണെന്നു വ്യക്തമായി. ഇതോടെ, കുപ്രചരണം നടത്തിയവർക്കെതിരേ കേസെടുക്കുമെന്നു പൊലീസ് വ്യക്തമാക്കി.

ഹൗറ സ്വദേശി ലാൽസാമിയുടെ മരണമാണു പൊലീസിനെ ഒരു ദിവസം മുഴുവൻ ആരോപണത്തിന്റെ കരിനിഴലിലാക്കിയത്.

25ന് കുളിമുറിയിൽ കുഴഞ്ഞുവീണ ലാൽസാമിയെ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായിരുന്നില്ല. എന്നാൽ, പൊലീസ് മർദിച്ചതിനെത്തുടർന്നാണു മരിച്ചതെന്നു കുടുംബം ആരോപിക്കുകയായിരുന്നു. എന്നാൽ, 14 ദിവസമായി ലാൽസാമി അതിസാരത്തിനു ചികിത്സയിലായിരുന്നെന്നും ഇതേത്തുടർന്നുണ്ടായ ശാരീരിക പ്രശ്നങ്ങൾക്കൊടുവിലാണു മരണമെന്നും ചികിത്സിച്ചിരുന്ന മെഡിക്കൽ ഓഫിസർ തൻമയ് സർക്കാർ അറിയിച്ചു.

കണ്ണീരിലില്ല, കൊറോണ വൈറസ്..!

സിംഗപ്പൂർ: രോഗിയുടെ സ്രവങ്ങളിലൂടെയാണ് കൊറോണ വൈറസ് പടരുന്നതെന്ന് ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ചുമ, തുമ്മൽ എന്നിവയിലൂടെ പുറത്തുവരുന്ന സ്രവങ്ങളിൽ വൈറസുണ്ടാകുമെന്നും രോഗിയുടെ ഒരു മീറ്റർ അടുത്തു നിൽക്കുന്നവരിലേക്ക് ഉച്ഛ്വാസ വായുവിലൂടെ പുറത്തുവരുന്ന സ്രവകണങ്ങളിലൂടെ രോഗം പടരുമെന്നുമാണു ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്.

വിയർപ്പ്, കണ്ണീർ എന്നിവയെക്കുറിച്ച് പഠനങ്ങളിലൊന്നും കാര്യമായ സൂചനകളില്ലായിരുന്നു. എന്നാൽ, കൊറോണ വൈറസ് കണ്ണീരിലൂടെ പടരില്ലെന്നാണു സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയുടെ പഠനം. 17 രോഗികളിൽ നിന്നു കണ്ണീർ സാംപ്ൾ എടുത്ത് 20 ദിവസം നടത്തിയ പഠനത്തിനു ശേഷം ഒഫ്താൽമോളജി എന്ന മാഗസിനിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

സാംപ്ൾ വൈറൽ കൾച്ചർ, ട്രാൻസ്ക്രിപ്ഷൻ- പോളിമെറേസ് ചെയ്ൻ റിയാക്ഷൻ പരിശോധനകൾക്കുശേഷമാണ് ഇക്കാര്യം തിരിച്ചറിഞ്ഞതെന്ന് ഗവേഷണ സംഘത്തിനു നേതൃത്വം നൽകിയ ഐവാൻ സീയ. രോഗമുള്ള ഒരാൾ ചുമയ്ക്കുമ്പോഴും സംസാരിക്കുമ്പോഴും തെറിക്കുന്ന സ്രവ കണങ്ങളിൽ വൈറസുണ്ടാകും. ഇത് അടുത്തിരിക്കുന്നയാളുടെ മുഖത്തു വീഴും. കണ്ണിലോ മൂക്കിലോ ചുണ്ടിലോ വീഴുന്ന വൈറസുകൾ ശരീരത്തിനുള്ളിൽ കടക്കും. അല്ലെങ്കിൽ കൈയിൽ പറ്റുന്ന കണങ്ങൾ കൈകൊണ്ടു മുഖത്തു തൊടുമ്പോൾ അതുവഴി ഉള്ളിൽ കടക്കും. എന്നാൽ, കണ്ണീരിലൂടെ ഇതു സംഭവിക്കുന്നില്ലെന്നും ഐവാൻ. വിയർപ്പിലൂടെയും രോഗം പടരില്ലെന്നു പഠനം പറയുന്നു.

പ്ലേഗ് തോറ്റ സൂററ്റിൽ വ്യവസായം തഴച്ചത് പാഠമാക്കണം



പ്രത്യേക ലേഖകൻ

1720ൽ പ്ലേഗ്, 1820ൽ കോളറ, 1920ൽ ഏഷ്യൻ ഫ്ലൂ. മാനവകുലത്തിനു കടുത്ത വെല്ലുവിളി ഉയർത്തിയ മഹാമാരികൾ ഭൂമുഖത്തു പ്രത്യക്ഷപ്പെട്ടതോ നിലനിന്നതോ ഓരോ നൂറ്റാണ്ടിന്റെയും ഇരുപതാമാണ്ടിലാണെന്നത് യാദൃച്ഛികം. 2020ലും മറ്റൊരു മാരണമെത്തി, കൊവിഡ് 19ന്റെ രൂപത്തിൽ. കഴിഞ്ഞ നൂറ്റാണ്ടിലെ ഇരുപതിന്റെ സന്തതികൾ ലക്ഷങ്ങളെയാണു കൊന്നൊടുക്കിയത്. 1720ൽ ഫ്രാൻസിൽ പൊട്ടിപ്പുറപ്പെട്ട് ലോകത്തിന്റെ പല ഭാഗങ്ങളിലേക്കു കത്തിപ്പടർന്ന പ്ലേഗ് ഒരു ലക്ഷം പേരുടെ ജീവനെടുത്തു. രണ്ടു വർഷത്തിലധികമെടുത്താണ് പ്ലേഗിനെ വൈദ്യശാസ്ത്രം കീഴടക്കിയത്.

1816 മുതൽ ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽ പ്രത്യക്ഷപ്പെടുകയും യൂറോപ്പ് വഴി ലോകത്തിന്റെ മിക്ക ഭാഗങ്ങളിലേക്കും പടരുകയും ചെയ്ത കോളറ രണ്ടുലക്ഷം പേരെയാണു കൊന്നൊടുക്കിയത്. മാനവരാശിക്കു തന്നെ വിനയാകുമെന്നു കരുതിയെങ്കിലും 1850കളുടെ മധ്യത്തോടെ അതു നിയന്ത്രണ വിധേയമായി. ഹോങ്കോങ്ങിൽ നിന്നു തുടക്കമിട്ട പ്രത്യേകതരം വൈറൽ പനിയാണ് 1920കളിൽ ലോകത്തെ കിടുകിടാ വിറപ്പിച്ച ഫ്ലൂ. ഏതാനും വർഷങ്ങൾക്കുള്ളിൽ പത്തുകോടിയോളം പേർക്കാണ് അന്നു ജീവഹാനി നേരിട്ടത്. ഈ രോഗങ്ങൾ പൊട്ടിപ്പുറപ്പെട്ട സമയത്ത് അവയ്ക്കു ഫലപ്രദമായ വാക്സിനുകളോ മരുന്നുകളോ ഉണ്ടായിരുന്നില്ല. പിന്നീടു വികസിപ്പിച്ച ഔഷധങ്ങൾ ഉപയോഗിച്ചാണ് അവയെ നിയന്ത്രിച്ചത്. കൊവിഡ് വൈറസുകളെയും ഇതു പോലെ തുരത്താനാവുമെന്നാണു മെഡിക്കൽ സയൻസിന്റെ ആത്മവിശ്വാസം.

1994ൽ ഗുജറാത്തിൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് ഇന്ത്യയിൽ അക്കാലത്ത് വലിയ ഭീതി പരത്തിയിരുന്നു. അന്നു ഗുജറാത്തിലെ സൂററ്റ് നഗരം ആളൊഴിഞ്ഞ് ഒറ്റപ്പെട്ടു പോയി. വ്യാവസായിക നഗരമായ സൂററ്റ് മണ്ണടിഞ്ഞു പോകുമെന്ന നില വന്നപ്പോൾ അവിടത്തെ തൊഴിലാളികളും തൊഴിലുടമകളും സർക്കാരും ചേർന്നു നടപ്പാക്കിയ പരിഷ്കരണ നടപടികൾ ഇന്നത്തെ കൊറോണക്കാലത്തും മാതൃകയാക്കാമെന്ന് ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ.

ആർ. ചന്ദ്രശേഖരൻ

നൂറുകണക്കിന് ടെക്സ്റ്റൈൽ മില്ലുകളുണ്ടായിരുന്ന നഗരത്തിൽ ഒരു മില്ലു പോലും സാമ്പത്തിക പരാധീനത മൂലം അന്നു തുറക്കാനായില്ല. തൊഴിലാളികളുടെ ക്ഷാമം മൂലം മറ്റു ചിലതും അടഞ്ഞുകിടന്നു. അതിനു പരിഹാരമുണ്ടാക്കാൻ അന്നത്തെ നരസിംഹറാവു സർക്കാരെടുത്ത മാർഗം ഇന്നും സ്വീകാര്യമാണ്. സംസ്ഥാന സർക്കാരുമായി സഹകരിച്ച് നിരവധി ഉത്തേജന പാക്കെജുകളാണ് കേന്ദ്രം പ്രഖ്യാപിച്ചത്. സാമ്പത്തികമായി ബുദ്ധിമുട്ടിയ മില്ലുകൾക്ക് ഒരു വർഷത്തേക്ക് പലിശരഹിത വായ്പകൾ ലഭ്യമാക്കുകയായിരുന്നു ആദ്യവഴി. തിരിച്ചടവു കാലാവധിയും ദീർഘിപ്പിച്ചു. സംസ്ഥാന സർക്കാരിനു കീഴിലുള്ള സഹകരണ സംഘങ്ങൾ മുഖേനയും സാമ്പത്തിക സഹായം ഉറപ്പാക്കി.

പ്ലേഗ് മൂലം നഷ്ടപ്പെട്ട തൊഴിലാളികൾക്കു പകരം, മഹാരാഷ്ട്ര, മധ്യപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നു അതിവിദഗ്ധ തൊഴിലാളികളെ ഇറക്കി ഉത്പാദനം കൂട്ടി. ഒരു വർഷം വരെ തൊഴിലാളികൾക്കു മിനിമം കൂലി ഉറപ്പാക്കി. മറ്റ് ആനുകൂല്യങ്ങൾ നിർത്തിവച്ചു. തൊഴിലാളികളുടെ കഠിന പ്രയത്നവും മാനെജ്മെന്റുകളുടെ ക്ഷമയും സർക്കാരുകളുടെ അവസരോചിതമായ ഇടപെടലുകളുമാണ് പ്ലേഗ് വിഴുങ്ങിയ സൂററ്റിനെ 25 വർഷങ്ങൾക്കിപ്പുറം ഇന്ത്യൻ വ്യവസായത്തിന്റെ സിരാകേന്ദ്രമാക്കിയതെന്നും ചന്ദ്രശേഖരൻ. കൊവിഡ് 19 ഉണ്ടാക്കുന്ന ദുരന്തങ്ങളിൽ പകച്ചു നിൽക്കുകയല്ല, ക്രിയാത്മക ഇടപെടലുകളിലൂടെ തിരിച്ചുപിടിക്കുകയാണു വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. അതിന് തൊഴിലാളുകളുടെ സഹകരണം ഉറപ്പാണെന്ന് ഐഎൻടിയുസി അഖിലേന്ത്യാ വൈസ് പ്രസിഡന്റു കൂടിയായ അദ്ദേഹം വ്യക്തമാക്കി.

ഐഎൽഒ ഡയറക്റ്റർ ജനറലിന് കത്തയച്ചു

ലോകമെമ്പാടുമായി കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ തൊഴിലാളികളുടെ രക്ഷയ്ക്ക് ഇടപെടണമെന്ന് അഭ്യർഥിച്ച് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ ഡയറക്റ്റർ ജനറൽ ഗേ റൈഡർക്ക് ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റും ഐഎൽഒ എക്സിക്യൂട്ടീവ് സമിതി അംഗവുമായ ആർ. ചന്ദ്രശേഖരൻ കത്തയച്ചു. മിഡിൽ ഈസ്റ്റ്, യൂറോപ്പ്, യുഎസ്, യുകെ, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ നിരവധി ഇന്ത്യക്കാരാണു കുടുങ്ങിക്കിടക്കുന്നത്. അവരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് യുഎൻ സഹായം ഉറപ്പാക്കാണമെന്നും ചന്ദ്രശേഖരൻ ആവശ്യപ്പെട്ടു. കൊവിഡ് 19 മൂലമുണ്ടായ സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് മെച്ചപ്പെട്ട തൊഴിൽ പാക്കെജുകൾക്കും സാമ്പത്തിക നടപടികൾക്കും ഐഎൽഒ മുൻകൈ എടുക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

എറണാകുളം-തൃശൂർ ജില്ലാ അതിർത്തിയായ കോട്ടപ്പുറം പാലത്തിനു സമീപം പൊലീസ് വാഹന പരിശോധന നടത്തുന്നു. » മനു ഷെല്ലി

ഇഎസ്ഐ ഡിസ്പെൻസറികളിൽ നിയന്ത്രണം

കോഴിക്കോട്: കൊവിഡ്-19 വ്യാപനത്തിന്റെ ചങ്ങല പൊട്ടിക്കാൻ രാജ്യം 21 ദിവസ സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ ഗുണഭോക്താക്കൾക്കുവേണ്ടി ഇഎസ്ഐ മാർഗരേഖ പുറത്തിറക്കി.

ഇനി പറയുന്ന ആവശ്യത്തിലേക്കായി (നൽകുന്നതിനു വേണ്ടിയോ/ വാങ്ങുന്നതിനു വേണ്ടിയോ) ഇഎസ്ഐ ഡിസ്പെൻസറിയിൽ വരേണ്ട ആവശ്യമില്ലെന്ന് അധികൃതർ പറഞ്ഞു.

● മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷ നൽകുന്നതിന് ● ദീർഘാവധിയിൽ കഴിയുന്നവർ ഐസി ആൻഡ് സ്പെഷ്യൽ ഐസി വാങ്ങുന്നതിന് ● പ്രസവിക്കുന്നതിനു മുമ്പും പ്രസവശേഷവുമുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിന് ● അബോർഷൻ/ മിസ്കാരിയേജ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് ● ഡയാലിസിസ്, ക്യാൻസർ ചികിത്സ, മറ്റു അടിയന്തര/ അത്യാഹിത ചികിത്സകൾക്ക് വേണ്ടി എംപാനൽഡ് സ്ഥാപനങ്ങളിലേക്കുള്ള റഫറൻസ് വാങ്ങുന്നതിന് ഇഎസ്ഐ ആശുപത്രിയിൽ നേരിട്ടു ചെന്നാൽ മതിയാകും.

ഇഎസ്ഐ കോർപ്പറേഷൻ ലോക്കൽ ഓഫീസിൽ പോകേണ്ട ആവശ്യമില്ല.

● എൻടൈറ്റിൽമെന്റ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് വേണ്ടി ഇഎസ്ഐ ലോക്കൽ ഓഫീസ് ബ്രാഞ്ച് മാനേജരുടെ ഫോൺ നമ്പറിലോ ഇമെയിൽ ഐഡിയിലോ രോഗികൾ നേരിട്ട് ബന്ധപ്പെട്ടാൽ അർഹതയുള്ളവർക്ക് സർട്ടിഫിക്കറ്റ് ഇ-മെയിൽ വഴിയോ വാട്സ്ആപ്പ് വഴിയോ നൽകുന്നതായിരിക്കും ● ഡിസ്പെൻസറിയിൽ നിന്നും ലഭിച്ച ലീവ് നിക്ഷേപിക്കുന്നതിന് വേണ്ടി.

ഇഎസ്ഐ സ്പെൻസറിയിൽ നിന്നും തുടർ ചികിത്സയിലുള്ള രോഗികൾക്ക് അടുത്ത രണ്ടു മാസത്തേക്കുള്ള മരുന്നു നൽകുന്നതായിരിക്കും.

ഡിസ്പെൻസറിയിൽ ലഭ്യമല്ലാത്ത മരുന്നിന്റെ കുറുപ്പും രണ്ടു മാസത്തേക്ക് നൽകുന്നതായിരിക്കും. എന്നാൽ രോഗികൾ ഒരു സമയത്ത് ഒരു മാസത്തേക്കുള്ള മരുന്ന് വാങ്ങാൻ പാടുള്ളൂ. മെഡിക്കൽ റീഇംപേഴ്സ്മെന്റ് സമയത്ത് രണ്ട് മാസത്തെ ബിൽ രണ്ട് അപേക്ഷയായി നൽകേണ്ടതാണ്.

ജില്ലാ കലക്റ്റർ/ ആരോഗ്യ വകുപ്പു നിർദേശം അനുസരിച്ച് ക്വാറന്റൈൻ/ ഐസൊലേഷനിലുള്ളവർ ക്വാറന്റൈൻ / ഐസൊലേഷൻ കാലാവധിക്കുശേഷമോ, ഏപ്രിൽ 14 ന് ശേഷമോ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുവേണ്ടി ക്വാറന്റൈൻ / ഐസൊലേഷൻ രേഖകളുമായി ഡിസ്പെൻസറിയിൽ ഹാജരായാൽ മതിയാകും.

ഡോ. ലി വെൻലിയാൻ എന്ന കൊറോണ പ്രവാചകൻ

സുധീർ നാഥ്

ലോകം ഇനി വായിക്കപ്പെടുന്നത് കൊറോണയ്ക്ക് മുൻപും പിൻപും എന്നായിരിക്കും. മഹാപ്രളയ സമയത്തെ പല സംഭവ കഥകളും, ലോകമഹായുദ്ധകാലത്തെ സംഭവ കഥകളും പലതും നമ്മൾ വായിച്ചിരിക്കും. ഇനി ലോകം വായിക്കാൻ പോകുന്നത് കൊവിഡ് കാലത്തെ കഥകളാണ്. സംഭവ കഥകൾ. അത്തരം ആയിരകണക്കിന് കഥകൾ തന്നെ ഉണ്ടായിരിക്കുന്നു എന്നതാണ് സത്യം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ലി വെൻലിയാൻ എന്ന ചൈനീസ് ഡോക്റ്ററെ കുറിച്ചായിരിക്കും. അദ്ദേഹത്തെ കുറിച്ചുള്ള കൂടുതൽ കഥകൾ പുറത്തു വരാനിരിക്കുന്നതേയുള്ളൂ.

ഡോ. ലി വെൻലിയാൻ 2019 ഡിസംബർ 30ന് തന്റെ സഹപ്രവർത്തകർക്ക് സ്വകാര്യമായി ഒരു മുന്നറിയിപ്പ് സന്ദേശം അയച്ചു. വുഹാനിൽ മാരകമായ ഒരു വൈറസ് പടരുന്നുണ്ടെന്നും, അത് വലിയ അപകടകാരിയാണെന്നും, അതിനെ പ്രതിരോധിക്കേണ്ട നടപടികൾ എല്ലാവരും സ്വീകരിക്കണമെന്നുമായിരുന്നു സന്ദേശം. സിവിയർ അക്യൂസ്ഡ് റെസ്പിരേറ്ററി സിൻഡ്രത്തിന് (സാർസ്) സമാനമായ ലക്ഷണങ്ങളോടു കൂടിയ പകർച്ചവ്യാധിയാണെന്നും ഡോ. ലി ഓർമപ്പെടുത്തി. ഇതാണ് പിന്നീട് കൊവിഡ് 19 എന്ന വൈറസാണെന്ന് ലോകം രേഖപ്പെടുത്തിയത്. ഡോക്റ്റർമാർക്ക് സുരക്ഷയ്ക്കായുള്ള മുന്നറിയിപ്പിനാണ് ലി ഇങ്ങനെ ഒരു സന്ദേശം അയച്ചത്. ഡോ. ലിയുടെ സന്ദേശം സാമൂഹ്യ മാധ്യമങ്ങളിൽ പരന്നു.

ഡോ. ലി വെൻലിയാൻ
വര: സുരേഷ് ഡാവിഞ്ചി

2020 ജനുവരി മൂന്നിന് വുഹാനിലെ പബ്ലിക്ക് സെക്യൂരിറ്റി ബ്യൂറോയുടെ ഉദ്യോഗസ്ഥർ ഡോ. ലിയെ തെറ്റായ സന്ദേശം പരത്തി ജനങ്ങളിൽ ഭീതി സൃഷ്ടിച്ചു എന്ന കാരണം പറഞ്ഞ് പിടിച്ചുകൊണ്ടു പോയി. അദ്ദേഹത്തെ കൂടാതെ മറ്റ് ഏഴുപേരെക്കൂടി സമാനമായ കുറ്റം ചുമത്തി അറസ്റ്റു ചെയ്തിരുന്നു. തന്റെ പ്രസ്താവന തെറ്റായിരുന്നു എന്ന് മാപ്പെഴുതി വാങ്ങിയാണ് ലി സ്വതന്ത്രനായത്. തിരികെ ഹോസ്പിറ്റലിൽ ജോലിക്കു കയറിയ ഡോ. ലിക്ക് ചികിത്സിച്ച കൊവിഡ് രോഗിയിൽ നിന്നാണ് രോഗം പകർന്നത്.

വുഹാൻ സർവകലാശാലയിൽ നിന്നു ക്ലിനിക്കൽ മെഡിസിനിൽ ഏഴു വർഷം പഠനം പൂർത്തിയാക്കി അവിടെ നിന്നു തന്നെ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. ചൈനയിലെ തെക്കുകിഴക്കൻ തീരദേശമായ സിയാമെൻ എന്ന സ്ഥലത്തെ ആശുപത്രിയിൽ 2011ൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 2014ൽ വുഹാനിലെ സെൻട്രൽ ഹോസ്പിറ്റലിൽ ഒഫ്താൽമോളജിസ്റ്റ് തസ്തികയിൽ ജോലിക്കു ചേർന്നു. വുഹാനിലെ സെൻട്രൽ ഹോസ്പിറ്റലിൽ ചികിത്സയ്ക്കെത്തിയ ഏഴു രോഗികൾക്ക് സിവിയർ അക്യൂസ്ഡ് റെസ്പിരേറ്ററി സിൻഡ്രത്തിന് സമാനമായ രോഗലക്ഷണങ്ങൾ കണ്ടതോടെയാണ് ഡോ. ലി തന്റെ ആശങ്ക മറ്റു ഡോക്റ്റർമാരുമായി പങ്കുവച്ചത്.

ഫെബ്രുവരി നാലിന് ചൈനയിലെ സുപ്രീം പീപ്പിൾസ് കോർട്ട് വുഹാനിലെ പോലീസ് നടപടിയെ അപലപിച്ചു. ഡോ. ലിയും മറ്റും പറഞ്ഞത് തെറ്റായ കാര്യമല്ലെന്ന് ചൈനയിലെ പരമോന്നത കോടതി പ്രഖ്യാപിച്ചതിൽ അദ്ദേഹം സന്തോഷവാനായിരുന്നു. ഫെബ്രുവരി അഞ്ചിനു ലിയുടെ സ്ഥിതി ഗുരുതരാവസ്ഥയിലായി. രോഗം മൂർച്ഛിച്ച അവസ്ഥയിലായിരുന്നു അപ്പോഴേക്കും അദ്ദേഹം. സാമൂഹ്യമാധ്യമങ്ങളിൽ സജീവമായിരുന്ന ഡോക്റ്റർ തന്റെ അനുഭവങ്ങൾ മരിക്കുന്നതിനു മണിക്കൂറുകൾക്ക് മുൻപു വരെ കുറിച്ചിരുന്നു. ലിയുടെ കുറിപ്പുകൾ ചൈനയിൽ വ്യാപകമായി വായിക്കപ്പെട്ടു. ഡോക്റ്ററുടെ മരണം സ്ഥിരീകരിച്ചതിനു പിന്നാലെ സാമൂഹ്യമാധ്യമത്തിലെ കുറിപ്പുകൾ അപ്രത്യക്ഷമായി.

അഭിപ്രായ സ്വാതന്ത്ര്യം തടയുന്ന നടപടിക്കെതിരെ ചൈനയിൽ വ്യാപക പ്രതിഷേധമാണ് പിന്നീട് ഉണ്ടായത്. വി വാണ്ട് ഫ്രീഡം ഒഫ് സ്പീച്ച് എന്ന ഹാഷ് ടാഗിൽ ലക്ഷകണക്കിന് ജനങ്ങളാണ് പ്രതിഷേധം അറിയിച്ചത്. ഇപ്പോൾ ലോകം തന്നെ ഡോ. ലിയുടെ കഥ അറിഞ്ഞിരിക്കുന്നു. ചൈനയിലെ സെൻസർഷിപ്പും അഭിപ്രായ സ്വാതന്ത്രമില്ലായ്മയും വ്യാപകമായ ചർച്ചയ്ക്കാണ് ലിയുടെ മരണത്തോടെ തുടക്കം കുറിച്ചിരിക്കുന്നത്. രാഷ്ട്രീയപരമായ വലിയ തിരിച്ചടിയാണ് ചൈന ഈ വിഷയത്തിൽ നേരിടുകയെന്നതാണ് വിലയിരുത്തപ്പെടുന്നത്.

ഫെബ്രുവരി ഏഴിന് ഡോ. ലി വെൻലിയാൻ ജോലി ചെയ്തിരുന്ന സെൻട്രൽ ഹോസ്പിറ്റലിൽ 33ാം വയസിൽ മരണമടഞ്ഞു. ഡോ. ലിയുടെ മരണവും രോഗവിവരവും ചൈനയിലെ മാധ്യമങ്ങളിൽപ്പോലും വന്നില്ല. കൊവിഡ് രോഗം പടർന്നു പിടിച്ചതോടെ സത്യം പുറത്തായി. ചൈനീസ് സർക്കാർ ഡോ. ലിയുടെ കുടുംബത്തോട് മാപ്പുചോദിച്ചു എന്നതും ഇവിടെ ചേർത്തുവായിക്കണം. ഡോ. ലിയുടെ മാതാപിതാക്കൾക്കും കൊവിഡ് രോഗം സ്ഥിരീകരിച്ചിരുന്നു. അവർ രോഗമുക്തി നേടി. ഡോക്റ്ററുടെ ഭാര്യ ഗർഭിണിയാണ്. ഒരു മകനുമുണ്ട്. ഇവർ സുരക്ഷിതരാണ്. ലോകം വരുംനാളിൽ ഡോ. ലി വെൻലിയാനെ കൊറോണയുടെ പ്രവാചകനായി വാഴ്ത്തുമെന്നതിൽ സംശയമില്ല.

ഹോട്ടൽ അല്ല ഇനി ഹോസ്പിറ്റൽ

സ്പെയ്നിന്റെ തലസ്ഥാനമായ മാഡ്രിഡിന്റെ മുഖമായിരുന്നു എയർ ഗ്രാൻ ഹോട്ടൽ കൊളോൺ. ചതുർ നക്ഷത്ര ഹോട്ടലിൽ 365 മുറികൾ. രണ്ടു ഗോപുരങ്ങളായി ഉയർന്നു നിൽക്കുന്ന ഹോട്ടലിന് ചുറ്റും പൂന്തോട്ടം. മുറി കിട്ടണമെങ്കിൽ മാസങ്ങൾക്കു മുൻപേ ബുക്ക് ചെയ്യണം.

എന്നാൽ, കൊവിഡ് 19 എന്ന മഹാമാരി രാജ്യത്തെ വിഴുങ്ങുമ്പോൾ ഹോട്ടലിന് പുതിയൊരു ദൗത്യമാണ് സ്പാനിഷ് ഭരണകൂടം നൽകിയിരിക്കുന്നത്. തത്കാലം ഇതു ഹോട്ടലല്ല, ആശുപത്രിയായി പ്രവർത്തിക്കുക. ആശുപത്രികൾക്ക് ഉൾക്കൊള്ളാവുന്നതിലധികം രോഗികളെത്തുമ്പോൾ മറ്റു മാർഗങ്ങൾക്കുള്ള തെരച്ചിലിലാണ് ഭരണകൂടങ്ങൾ. അതോടെ, കൊളോൺ ഹോട്ടൽ മാത്രമല്ല, മറ്റു പ്രമുഖ ഹോട്ടലുകൾ പലതും ആശുപത്രികളായി മാറിക്കൊണ്ടിരിക്കുന്നു.

ആഡംബരത്തിന്റെ അവസാന വാക്കുകളായിരുന്ന ഹോട്ടലുകളിൽ നെഗറ്റിവ് പ്രഷര് റൂം (രോഗി ശ്വസിച്ച വായു മുറിക്കുള്ളിൽ നിന്നു വലിച്ചെടുത്തു ശുദ്ധീകരിച്ചു പുറന്തള്ളുന്ന സംവിധാനം), വാതിൽപ്പിടികളും കൈ തൊടാവുന്ന സ്ഥലങ്ങളിലും പ്ലാസ്റ്റിക് സീലുകൾ (ഉ

സാവോപോളോയിലെ പസേംബു ഫുട്ബോൾ സ്റ്റേഡിയത്തിൽ താത്കാലിക ആശുപത്രിയുടെ നിർമാണം നടക്കുന്നു.

വാഷിങ്ടണിലെ ഷെരോലിൻ ഫുട്ബോൾ മൈതാനിയിൽ ഉയരുന്ന താത്കാലിക ആശുപത്രി.

പയോഗശേഷം മുറി അണുവിമുക്തമാക്കുന്നതിനൊപ്പം ഈ സീലുകൾ ഇളക്കി മാറ്റുന്നതോടെ ഹോട്ടൽ പൂർവ സ്ഥിതിയിലാകും) തുടങ്ങിയവയൊക്കെ ഘടിപ്പിക്കുന്ന തിരക്കിലാണ് സൈനിക എൻജിനീയർമാർ.

യുഎസിലെ ആശുപത്രികളിലായി അമെരിക്കൻ ഹോസ്പിറ്റൽ അസോസിയേഷന്റെ കണക്കുപ്രകാരം 9,24,107 കിടക്കകളാണ് ആകെയുള്ളത്. ഓർഗൈനസേഷൻ ഒഫ് എക്കണോമിക് കോഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റിന്റെ കണക്കുപ്രകാരം 1000 പേർക്ക് 1.8 കിടക്കകൾ. ജപ്പാനിൽ ഇതു 13.1ഉം ദക്ഷിണകൊറിയയിൽ 12.3ഉം ജർമനിയിൽ എട്ടുമാണ്. ഇന്ത്യയിൽ 0.7. ലോകാരോഗ്യ സംഘടനയുടെ മാർഗനിർദേശങ്ങളിൽ സാധാരണ അവസ്ഥയിൽ 1000 പേർക്കു മൂന്ന് കിടക്കകളെങ്കിലും വേണം. വികസിത രാജ്യങ്ങളിൽ ഇതു പത്തിനു മുകളിലായിട്ടും പുതിയ ആശുപത്രികൾ വേണ്ടിവരുന്നുവെന്നതാണ് ആശങ്കയേറ്റുന്നത്.

അദ്ഭുതമായി വുഹാൻ ആശുപത്രികൾ

വുഹാനിൽ ആശുപത്രികൾ നിറഞ്ഞപ്പോൾ ദിവസങ്ങൾക്കുള്ളിൽ പ്രത്യേക ആശുപത്രികൾ നിർമിച്ച് ലോകത്തെ അദ്ഭുതപ്പെടുത്തിയിരുന്നു ചൈന. വുഹാനിലെ കെയ്ഡിയൻ ജില്ലയിലായിരുന്നു ആദ്യ ആശുപത്രി. ജനുവരി 25 നു നിർമാണം തുടങ്ങിയ ആശുപത്രി ഫെബ്രുവരി രണ്ടിന് പൂർത്തിയായി അധികൃതർക്കു കൈമാറി. ഹുവോഷെൻഷൻ 25000 സ്ക്വയർ മീറ്ററുള്ള ആശുപത്രിയിൽ 1000 കിടക്കകളുണ്ടായിരുന്നു. 1500 തൊഴിലാളികൾ അഹോരാത്രം പണിയെടുത്താണ് ഇതിന്റെ നിർമാണം പൂർത്തിയാക്കിയത്. തൊട്ടടുത്തു തന്നെ ജിയാൻസിയ ജില്ലയിലെ രണ്ടാമത്തെ ആശുപത്രിയുടെ നിർമാണ പ്രവർത്തനങ്ങളും പൂർത്തിയാക്കി ചൈന. ഇതുകൂടാതെ ഹ്യൂബെയ് പ്രവിശ്യയിലെ സർക്കാർ ഉടമസ്ഥതയിലുള്ള 16 കെട്ടിടങ്ങളും ചൈന ആശുപത്രിയാക്കി മാറ്റിയെടുത്തു.

ജർമനിയിലെ ലയറിൽ കാലപ്പഴക്കത്താൽ ഉപേക്ഷിച്ച ആശുപത്രിക്കെട്ടിടം നവീകരിച്ചെടുത്തപ്പോൾ.

ചൈനയെ അനുകരിച്ച് റഷ്യ

കൊവിഡ് പ്രതിരോധത്തിൽ ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ച റഷ്യയും ചൈനീസ് മാതൃകയിൽ താത്കാലിക ആശുപത്രികൾ തയാറാക്കിയിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത എല്ലാ മേഖലകളിലും താത്കാലിക ആശുപത്രി സജ്ജമാക്കാൻ നിർദേശം നൽകിയതായാണ് ഉപപ്രധാനമന്ത്രി മരാട് ഖുസ്നുല്ലിൻ അറിയിച്ചത്. ആവശ്യമെങ്കിൽ പുതിയ ആശുപത്രി നിർമിക്കുമെന്നും ചൈന നിർമിച്ചതുപോലെ പുതിയ ആശുപത്രികൾ നിർമിക്കമെന്നും പറയുന്നു റഷ്യ. ഹോട്ടലുകൾ ആശുപത്രികളാക്കുന്നതും പരിഗണിക്കും അവശ്യഘട്ടത്തിൽ.

ഹോട്ടലല്ല, കൊളോൺ ഇനി ആശുപത്രി

മാഡ്രിഡിലെ ഹോട്ടൽ ആശുപത്രിയാക്കി മാറ്റിയ സ്പെയ്ൻ യൂറോപ്പിൽ ഇക്കാര്യത്തിൽ ഒറ്റയ്ക്കല്ല. മാഡ്രിഡിൽ എയർ ഗ്രാൻ ഹോട്ടൽ കൊളോൺ മാത്രമല്ല ആശുപത്രിയാക്കിയതും. 40 ഹോട്ടലുകളാണ് തത്കാലത്തേക്ക് ആശുപത്രിയാക്കിയ സജ്ജീകരിച്ചത്. 9,000 കിടക്കകൾ ഇതുവഴി സജ്ജമാക്കി.

ഇന്തോനേഷ്യയിലെ കെമയോൺ അത്‌ലറ്റിക് വില്ലെജിൽ സജ്ജമാക്കിയ താത്കാലിക ആശുപത്രിയിലെ ചികിത്സാ ഉപകരണങ്ങൾ ഡോക്റ്റർമാർ പരിശോധിക്കുന്നു.

എക്സിബിഷൻ സെന്ററും ആശുപത്രി

യുകെയിൽ ഹോട്ടൽ ശൃംഖലകളായ ബെസ്റ്റ് വെസ്റ്റേൺ, ട്രാവലോഡ്ജ്, ഹിൽട്ടൺ തുടങ്ങിയവയെല്ലാം ആരോഗ്യവകുപ്പുമായി ചർച്ചയിലാണ്. വേണ്ടിവന്നാൽ ഇവയെല്ലാം ആയിരക്കണക്കിനു കിടക്കകളുള്ള ആശുപത്രികളാക്കി മാറ്റും. യൂറോപ്പിലെ ഏറ്റവും വലിയ ഹോട്ടൽ ശൃംഖലകളിലൊന്നായ അക്കോർ ഫ്രാൻസിലെ 40 ഹോട്ടലുകളാണ് നഴ്സിങ് ജീവനക്കാർക്കും ആരോഗ്യപ്രവർത്തകർക്കും താമസിക്കാനും താത്കാലിക ആശുപത്രിക്കായും നൽകിയിരിക്കുന്നത്.

ലണ്ടനിലെ പ്രശസ്തമായ എക്സെൽ എക്സിബിഷൻ സെന്ററും ആശുപത്രിയാക്കി മാറ്റിയിരിക്കുന്നു. എൻഎച്ച്എസ് നൈറ്റിംഗേൽ ആശുപത്രിയുടെ കൊവിഡ് ചികിത്സാ വിഭാഗമാണ് ഇവിടേക്കു മാറ്റിയത്. രണ്ടു വാർഡുകളിലായി 4000 കിടക്കകൾ സജ്ജമാക്കിയിരിക്കുന്നു ഇവിടെ. ദിവസം 70,000 സന്ദർശകരെ സ്വീകരിക്കാൻ ശേഷിയുള്ള ഡോക്ക്ലാൻഡ്സ് സമുച്ചയവും ആശുപത്രിയാക്കാനുള്ള ശ്രമത്തിലാണ് ബ്രിട്ടിഷ് പൊലീസ്. പ്ലാനറ്റോറിയവും മാളുകളും സ്ഥിതി ചെയ്യുന്ന സമുച്ചയം ദിവസങ്ങളായി ശൂന്യമാണ്.

മാഡ്രിഡിലെ എയർ ഗ്രാൻ ഹോട്ടൽ കൊളോൺ

‘ഹോട്ടലാശുപത്രി’കൾക്കുവേണ്ടി യുഎസും

ന്യൂയോർക്ക് നഗരത്തിലെ ഹോട്ടൽ റൂമുകൾ ആശുപത്രി മുറിയാക്കി മാറ്റി 10,000 കിടക്കകൾ സജ്ജമാക്കാനുള്ള തയാറെടുപ്പിലാണ് യുഎസ് സൈനിക എൻജിനീയർമാർ. ഷിക്കാഗൊയിൽ അഞ്ചു ഹോട്ടലുകളിലാണ് ആശുപത്രി തയാറാകുന്നത്. 1,000 മുറികൾ ഇതോടെ സജ്ജമാകും. വാരാന്ത്യത്തോടെ ഇതു 2,000 ആക്കി ഉയർത്തും. ഷിക്കാഗോയിൽ അധികൃതരുടെ ആസൂത്രണവും വ്യത്യസ്തമാണ്. ആശുപത്രിയാക്കി മാറ്റുമ്പോഴും ഹോട്ടലിനു ഫ്രണ്ട് ഓഫിസ് ഉണ്ടാകും. അടുക്കളയും ഹൗസ കീപ്പിങ്ങുമൊക്കെ തുടരും. പക്ഷേ, സമ്പർക്ക വിലക്കുള്ള രോഗികളുമായി അവർക്ക് ബന്ധമുണ്ടാവില്ല. രോഗികൾ മുറിക്കു പുറത്തിറങ്ങുകയുമില്ല. ആരോഗ്യ പ്രവർത്തകർക്ക് എല്ലാ സഹായവും നൽകി ഹോട്ടൽ കെട്ടിടത്തെ അടുത്തറിയാവുന്ന ജീവനക്കാർ തുടരും.

സെർബിയയിലെ ബെൽഗ്രേഡിൽ ഷോപ്പിങ് സെന്റർ ആശുപത്രിയാക്കി മാറ്റുന്നു.

ഹോട്ടൽ മേഖലയിൽ നഷ്ടം 2,400 കോടി ഡോളർ

യുഎസിലെ ഹോട്ടൽ വ്യവസായ രംഗത്ത് ഒരു വർഷം നടക്കുന്ന ഇടപാട് 2400 കോടി ഡോളറിന്റേതാണ്. ഈ സീസണിൽ ഒരു ദിവസം ഇടപാട് നിലച്ചാൽ നഷ്ടമാകുന്നത് 20 കോടിയോളം നിലവിൽ ഹോട്ടലുകളെല്ലാം കാലിയാണ്. കൊവിഡ് 19 ഈ വ്യവസായത്തെ അടിമുടി ഉലച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ മുറി ഒഴിഞ്ഞുകിടക്കുന്നതിനെക്കാൾ നല്ലത് അതൊരു സാമൂഹ്യ നന്മയ്ക്കുപയോഗിക്കുകയാണല്ലോ എന്ന് അസോസിയേഷൻ. ഒപ്പം നഷ്ടം നികത്താൻ സർക്കാരിന്റെ സഹായമുണ്ടാകുമെന്ന പ്രതീക്ഷയുമുണ്ട് ഇവർക്ക്.

മോസ്കോയിൽ താത്കാലിക ആശുപത്രിയുടെ നിർമാണത്തിൽ റഷ്യൻ സൈനികർ.

ഫുട്ബോൾ മൈതാനത്ത് കൊവിഡ് വാർഡ്

2014ലെ ഫിഫ ലോകകപ്പിനും 2016 ഒളിംപിക്സിനും ആതിഥ്യമേകിയ ബ്രസീസിലെ മാറക്കാന ഫുട്ബോൾ സ്റ്റേഡിയവും ആശുപത്രിയായി രൂപം മാറുകയാണ്. കൺവെൻഷൻ സെന്ററുകളടക്കമുള്ളവ നേരത്തേ തന്നെ ആശുപത്രിയാക്കി മാറ്റിയിരുന്നു ബ്രസീൽ ഭരണകൂടം. എന്നാൽ, അടിയന്തര സാഹചര്യം നേരിടാൻ ഇതു മതിയാവില്ലെന്നു കണ്ടതോടെയാണ് 78,000 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള സ്റ്റേഡിയത്തെ ആശുപത്രിയാക്കുന്നത്. ഇവിടെ മറ്റു രണ്ട് ആശുപത്രികൾ നേരത്തേ തന്നെ ആശുപത്രിയാക്കി മാറ്റിയെടുത്തിരുന്നു.

തയാറെടുത്ത് ഇന്ത്യയും

എൻഐടിയുടെ ഹിമാചൽപ്രദേശിലെ ഹോസ്റ്റൽ ആശുപത്രിയാക്കി മാറ്റുന്നതുൾപ്പെടെ നിരവധി തയാറെടുപ്പുകൾ നടത്തിയിട്ടുണ്ട് ഇന്ത്യ. സൈനിക ആശുപത്രികളെല്ലാം കൊവിഡ് രോഗികൾക്കു വേണ്ടി മാറ്റിയതിനൊപ്പം സൈനികാവശ്യത്തിനുള്ള സമുച്ചയങ്ങൾ പലതും ആശുപത്രികളാക്കി. ഇതിനു പുറമെ ആവശ്യമെങ്കിൽ റെയ്ൽ കോച്ചുകളും ആശുപത്രിയാക്കി മാറ്റുമെന്നാണു മറ്റൊരു റിപ്പോർട്ട്. കപൂർത്തലയിലെ റെയ്ൽ കോച്ച് ഫാക്റ്ററിയിൽ എൽഎച്ച്ബി കോച്ചുകൾ ഐസൊലേഷൻ വാർഡുകളാക്കി മാറ്റുന്നതിനുള്ള തയാറെടുപ്പുകൾ തുടങ്ങിയതായി ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തു.

ഈ ഒമ്പതുപേർ വലിയൊരു മാതൃകയാണ്..!

■ വിദേശത്തു നിന്നെത്തി സ്വയം ക്വാറന്റൈനിൽ പ്രവേശിച്ചു

വിദേശത്തു നിന്നെത്തി സ്വയം ക്വാറന്റൈനിൽ പ്രവേശിച്ച് കോട്ടയം അതിരമ്പുഴയിൽ കഴിയുന്നവർ.

ബിനീഷ് മള്ളൂശേരി

കോട്ടയം: കപ്പലിലെ ജീവനക്കാരായ ഒമ്പതുപേർ സ്വയം ക്വാറന്റൈനിൽ പ്രവേശിച്ചു സമൂഹത്തിന് മാതൃകയായി. സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലുള്ളവരാണ് സ്വന്തം വീട്ടുകാരെപ്പോലും അറിയിക്കാതെ വിദേശത്തുനിന്നും വരുന്ന വഴി തന്നെ കോട്ടയത്തെ ഒരു വീട്ടിൽ ഒതുങ്ങി ബ്രേക്ക് ദി ചെയ്നിൽ അണിചേർന്നത്.

കപ്പൽ ജീവനക്കാരായ ഇവർ ഷാർജയിൽ നിന്നും ഇറാനിൽ പോയി. തിരികെ ഷാർജയിലെത്തി. അവിടെ നിന്നും ദുബായി വഴി കഴിഞ്ഞ 12ന് രാവിലെ കൊച്ചിയിലിറങ്ങി. തങ്ങളെ കൂട്ടിക്കൊണ്ടുപോകാൻ വിമാനത്താവളത്തിൽ വന്ന വാഹനത്തിന്റെ ഡ്രൈവറെ ബസിൽ കയറ്റിവിട്ട് ഈ ഒമ്പതുപേർ ആ വാഹനത്തിൽ തങ്ങളുടെ സൂപ്രണ്ടായ തോമസ് ഏബ്രഹാമിന്റെ കോട്ടയം അതിരമ്പുഴയിലുള്ള പോളയ്ക്കാട്ടിൽ വീട്ടിലെത്തി അവിടെ തങ്ങുകയായിരുന്നു.

കോട്ടയം പുലിക്കുട്ടിശേരി സ്വദേശി ഡോൺ ജോസഫ്, കോട്ടയം വടവാതൂർ ബബി സാമുവൽ, തൃശൂർ പെരിങ്ങോട്ട് കര ഷാനവാസ് ഷംസുദീൻ, പത്തനംതിട്ട സ്വദേശി സന്തോഷ് പി. ജോൺ, പിറവം മുളക്കുളം നോർത്ത് റുഡോൾഫ് കുരിയാക്കോസ്, ചെങ്ങന്നൂർ തിട്ടമേൽ മിനുകുമാർ, കായംകുളം പള്ളിക്കൽ രതീഷ്കുമാർ, ചെങ്ങന്നൂർ പാണ്ടനാട് കോശി പി. ജോൺ എന്നിവരാണ് സമൂഹ നന്മയെ കരുതി സ്വയം ക്വാറന്റൈനിൽ പ്രവേശിക്കാൻ തീരുമാനമെടുത്തത്.

12ന് കൊച്ചിയിൽ വിമാനത്താളത്തിലെ പരിശോധന പൂർത്തിയാക്കി. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഇവരോട് വീട്ടിൽ പൊയ്ക്കോളാനും സൂക്ഷിച്ചാൻ മതിയെന്നും പറഞ്ഞു. എന്നാൽ റിസ്ക് എടുക്കേണ്ടെന്നായിരുന്നു പൊതുവായ തീരുമാനം. പിന്നെ ഒന്നും ആലോചിച്ചില്ല. തങ്ങളുടെ സൂപ്രണ്ട് തോമസ് ഏബ്രഹാമിന്റെ അതിരമ്പുഴയിൽ ഒഴിഞ്ഞുകിടക്കുന്ന വീട്ടിലേക്ക്. 25ന് ഇവർ 14 ദിവസം പൂർത്തിയാക്കി. അന്നു വീട്ടിൽപ്പോകാൻ ഒരുങ്ങുമ്പോഴാണ് രാജ്യം മുഴുവൻ ലോക് ഡൗൺ പ്രഖ്യാപിച്ചത്. ഇനി ഏപ്രിൽ 14ന് വിഷുവും കൂടി കഴിഞ്ഞേ ഇവർ അതിരമ്പുഴയിൽ നിന്നു മടങ്ങൂ.

തോമസ് ഏബ്രഹാമിന്റെ ഭാര്യ ഭക്ഷണസാധനങ്ങൾ വീടിന്റെ ഗേറ്റിൽ കൊണ്ടുവയ്ക്കും. സാധനങ്ങൾ വാങ്ങിക്കൊടുക്കും. സാധനങ്ങളുടെ പണം കൊടുത്താൽ തോമസ് വാങ്ങില്ലെന്ന് ഇവർ പറയുന്നു. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ വിളിച്ചുപറഞ്ഞപ്പോൾ ഒരു തവണ വീട്ടുസാധനങ്ങൾ എത്തിച്ചു. പിന്നെയെല്ലാം അദ്ദേഹത്തിന്റെ കാരുണ്യത്തിലാണ്. എല്ലാവരും കൂടി പാചകം ചെയ്യും. തമാശ പറഞ്ഞും സിനിമ കണ്ടും പുസ്തകം വായിച്ചും ചീട്ടുകളിച്ചും സമയം കളയുന്നു. വീട്ടുകാരെ അറിയിക്കാത്തത് അവർ പരിഭ്രാന്തരാകേണ്ട എന്നു കരുതിയാണ്. കപ്പലിലാണെങ്കിൽ സുരക്ഷിതമാണെന്ന് അവർ ആശ്വസിച്ചോളും. ഒമ്പതു പേരിൽ ഏഴുപേരും വിവാഹിതരാണ്. കൊറോണയ്ക്കെതിരെ പോരാടാൻ സർക്കാരും പൊലീസും ആരോഗ്യ പ്രവർത്തകരും അടക്കം രാപ്പകലില്ലാതെ കഷ്ടപ്പെടുമ്പോൾ തങ്ങൾക്കിതൊന്നും ബാധകമല്ലെന്ന ഭാവത്തിൽ നിരത്തിലിറങ്ങുന്നവർക്ക് ഇവർ ഒരു പാഠമാണ്.

രോഗപ്പകർച്ചയിൽ നേരിയ കുറവെന്ന് കേന്ദ്രം

ന്യൂഡൽഹി: അടച്ചുപൂട്ടൽ പ്രഖ്യാപിച്ച് ദിവസങ്ങൾ പിന്നിടുമ്പോൾ രാജ്യത്തിന് നേരിയ ആശ്വാസം നൽകുന്ന വാർത്തയുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. രോഗപ്പകർച്ചയുടെ തോതിൽ നേരിയ കുറവുണ്ടെന്ന് ആരോഗ്യ മന്ത്രാലയ ജോയിന്റ് സെക്രട്ടറി ലവ അഗർവാൾ. ഓരോ ദിവസവും റിപ്പോർട്ട് ചെയ്യുന്ന രോഗബാധിതരുടെ എണ്ണത്തിൽ നേരിയ കുറവുണ്ട്. എങ്കിലും ഇത് പൂർണമായി ആശ്വസിക്കാനുള്ള റിപ്പോർട്ടല്ലെന്നും അഗർവാൾ.

സാമൂഹിക അകലം പാലിക്കുക മാത്രമാണ് രോഗം നിയന്ത്രിക്കാനുള്ള മാർഗം. അങ്ങനെയെ കൊറോണയെ തുരത്താനാവൂ. ഇതിൽ എല്ലാവരും ഒരേപോലെ പങ്കാളികളാകണം. ആരെങ്കിലും ഒരാൾ അബദ്ധം കാണിച്ചാൽ പോലും ചെയ്തതെല്ലാം പാഴാകും.

രാജ്യത്ത് സാമൂഹിക വ്യാപനമുണ്ടായതായി ഇതേവരെ സൂചനകളില്ല. എന്നാൽ, സർക്കാരും ജനങ്ങളും ഒരു മനസോടെ പ്രവർത്തിക്കുകയും മാർഗനിർദേശങ്ങൾ പാലിക്കുകയും ചെയ്തില്ലെങ്കിൽ നമ്മുടെ തന്ത്രങ്ങളൊന്നും വിലപ്പോവില്ല. സാമൂഹിക അകലം പാലിക്കുകയും രോഗികളെ കൃത്യമായി കണ്ടെത്തി സമ്പർക്ക വിലക്കിലാക്കുകയും ചെയ്താൽ ഇന്ത്യയിൽ സാമൂഹിക വ്യാപനമുണ്ടാവില്ലെന്നും അഗർവാൾ പറഞ്ഞു.

സർക്കാർ നടപടികൾ ശക്തമെന്നു വിലയിരുത്തിയ ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) പ്രതിനിധി ആർ. ഗംഗാഖേഡ്കർ, മാർഗനിർദേശങ്ങൾ പാലിച്ചാൽ രാജ്യത്ത് കൊവിഡ് 19 രോഗികളുടെ എണ്ണം നിയന്ത്രിക്കപ്പെടുമെന്ന് ചൂണ്ടിക്കാട്ടി.

മാധ്യമപ്രവർത്തകൻ ഉല്ലാസ് ചന്ദ്രൻ അന്തരിച്ചു

കോട്ടയം: മാധ്യമപ്രവർത്തകൻ അയർക്കുന്നം അരീപ്പറമ്പ് കൊട്ടാരത്തിൽ ഉല്ലാസ് ചന്ദ്രൻ (41) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ ഒൻപതിന് വീട്ടുവളപ്പിൽ. ചന്ദ്രശേഖരൻ നായരാണ് പിതാവ്. ഭാര്യ: അനിത (കൂരോപ്പട കിഴക്കേതിൽ കുടുംബാംഗം). മക്കൾ : അഭിരാം, അഭിനന്ദ്, അഭിനവ്.

ഉല്ലാസ് ജന്മഭൂമിയിലൂടെയാണ് മാധ്യമപ്രവർത്തന രംഗത്തേക്ക് വരുന്നത്. തുടർന്ന് ദീപികയിലും അതിനുശേഷം മംഗളത്തിലും സബ് എഡിറ്ററായിരുന്നു. 2019 നവംബർ മുതൽ സത്യം ഓൺലൈനിൽ സബ് എഡിറ്ററായിരുന്നു. സ്വന്തം നാട്ടിലെ വാർത്തകൾ പുറംലോകത്തെത്തിക്കുന്നതിനായി അരീപ്പറമ്പ് ന്യൂസ് എന്ന പേരിൽ ഫെയ്സ്ബുക്ക് പേജും കൈകാര്യം ചെയ്തിരുന്നു. രോഗബാധിതനായി ചികിത്സയിലിരിക്കെ വ്യാഴാഴ്ച രാവിലെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലായിരുന്നു അന്ത്യം.

രാജൻ

വടക്കഞ്ചേരി: തോന്നല്ലൂർ മുളക്കൽ മണലന്റെ മകൻ രാജൻ (47) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഷീജ. മക്കൾ: അഞ്ജു, അതുല്യ.

എം.ജെ. ഉമ്മൻ

കല്ലൂപ്പാറ:മാത്തുംഭാഗം വടക്ക് മാരേട്ട് മണ്ണഞ്ചേരിൽ എം.ജെ. ഉമ്മൻ (94). വഡോദരയിൽ മകൻ ചെറിയാൻ മാരേട്ടിന്റെ വസതിയിൽ അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ നിറ്റേപ്പുറം വേങ്ങൽ പരേതയായ ഏലിയാമ്മ. ജോസഫ് ഉമ്മൻ (വഡോദര), ബാബു ഉമ്മൻ (ഫിലാഡൽഫ്യ), മോളി എന്നിവരാണ് മറ്റുമക്കൾ. മരുമക്കൾ: ബീന (റിട്ട അധ്യാപിക), ജെസി (ഫിലാഡൽഫ്യ), ജോളി (യൂണിയൻ ബാങ്ക് റിട്ട. ഉദ്യോഗസ്ഥ, വഡോദര), ചെന്നിത്തല കോട്ടപ്പുറത്ത് റജി.

സുഭാഷ്

അടൂർ:മേലൂട് ഉത്രാടത്തിൽ സുഭാഷ് (50) അന്തരിച്ചു. സംസ്കാരം നടത്തി.

ലീലാമ്മ

വൈപ്പിൻ: എടവനക്കാട് പരേതനായ ചുങ്കത്ത് ഗോപാലകൃഷ്ണ മേനോന്റെ ഭാര്യ വടക്കുഞ്ചേരിൽ വി. ലീലാമ്മ (89) അന്തരിച്ചു. മക്കൾ: രാജു (റിട്ട. ജില്ലാ കോടതി സീനിയർ സൂപ്രണ്ട്), രാധാകൃഷ്ണൻ (റിട്ട. സഹകരണ ജോയിന്റ് രജിസ്ട്രാർ), രത്നം, മോഹൻദാസ്. മരുമക്കൾ: മായ, ഗിരിജാദേവി, മോഹനൻ, സ്മിത.

ടി.കെ. സരോജിനി

പാറശാല: സാന്ത്വനത്തിൽ പരേതനായ ഡിസിസി അംഗം പി.ആർ ബാബുവിന്റെ ഭാര്യ പാറശാല ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ടി.കെ. സരോജിനി (60) അന്തരിച്ചു. മക്കൾ: ഡോ. ഷൈനി, എസ്. ബാബു, ഡോ. ഷെറിൻ എസ് ബാബു. മരുമക്കൾ: ബെന്നറ്റ് സെൽവൻ, ഡോ. റെജിൻ.

ബി.എസ്.രാമചന്ദ്രൻ പിള്ള

കലയ്ക്കോട്: പരവൂർ എസ്എൻവിജിഎച്ച്എസ് റിട്ട.അധ്യാപകൻ ഭാസ്കരയിൽ ബി.എസ്. രാമചന്ദ്രൻ പിള്ള (രാമുസാർ-58) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ശ്രീജ (അധ്യാപിക, ഗവ.യുപിഎസ് കലയ്ക്കോട്). മക്കൾ: ആര്യചന്ദ്രൻ, സൂര്യചന്ദ്രൻ. മരുമകൻ: സജീഷ്കുമാർ.

ഏലിയാമ്മ

കുമ്പനാട്:പാലമറ്റത്തിൽ പരേതനായ പി.എം. ഫിലിപ്പോസിന്റെ ഭാര്യ ഏലിയാമ്മ (തങ്കമ്മ-87) അന്തരിച്ചു. സംസ്കാരം പിന്നീട്. പരുമല തൈപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: രാജു, ജോയ്, ഓമന, മേഴ്സി, ബീന, ബിജി. മരുമക്കൾ: വത്സമ്മ, ലില്ലിക്കുട്ടി, ജോൺ, തമ്പി, സണ്ണി, ജയിംസ്.

പി.ഒ. ജോയ്

റാന്നി:വൈക്കം ഗവ. യുപിഎസ് റിട്ട. ഹെഡ്മാസ്റ്റർ വൈക്കം പാറാനിക്കൽ പി.ഒ. ജോയ് (93) അന്തരിച്ചു. ഭാര്യ: റാന്നി കളരിക്കമുറിയിൽ പെണ്ണമ്മ. മക്കൾ: ജെസി പി. ജോയ്, ഡെയ്സി പി. ജോയ്, സിസി പി. ജോയ്, സാബു പി. ജോയ്.

ജാൻസി

വൈപ്പിൻ: ഞാറക്കൽ പെരുമാൾപ്പടി കൊച്ചുതുണ്ടത്തിൽ റെജിയുടെ ഭാര്യ ജാൻസി (58) അന്തരിച്ചു. മക്കൾ: ബീന, ബിന്ദു, ബിൻസി. മരുമക്കൾ: നെൽസൺ, ബിജോയ്, അനൂപ്.

ജലജ കുമാരി. വി.എസ്

പോത്തൻകോട്: വാവറ അമ്പലം, ജനാർദ്ദനത്തിൽ വാമദേവൻ. സിയുടെ ഭാര്യ ജലജ കുമാരി.വി. എസ് (52) അന്തരിച്ചു. മകൻ: ഇന്ദ്രകൃഷ്ണൻ.വി.ജെ.

നന്ദകുമാരൻ പിള്ള

പരവൂർ:കുനയിൽ കൊച്ചാലുംമൂട് തെക്കേവിളയിൽ സുകുമാരൻ പിള്ളയുടെ മകൻ നന്ദകുമാരൻ പിള്ള (56) അന്തരിച്ചു. ഭാര്യ: ഷൈലാകുമാരി അമ്മ. മക്കൾ: നിഷ, നിതിൻ. മരുമക്കൾ: പ്രതീഷ്, നിമ്മു.

ഗോപിനാഥൻ പിള്ള

കൊട്ടിയം:വടക്കേമൈലക്കാട് എൽ.ജി ഭവനിൽ ഗോപിനാഥൻ പിള്ള (70) അന്തരിച്ചു. ഭാര്യ: ലീലാമണി. മക്കൾ: അനിൽകുമാർ, മിനി, സജി. മരുമക്കൾ: രമ്യ, പരേതനായ സബിൻ കുമാർ.

അന്നമ്മ ജോർജ്

കുണ്ടറ: എംജിഡി സ്കൂളിനു സമീപം കോട്ടൂരഴികത്ത് കൃപ വില്ലാസത്തിൽ പരേതനായ ജോർജ് ഫിലിപ്പിന്റെ ഭാര്യ അന്നമ്മജോർജ് (87) അന്തരിച്ചു. മക്കൾ: കെ.പി.ജോർജ്, മറിയം ജോർജ്, എലിസബത്ത്ജോർജ്, വർഗീസ്കെ. ജോർജ്. മരുമക്കൾ: ആനി ലീലാജോർജ്, ജോഷ്വാ ജോർജ്, ട്രൈസ് ജോർജ്, ആനി ഫിലിപ്പ്.

സി.സി.സേവ്യർ

കൊല്ലം: സ്വാതന്ത്ര്യസമര സേനാനി മതിലിൽ എഴ്ജല്ലൂർ ചിറയിൽ സി.സി. സേവ്യർ (90) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ എഡ്വിത്രേസ്യാമ്മ. മക്കൾ: സിസ്ഡ, സിബു, സാജൻ (ജില്ല കോടതി,കൊല്ലം). മരുമക്കൾ: ഡിക്സൺ, ബിനി.

അന്നമ്മ

വാര്യാപുരം:ഇളപ്പുറിയാരം മേലേതിൽ പുത്തൻപറമ്പിൽ കിഴക്കേതിൽ ഉണ്ണുണ്ണി മത്തായിയുടെ ഭാര്യ അന്നമ്മ (85) അന്തരിച്ചു.

ചന്ദ്രമതിയമ്മ

പറവൂർ: സി. മാധവൻ റോഡ് പോട്ടയിൽ ചന്ദ്രമതിയമ്മ (92) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ശ്യാമള, ശശിധരൻ, ലളിത, ഉഷാകുമാരി, രമാദേവി (അംഗൻവാടി ടീച്ചർ). മരുമക്കൾ: വേണുഗോപാൽ, ഷീല പരേതരായ വിജയൻ, ഹരി, നാരായണൻ.

താണ്ടു

പോട്ട പുതുശ്ശേരി കാട്ടാളൻ ജോർജിന്റെ ഭാര്യയും കല്ലേറ്റുംകര ബിവിഎം സ്കൂൾ റിട്ട. അധ്യാപികയുമായ താണ്ടു (78) അന്തരിച്ചു. സംസ്കാരം ഇന്ന് 11 മണിക്ക് ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ. മക്കൾ: ബോബി, വില്ലി, ജോബി. മരുമക്കൾ: ജാൻസി, ലാലി, ജൂലി.

വിമല

ആദിച്ചനല്ലൂർ: പ്ലാക്കാട് അജിത് ഭവനിൽ പരേതനായ കൃഷ്ണൻകുട്ടിയുടെ ഭാര്യ വിമല (73) അന്തരിച്ചു. മക്കൾ: അജിത്, അജിത. മരുമക്കൾ: സുഗന്ധി, രാധാകൃഷ്ണൻ.

ടി.രാജൻ

ശാസ്താംകോട്ട: ആരോഗ്യ വകുപ്പ് റിട്ട.ഉദ്യോഗസ്ഥൻ ശൂരനാട് വടക്ക് ടൂവിലെമുറി കലതിവിള തെക്കതിൽടി.രാജൻ (64) അന്തരിച്ചു. ഭാര്യ: കവിതമ്മ (ശാസ്താംകോട്ട ഐസിഡിഎസ് അങ്കണവാടി അധ്യാപിക). മക്കൾ: ആർ.അമൃതരാജ്, വി. ആതിര. മരുമക്കൾ: അശ്വതി, ബിമൽ രാജൻ.

സിന്ധു

മുഖത്തല: കൊല്ലം മെട്രോ സ്കാനിങ് സ്റ്റാഫ് ചെറിയേല മല്ലശ്ശേരി വീട്ടിൽ സുനിലിന്റെ ഭാര്യയും മുളവന കല്ലുംപുറത്ത് ബിന്ദുഭവൻ കുടുംബാംഗവുമായ സിന്ധു (37) അന്തരിച്ചു.

കാർത്ത്യായനിയമ്മ

പുതുശേരി:മുടനാംകുഴിയിൽ പരേതനായ രാമക്കുറുപ്പിന്റെ ഭാര്യ കാർത്ത്യായനിയമ്മ (95) അന്തരിച്ചു.

അലി

കളമശേരി: വട്ടേക്കുന്നം കുണ്ടംപറമ്പിൽ പരേതനായ മൊല്ല അഹമ്മദ് മകൻ അലി (68) (റിട്ട.ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻ) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: ഷംസുദ്ദീൻ, ഷെമീന. മരുമക്കൾ: റിയാസ്, സെനീറ.

ത്രേസ്യാമ്മ

ചാലക്കുടി റെയിൽവേ സ്റ്റേഷനു സമീപം മേയ്ക്കാട്ടുകുളം കല്ലിങ്ങൽ പരേതനായ തോമന്റെ ഭാര്യ ത്രേസ്യാമ്മ (92) അന്തരിച്ചു. സംസ്കാരം ഇന്ന് 9നു സെന്റ് മേരീസ് ഫൊറോന പള്ളിയിൽ. %മക്കൾ, റോസിലി, സിസ്റ്റർ ഹെൽഗ (മേരി), ആനി, പുഷ്പ, തോമസ്, ജെസി, ജയ്സൻ. മരുമക്കൾ: ആന്റു, വിൻസെന്റ്, ജോസ്, ലാലി, സേവ്യർ, പ്രിയ.

കെ.തങ്കമ്മയമ്മ

ചാത്തന്നൂർ:ഭൂതനാഥ ക്ഷേത്രത്തിനു സമീപം രാധാകൃഷ്ണഭവനിൽ (നമ്പറുവിള) പരേതനായ തങ്കപ്പൻ പിള്ളയുടെ ഭാര്യ കെ.തങ്കമ്മയമ്മ (88) അന്തരിച്ചു. മക്കൾ: പ്രേമചന്ദ്രൻ, വിജയലക്ഷ്മി, രാജലക്ഷ്മി, സീതാലക്ഷ്മി, പരേതരായ രാധാകൃഷ്ണൻ, രവീന്ദ്രൻ. മരുമക്കൾ: വിമല, രുക്മിണിയമ്മ, ശാന്തകുമാരിയമ്മ, ഗംഗാധരൻ ഉണ്ണിത്താൻ, രവീന്ദ്രകുറുപ്പ്, പരേതനായ സുധാകരൻ നായർ.

മറിയാമ്മ ഏബ്രഹാം

ചാത്തന്നൂർ:ചരുവിള പുത്തൻവീട്ടിൽ പരേതനായ സി.ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ ഏബ്രഹാം (91) അന്തരിച്ചു. മക്കൾ: അച്ചൻകുഞ്ഞ്, അന്നമ്മ, ജോൺ, തോമസ് (മലയാള മനോരമ കോയിപ്പാട് ഏജന്റ്). മരുമക്കൾ: റോസമ്മ, കുഞ്ഞുമോൻ, റോസമ്മ, ഏലിയാമ്മ (നഴ്സിങ് സൂപ്രണ്ട്, ഗവ.വിക്ടോറിയ ആശുപത്രി കൊല്ലം).

പരമേശ്വരൻ

വടക്കാഞ്ചേരി: മിണാലൂർ വടക്കേക്കര കാഞ്ഞങ്ങാട്ടുപടി പരമേശ്വരൻ (കൊച്ചുകുട്ടൻ - 70) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9 -ന് ചെറുതുരുത്തി പുണ്യ തീരത്ത്. ഭാര്യ: കാർത്ത്യായനി, മക്കൾ: അയ്യപ്പൻ, ഉണ്ണികൃഷ്ണൻ, അംബിക. മരുമക്കൾ: സുമതി, ബിന്ദു, വിനോദ്.

കോരുകുട്ടി

കാരൂർ: കൂടോളി കോരുകുട്ടി (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ജാനകി. മക്കൾ: ഷാജൻ, രതീഷ്, പരേതനായ രാജേഷ്. മരുമക്കൾ: ഷൈമോൾ, സൗമ്യ.

കെ.ചന്ദ്രൻപിള്ള

ഓച്ചിറ:മണപ്പള്ളി എസ്‌വിപിഎംഎൻഎസ്എസ് സ്കൂൾ റിട്ട.അധ്യാപകൻ അജിത് വിഹാറിൽ കെ.ചന്ദ്രൻപിള്ള (86) അന്തരിച്ചു. മക്കൾ: കെ.സി.അനിൽ കുമാർ, കെ.സി.അജിത കുമാരി. മരുമക്കൾ: ഐ. ഉമാദേവി, ജി.പി.അജിത്കുമാർ (ജില്ലാ സെക്രട്ടറി, വിശ്വഹിന്ദുപരിഷത്).

ഗ്രേസി ഫിലിപ്പ്

പുനലൂർ:നെടുങ്കയം ഏലായിൽ വീട്ടിൽ പരേതനായ കെ.ഫിലിപ്പോസിന്റെ ഭാര്യ ഗ്രേസി ഫിലിപ്പ് (91) അന്തരിച്ചു. മക്കൾ: ബാബു, ബോബൻ, ശോഭൻ, കുഞ്ഞുമോൾ, പരേതരായ മോഹൻ, സാജ. മരുമക്കൾ: പൊന്നമ്മ, ലില്ലി, മെർലിൻ, മിനി, മെർലിൻ, വിക്ടർ.

പി.കെ.കമലൻ

പുന്നല:ശ്യാമളാലയത്തിൽ പി.കെ.കമലൻ (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: എസ്.ശ്യാമള (ബ്ലോക്ക് പഞ്ചായത്ത് മുൻ അംഗം). മക്കൾ: ശൈത്യ, ശോഭ. മരുമക്കൾ: സുബിൻ, അനിൽ.

ചെല്ലപ്പൻ

ഓച്ചിറ: വരവിള പെരുമാന്തഴ കവിതാഭയിൽ ചെല്ലപ്പൻ (95) അന്തരിച്ചു.

കെ.ആർ. വിജയം

വടക്കാഞ്ചേരി: ഉത്രാളിക്കാവ് വടക്കാഞ്ചേരി വിഭാഗം സെക്രട്ടറി എം എസ് നാരായണന്റെ അമ്മ കെ.ആർ. വിജയം (81) ചെന്നൈയിൽ അന്തരിച്ചു. സംസ്കാരം ചെന്നൈയിൽ നടത്തി. മറ്റു മക്കൾ: പ്രമീള, രജനി, രാധിക, മരുമക്കൾ: തങ്കം, കണ്ണൻ, ശ്രീനിവാസൻ , രാമനാഥ്.

ജയിംസ്

കാരൂർ: പാറയ്ക്കൽ ഞർളേലി ജയിംസ് (58) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മോളി. മക്കൾ: സ്റ്റെഫിൻ, എഫിൻ. മരുമകൾ: സ്റ്റെനി.

പങ്കജാക്ഷിയമ്മ

കോട്ടാത്തല: കൊട്ടാരത്തിൽ വീട്ടിൽ പരേതനായ പരമേശ്വരൻപിള്ളയുടെ ഭാര്യ പങ്കജാക്ഷിയമ്മ (80) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: വിജയകുമാർ (റിട്ട.കെഎസ്ആർടിസി), രാജൻപിള്ള (ഗൾഫ്), വിജയലക്ഷ്മി, വസന്തകുമാരി (അങ്കണവാടി അധ്യാപിക), രാധാകൃഷ്ണപിള്ള, വത്സലകുമാരി, സന്തോഷ്കുമാർ, ഇന്ദിര, സുജ. മരുമക്കൾ: ലതാകുമാരി (റിട്ട. എച്ച്എസ്എസ് പൂവാറ്റൂർ), ബിനുരാജ്, രാമചന്ദ്രൻപിള്ള, രാധാകൃഷ്ണപിള്ള, രാധാകൃഷ്ണപിള്ള, ആർ.കെ.ജി. നായർ, രാധാകൃഷ്ണപിള്ള, മണിക്കുട്ടൻ (ഗോവ), പരേതയായ രാജലക്ഷ്മി.

തങ്കമ്മ

പരവൂർ:ഒല്ലാൽ മേത്തൻ വിളയിൽ പരേതനായ ഗുരുദാസന്റെ ഭാര്യ തങ്കമ്മ (96) അന്തരിച്ചു.

കെ.ജോസഫ് ജോൺ

പത്തനാപുരം:എച്ച്എംടി റിട്ട.ജനറൽ മാനേജർ കുരിയോട് പുത്തൻവീട്ടിൽ കെ.ജോസഫ് ജോൺ (തമ്പിച്ചൻ-81) അന്തരിച്ചു. ഭാര്യ: ലാലു. മകൻ: വിനോദ്. മരുമകൾ: ഡോ.നീനാജോൺ (ബാപ്പിസ്റ്റ് ഹോസ്പിറ്റൽ).



ബർണബാസ് ഫ്രാൻസിസ്

വെള്ളറട: കുന്നത്തുകാൽ എൽ.ആർ ഭവനിൽ ബർണബാസ് ഫ്രാൻസിസ് (റിട്ട. അധ്യാപകൻ സർവോദയ സ്കൂൾ - 68) അന്തരിച്ചു. ഭാര്യ: മേക്സി വർഗ്ഗീസ്. മക്കൾ: വോനോദ്, അനുഷ്.

അലവി

നന്നമ്പ്ര: തെയ്യാല സ്വദേശി പയനാട്ട് കൊടാശേരി അലവി (67) അന്തരിച്ചു. ഭാര്യ: ഫാത്തിമ. മക്കൾ: ജാഫർ (സൗദി അറേബ്യ), പി.കെ. നജീബ്, ഫാസിൽ, ഷഫീക്, ഹഫ്സിയ, ഹാജറ. മരുമക്കൾ: അബ്ദുറഹിമാൻ പറമ്പിൽ പീടിക, മുനീർ തിരൂർ, സീനത്ത്, ഫാത്തിമസുഹറ, റുബീന. സഹോദരങ്ങൾ: പി.കെ.ടി. മുഹമ്മദ് ഹാജി, കുഞ്ഞാലി, കുഞ്ഞിപ്പാത്തു ഹജ്ജുമ്മ, തിത്തുട്ടി ഹജ്ജുമ്മ, പരേതരായ ആലി മുഹമ്മദ് ഹാജി, പി.കെ. പോക്കർ.

അമീർ

കൊട്ടിയം: ഉമയനല്ലൂർ അമീർ മൻസിലിൽ പരേതനായ സലാഹുദ്ദീന്റെയും ഹുസൈബ ബീവിയുടെയും മകൻ അമീർ (37) അന്തരിച്ചു.

അജയഘോഷ്

ചാത്തന്നൂർ: കുമ്മല്ലൂർ സരസ്വതി മന്ദിരത്തിൽ അജയഘോഷ് (67) അന്തരിച്ചു.

പി. തങ്കപ്പൻ

വെള്ളറട: നെയ്യാറ്റിൻകര കൊടങ്ങാവിള കുഴിവിള മേലേപുത്തൻ വീട്ടിൽ പി. തങ്കപ്പൻ (76) അന്തരിച്ചു. ഭാര്യ: രാജമ്മ. മക്കൾ: അനിത, സുനിത, ജോയി, പരേതനായവിജയൻ. മരുമക്കൾ: ജോളി, ബിനു, ബിനു, അനിത.



ജോസഫ്

കാലടി:കൊറ്റംകോയിക്കര പൈലി മകൻ ജോസഫ് (ഔസേഫ് -65) സംസ്കാരം കൊറ്റം സെന്റ് ജോസഫ് ദേവാലയത്തിൽ നടത്തി. ഭാര്യ: ത്രേസ്യാമ്മ മങ്കുഴി ഇടവക തോട്ടകര കുടുംബാംഗം. മക്കൾ: റീബ, റോബി (ഇറ്റലി), റിയ. മരുമക്കൾ: ഷിജു, ഇസബെല്ല, ജോമോൻ.

അച്ചാമ്മ

പട്ടാഴി: കുഴിവിള പുത്തൻവീട്ടിൽ പരേതനായ ഒ. ജോർജിന്റെ ഭാര്യ പുളിമൂട്ടിൽ കുടുംബാംഗം അച്ചാമ്മ (95) അന്തരിച്ചു. മക്കൾ: തങ്കച്ചൻ, തോമസ്, രാജു, ബാബു, പരേതയായ സൂസി. മരുമക്കൾ: കുഞ്ഞമ്മ, ലിസി, ബാബു, ലിസി ജെസി.

ശാരദ

കൊല്ലം:കാവനാട് കുരിപ്പുഴ കരിപ്പുറയം ശ്രീഭവനിൽ പരേതനായ ശ്രീധരന്റെ ഭാര്യ ശാരദ (78) അന്തരിച്ചു. മക്കൾ: ലതിക, രമാസുധൻ.

എൽ. ജാനകിയമ്മ

വെള്ളറട: പെരുങ്കടവിള തത്തമല ഭാരതിയത്തിൽ പരേതനായ കെ. രാഘവൻ പിള്ളയുടെ ഭാര്യ എൽ. ജാനകിയമ്മ (91) അന്തരിച്ചു. മക്കൾ: ലീലാകുമാരി, ഉണ്ണികൃഷ്ണൻ നായർ, വത്സലകുമാരി, ശ്രീകുമാരൻ നായർ, ഹരികുമാർ, ശ്രീകലകുമാരി, പരേതനായ ശക്തിധരൻ നായർ. മരുമക്കൾ: ജി. ശ്രീകണ്ഠൻനായർ, എസ്. അംബിക, വനജകുമാരി, കെ. കൃഷ്ണൻനായർ, എൽ. റാണി, സി. ഷീലാകുമാരി, ഗോപകുമാർ.

ത്രേസ്യാമ്മ

മുഹമ്മ: മാരാരിക്കുളം വടക്ക് പഞ്ചായത്ത് 14-ാം വാർഡ് പുത്തൻപുരയ്ക്കൽ പരേതനായ ഐസനോവറിന്റെ ഭാര്യ ത്രേസ്യാമ്മ അന്തരിച്ചു. മക്കൾ: മേരി ദാസി, യേശുദാസ്, ലോപ്പസ്, വില്യംസ്, സെബാസ്റ്റ്യൻ. മരുമക്കൾ: ചാക്കോച്ചൻ, ലിസ, ഷീജ, ഗ്രേസി.

ലീലാമണിയമ്മ

നീലേശ്വരം: മുണ്ടപ്പള്ളിൽ വീട്ടിൽ ചന്ദ്രശേഖരൻ പിള്ളയുടെ ഭാര്യ ലീലാമണിയമ്മ (64) അന്തരിച്ചു. മക്കൾ: സുജാകുമാരി, സുജിത്ത്. മരുമക്കൾ: അജയകുമാർ, അശ്വതി.

ചക്ക പറിക്കുന്നതിനിടെ യുവാവ് വൈദ്യുതാഘാതമേറ്റ് മരിച്ചു

കാഞ്ഞിരപ്പള്ളി: വീട്ടുമുറ്റത്തെ പ്ലാവിൽ നിന്നും ചക്ക പറിക്കുന്നതിനിടെ യുവാവ് വൈദ്യുതാഘാതമേറ്റ് മരിച്ചു. ഒപ്പമുണ്ടായിരുന്ന പിതാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിഴിക്കത്തോട് പനച്ചേപ്പള്ളി പൈനുംമൂട്ടിൽ ഡൊമിനിക്കിന്റെ മകൻ ജിക്കു (25) വാണ് മരിച്ചത്. പരുക്കേറ്റ ഡൊമിനിക്ക് ചികിത്സയിലാണ്. രാവിലെ 11.30 ഓടെയായിരുന്നു സംഭവം.

ജിക്കു

ചക്ക പറിക്കുന്നതിനായി പ്ലാവിന് സമീപത്തെ റബ്ബർ മരത്തിൽ അലുമിനിയം ഏണി ചാരിവച്ച് കയറുമ്പോഴാണ് അപകടമുണ്ടായത്. ഏണി ചെരിഞ്ഞ് 11 കെവി ലൈനിൽ വീണതോടെ യുവാവിനും പിതാവിനും വൈദ്യുതാഘാതം ഏൽക്കുകയായിരുന്നു. ഉടനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കോട്ടയത്ത് സ്വകാര്യ ബാങ്കിലെ ജീവനക്കാരനായിരുന്നു ജിക്കു.

പനി ബാധിച്ചു മരിച്ചയാൾക്ക് കൊറോണയില്ലെന്നു സ്ഥിരീകരിച്ചു

പറവൂർ: പനി ബാധിച്ച് മരിച്ചയാൾക്ക് കോവിഡ് 19 ഇല്ലെന്ന് സ്ഥിരീകരിച്ചു. തുടർന്ന് പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം വടക്കേക്കര ജുമാ മസ്ജിദ് കബർസ്ഥാനിൽ കബറടക്കി. വടക്കേക്കര ജുമാ മസ്ജിദ് ഖത്തീബായിരുന്ന പരേതനായ സെയ്ത് മുഹമ്മദ് മൗലവിയുടെ മകൻ സാദിഖലി (45)യുടെ മൃതദേഹമാണ് സംസ്കരിച്ചത്. പനി ബാധിതനായിരുന്ന സാദിഖലി വിളിച്ചിട്ട് ഉണരാതിരുന്നതിനാൽ കഴിഞ്ഞ തിങ്കളാഴ്ച രാത്രി വീട്ടുകാർ മുത്തകുന്നത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും മരിച്ചിരുന്നു. ഇതിനിടെ നാട്ടുകാരിൽ ചിലർ കൊറോണ വൈറസ് ബാധ സംശയം പൊലീസിൽ ഉന്നയിച്ചതിനെ തുടർന്ന് ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് കൊണ്ടുപോയിരുന്നു. സ്രവം എടുത്ത് പരിശോധന നടത്തി വൈറസ് ബാധയില്ലെന്ന് വ്യാഴാഴ്ച രാവിലെയാണ് സ്ഥിരീകരിച്ചത്. കബറടക്ക ചടങ്ങുകളിൽ അടുത്ത ബന്ധുക്കളായ 16 പേർ മാത്രമാണ് പങ്കെടുത്തത്. വീട്ടിൽ നിന്നും തൊട്ടടുത്ത പള്ളിയിലല്ലാതെ യാത്രകളൊന്നും ചെയ്തിട്ടില്ലാത്ത തന്റെ സഹോദരന് വൈറസ് ബാധയില്ലെന്ന് തങ്ങൾക്ക് ഉറപ്പായിരുന്നെങ്കിലും ചിലരുടെ ആശങ്കകൾ അകറ്റുന്നതിനാണ് പോസ്റ്റ്മോർട്ടത്തിന് തയാറായതെന്ന് സാദിഖലിയുടെ സഹോദരൻ സക്കരിയ പറഞ്ഞു.

സാദിഖലി

യുവാവിന്റെ ഭീഷണി മൂലം ദേഹത്ത് തീകൊളുത്തി പൊള്ളലേറ്റ വിദ്യാർത്ഥിനി മരിച്ചു

കളമശേരി : യുവാവിന്റെ ഭീഷണി മൂലം ദേഹത്ത് തീകൊളുത്തി ഗുരുതരമായി പൊള്ളലേറ്റ വിദ്യാർത്ഥിനി മരണപ്പെട്ടു. കങ്ങരപ്പടി പല്ലങ്ങാട്ട് മുകൾ ഗോപിക സാബു (17) വാണ് ബുധനാഴ്ച രാത്രി ഒമ്പത് മണിയോടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരിക്കെ മരിച്ചത്. കഴിഞ്ഞ 19നാണ് പ്ലസ് വൺ വിദ്യാർത്ഥിനിയായ ഗോപിക വീട്ടിൽ മണ്ണെണ്ണ ഒഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചത്.

ഗോപിക സാബു

അയൽപ്പക്കത്തെ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന കാഞ്ഞങ്ങാട് സ്വദേശിയായ സിബി (19) വിദ്യാർഥിനിയെ പതിവായി ശല്യപ്പെടുത്തിയിരുന്നതായി വീട്ടിൽ അറിയിച്ചിരുന്നു. ആത്മഹത്യയ്ക്ക് ശ്രമിച്ച ദിവസം രാവിലെ ഇയാൾ കുട്ടിയെ തടഞ്ഞ് നിർത്തി ഭീഷണിപ്പെടുത്തിയിരുന്നു. തുടർന്നും ആക്രമണമുണ്ടാകുമെന്ന് ഭയന്നാണ് വിദ്യാർത്ഥിനി ദേഹത്ത് തീ കൊളുത്തിയത്. കേസിൽ സിബി റിമാന്റിലാണ്. സ്വകാര്യ ബസ് ജീവനക്കാരനായിരുന്ന ഇയാൾ ലഹരിക്കും കഞ്ചാവിനും അടിമയാണെന്ന് നാട്ടുകാർ പറഞ്ഞു.

ഗുരുതരമായി പൊള്ളലേറ്റ ഗോപികയെ കളമശേരി ഗവ. മെഡിക്കൽ കോളജിലാണ് പ്രവേശിപ്പിച്ചിരുന്നത്. തുടർന്ന് ആശുപത്രി കോവിഡ് ചികിത്സാ കേന്ദ്രമായി മാറ്റിയത് കൊണ്ട് തിങ്കളാഴ്ച എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. പിതാവ് സാബു കൂലിപ്പണിക്കാരനാണ്. മാതാവ് സിനി, നാലു വയസുകാരനായ ഗോവിന്ദ് സഹോദരനാണ്.

സാനിറ്റൈസർ കഴിച്ച് റിമാൻഡ് തടവുകാരൻ മരിച്ചു

പാലക്കാട്: മലമ്പുഴയിലുള്ള ജില്ലാ ജയിലിൽ റിമാൻഡ് തടവുകാരൻ സാനിറ്റൈസർ കഴിച്ച് മരിച്ചു. മുണ്ടൂർ മാമ്പുള്ളിപ്പുരയിൽ അയ്യപ്പന്റെ മകൻ രാമൻകുട്ടി (36) ആണ് മരിച്ചത്. 25ന് രാവിലെ പത്തുമണിക്ക് ഛർദിയെ തുടർന്ന് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയിലിരിക്കെ ഇന്നലെ രാവിലെ പത്തരയോടെയാണ് മരിച്ചത്. മജിസ്റ്റീരിയൽ അന്വേഷണവും ആർ.ഡിഒ ഇൻക്വസ്റ്റും നടത്തി. രണ്ടു മോഷണക്കേസുകളിൽ പ്രതിയായ രാമൻകുട്ടി ഫെബ്രുവരി 18ന് ആണ് റിമാൻഡിലായി ജില്ലാ ജയിലിൽ എത്തിയത്. കോവിഡ് 19 വൈറസ് വ്യാപനം പ്രതിരോധിക്കുന്നതിനായി ഈ മാസം 17 മുതൽ ജില്ലാ ജയിലിൽ സാനിറ്റൈസർ നിർമാണം ആരംഭിച്ചിരുന്നു. നിശ്ചിത അളവിൽ ആൽക്കഹോളും മറ്റ് അസംസ്കൃത വസ്തുക്കളും ചേർത്താണ് സാനിറ്റൈസർ ഉത്പാദിപ്പിക്കുന്നത്. മുണ്ടൂർ ഐ.ആർ.ടി.സിയുടെ മേൽനോട്ടത്തിൽ തടവുകാർ തന്നെയാണ് ഇവ നിർമിക്കുന്നത്. 24ന് രാമൻകുട്ടിയെ സാനിറ്റൈസർ കുപ്പികളിൽ ലേബൽ ഒട്ടിക്കുന്നതിനായി നിയോഗിച്ചിരുന്നു. അന്ന് വൈകിട്ടോവാം ഇയാൾ സാനിറ്റൈസർ കഴിച്ചതെന്നാണ് അധികൃതരുടെ നിഗമനം. മൃതദേഹം തൃശൂർ മെഡിക്കൽ കോളജിലെ പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

രാമൻകുട്ടി

ടാങ്കർ ലോറിയിടിച്ച് രണ്ട് പേർ മരിച്ചു; ഒരാൾക്ക് പരുക്ക്

തുറവൂർ: നിയന്ത്രണം തെറ്റിയ ടാങ്കർ ലോറിയിടിച്ച് ബൈക്ക് യാത്രികനും സൈക്കിൾ യാത്രികനും ഉൾപ്പെടെ രണ്ടു പേർ മരിച്ചു. മറ്റൊരു ബൈക്ക് യാത്രികയ്ക്കു ഗുരുതര പരുക്ക്. ദേശീയപാതയിൽ പട്ടണക്കാട് പൊലീസ് സ്റ്റേഷൻ മുൻവശത്തു പൊന്നാം വെളിയിൽ ഇന്നലെ രാവിലെ പത്തിനായിരുന്നു അപകടം. വടക്ക് നിന്നും തെക്കോട്ട് പോകുകയായിരുന്ന ടാങ്കർ ലോറി അതേ ദിശയിൽ യാത്ര ചെയ്യുകയായിരുന്ന വാഹനയാത്രികരെ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. സൈക്കിൾ യാത്രികനായ പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിൽ പുളിപ്പമ്പിൽ അപ്പച്ചനാ (71) ണ് തൽക്ഷണം മരിച്ചത്.

പൊന്നാം വെളിമാർക്കറ്റിൽ നിന്നും അരിയും വീട്ടു സാധനങ്ങളും വാങ്ങി തിരിച്ചു വരുകയിയിരുന്നു ഗുരുതരമായ പരുക്കേറ്റ ബൈക്ക് യാത്രികനായ ചെല്ലാനം കുരിശിങ്കൽ വീട്ടിൽ സോളമന്റെ മകൻ ജോയി(60) യെ ചേർത്തല ഗവ.താലൂക്കാശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

മറ്റൊരു ബൈക്ക് യാത്രികയായ തുറവൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡിൽ ഒലിക്കര നികർത്തിൽ ലിജോ തങ്കച്ചന്റെ ഭാര്യ ജാൻസി(30)യുടെ കാലൊടിഞ്ഞതിനാൽ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഈ സമയത്ത് പൊന്നാം വെളിയിൽ വാഹന പരിശോധന നടത്തുകയായിരുന്ന പട്ടണക്കാട് എസ്ഐയും സംഘവും തലനാരിഴയ്ക്കാണ് അപകടത്തിൽ നിന്നും രക്ഷപ്പെട്ടത്. പട്ടണക്കാട് പൊലീസ് മേൽ നടപടികൾ സ്വീകരിച്ചു. മരണപ്പെട്ട ജോയിയുടെ പോസ്റ്റ്മോർട്ടം തുറവൂർ താലൂക്ക് ആശുപത്രിയിലും അപ്പച്ചന്റെ പോസ്റ്റ്മോർട്ടം ചേർത്തല താലൂക്ക് ആശുപത്രിയിലും നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

അപ്പച്ചൻ

ജോയി

യുവാവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

കാട്ടാക്കട : പൂവച്ചൽ ഉണ്ടപ്പാറ തണ്ണിച്ചാംകുഴിയിൽ ഷിബു - മായ ദമ്പതികളുടെ മകൻ അനൂപ് (22) ആണ് മരിച്ചത്. ഉച്ചക്ക് ഒരുമണിയോടെ പിതാവ് ആഹാരം കഴിക്കാൻ വിളിക്കാൻ എത്തിയപ്പോൾ അനൂപിന്റെ മുറിയിലെ ബാത്ത്റൂമിൽ ഉടുത്തിരുന്ന മുണ്ടിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തിയത്. എസി ടെക്നീഷ്യൻ ആണ് അനൂപ്. കാട്ടാക്കട പൊലീസ് മേൽ നടപടി സ്വീകരിച്ചു മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിലേക്ക് മാറ്റി. സഹോദരി: അഞ്ജു.

അനൂപ്

ആംബുലൻസ് സ്കൂട്ടറിൽ ഇടിച്ച് വിമുക്ത ഭടൻ മരിച്ചു

ഹരിപ്പാട്: ആംബുലൻസ് സ്കൂട്ടറിൽ ഇടിച്ച് വിമുക്ത ഭടൻ മരിച്ചു. താമല്ലാക്കൽ പുത്തൻതറയിൽ (അശ്വതി) ജനാർദനന്റെ മകൻ മോഹനൻ (62) ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരം നാലിന് ദേശീയപാതയിൽ താമല്ലാക്കൽ ജംക്ഷന് സമീപമായിരുന്നു അപകടം. ഇടറോഡിൽ നിന്ന് ദേശീയ പാതയിലേക്ക് കയറിയ മോഹനന്റെ സ്കൂട്ടറിൽ കൊല്ലത്ത് നിന്ന് വണ്ടാനം മെഡിക്കൽ കോളെജ് ആശുപത്രിയിലേക്ക് പോകുകയായിരുന്ന ആംബുലൻസാണ് ഇടിച്ചത്. ഉടൻ തന്നെ അപകടത്തിൽ പരുക്കേറ്റ ആളെ ആംബുലൻസിൽ തന്നെ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചു. ഭാര്യ: മണിയമ്മ. മക്കൾ: മോനിഷ (സൗദി), മോഹിത. മരുമക്കൾ: വിഷ്ണു (സൗദി), രാഹുൽ (കുവൈറ്റ്).

മോഹനൻ

ഓൺലൈൻപഠനത്തിന് യുജിസി

സാമൂഹിക അകലം പാലിച്ചുകൊണ്ടും വീടുകളിലും/ഹോസ്റ്റലുകളിലും താമസം പരിമിതപ്പെടുത്തികൊണ്ടുമുള്ള പ്രതിരോധ മുൻകരുതൽ നടപടികളിലൂടെ സംയുക്തമായി കോവിഡ്-19 നെതിരെ പോരാടാമെന്ന് വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും കത്തിലൂടെ അഭിസംബോധന ചെയ്തുകൊണ്ട് യു.ജി.സി. പറഞ്ഞു. ഓൺലൈൻ പഠനത്തിലേർപ്പെട്ടുകൊണ്ട് ഈ സമയം ഉൽപ്പാദനക്ഷമമായി ഉപയോഗിക്കാമെന്ന് യു.ജി.സി ചൂണ്ടിക്കാട്ടി. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സർവകലാശാല ഗവേഷകർക്കും തങ്ങളുടെ അറിവിന്റെ ചക്രവാളങ്ങൾ വിശാലമാക്കാൻ എം.എച്ച്.ആർ.ഡി, യു.ജി.സി, അതിന്റെ അന്തർ സർവകലാശാല കേന്ദ്രങ്ങൾ (ഐ.യു.എസുകൾ)-ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ്‌വർക്ക് (ഐ.എൻ. എഫ്.എൽ. ഐ.ബി.എൻ.ഇ.ടി) കൺസോർഷ്യം ഓഫ് എഡ്യൂക്കേഷണൽ കമ്മ്യൂണിഷേൻ എന്നിവയുടെ നിരവധി ഐ.സി.ടി സംരംഭങ്ങൾ ലഭ്യമാണ്. ചില ഐ.സി.ടി സംരംഭങ്ങളെക്കുറിച്ചും അവയുടെ ലിങ്കുകൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1.സ്വയം-ഓൺലൈൻ കോഴ്സുകൾ:
https://storage.googleapis.com/uniquecourses/online.html/

മുമ്പ് സ്വയം വേദിയിലൂടെ ലഭ്യമായിരുന്ന മികച്ച പഠന വിഭവങ്ങൾ ഇപ്പോൾ ഏതൊരു പഠിതാവിനും രജിസ്ട്രേഷൻ ഇല്ലാതെ സൗജന്യമായി കാണാനാകും.

2020 ജനുവരി സെമസ്റ്ററിന് സ്വയത്തിൽ(swayam.gov.in) രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ/പഠിതാക്കൾക്ക് അവരുടെ പഠനം സാധാരണപോലെ നടത്താം.

2. യു.ജി.സി./പി.ജി മോക്ക്സ്:
http://ugcmoocs.inflibnet.ac.in/ugcmoocs/moocs_courses.php/

സ്വയം യു.ജി, പി.ജി (അനദ്ധ്യാപക), ആർക്കൈവ്ഡ് കോഴ്സുകളിലെ പഠന സാമഗ്രികൾ.

3. ഇ-പി.ജി പാഠശാല epgp.inflibnet.ac.in/സാമൂഹിക ശാസ്ത്രം ആർട്ട്സ്, ഫൈൻ ആർട്ട്സ്, മാനവികശാസ്ത്രം, പരിസ്ഥിതി, ഗണിത് ശാസ്ത്രം തുടങ്ങി എഴുപത് വിഷയങ്ങളിലെ ബിരുദാനന്തരകോഴ്സുകൾക്ക് ഉന്നത നിലവാരമുള്ള കരിക്കുലാധിഷ്ഠിത, സംവേദനാത്മക ഇ-ഉള്ളടക്കം അടങ്ങിയിട്ടുള്ള 23,000 മോഡ്യൂളുകൾ ഇ-പി.ജി പാഠശാലയിൽ ലഭ്യമാണ്.

4. യു.ജി. വിഷയങ്ങളിൽ ഇ-കണ്ടന്റ് കോഴ്സ്‌വെയർ: ഇ-ഉള്ളടക്ക കോഴ്സ്‌വെയർ 87 അണ്ടർ ഗ്രാജ്യൂവേറ്റ് കോഴ്സുകൾക്ക് 24,110 ഇ-ഉള്ളടക്ക മോഡ്യൂൾ സി.ഇ.എസ് വെബ്സൈറ്റിൽ(http://cec.nic.in/) ലഭ്യമാണ്.

5. സ്വയം പ്രഭ(: https://www.swayamprabha.gov.in/)ആർട്ട്സ്, സയൻസ്, കോമേഴ്സ്, പെർഫോമിംഗ് ആർട്ട്സ്, സാമൂഹിക ശാസ്ത്രം മാനവിക വിഷയങ്ങൾ, എഞ്ചിനീയറിംഗ്, സാങ്കേതികവിദ്യ, നിയമം, മെഡിസിൻ, കൃഷി തുടങ്ങി വൈവിദ്ധ്യ വിഷയങ്ങൾക്ക് ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസ കരിക്കുലാടിസ്ഥാനത്തിലുള്ള കോഴ്സ് ഉള്ളടക്കം 32 ഡി.ടി.എച്ച് ചാനലുകളുടെ കൂട്ടായ്മയിലൂടെ രാജ്യത്ത് അങ്ങോളമിങ്ങോളം പഠനത്തിന് താൽപ്പര്യമുള്ള എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൗരന്മാർക്കുംലഭ്യമാക്കുന്നു. ഈ ചാനലുകളെല്ലാം സൗജന്യമാണ്. നിങ്ങളുടെ കേബിൾ ഓപ്പറേറ്റർ മുഖേന അവ ലഭ്യമാക്കാവുന്നതുമാണ്.

6. സി.ഇ.സി-യു.ജി.സി യുട്യൂബ് ചാനൽ:
:(https://www.youtube.com/user/cecedusat) വിവിധ വിദ്യാഭ്യാസ കരിക്കുലാടിസ്ഥാനത്തിലുള്ള ലക്ചറുകൾ തീർത്തും സൗജന്യമായി ലഭ്യമാക്കുന്നു.

7. ദേശീയ ഡിജിറ്റൽ ലൈബ്രറി:-https://ndl.iitkgp.ac.in//വിശാലമായ അക്കാദമിക ഉള്ളടക്കത്തിന്റെ വിവിധ രൂപത്തിലുള്ള ഡിജിറ്റൽ കലവറ.

8. ഷോദ്ഗംഗാ: :https://shodhganga.inflibnet.ac.in//ഗവേഷക വിദ്യാർത്ഥികൾ തങ്ങളുടെ പിഎച്ച്.ഡിക്ക് വേണ്ടി സമർപ്പിച്ച 2,60,000 ഇലക്ട്രോണിക് തീസീസുകളുടെയും ഡെസർട്ടേഷനുകളുടെയും ഡിജിറ്റൽ കലവറ. പണ്ഡിതസമൂഹത്തിനാകെ ഇതിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

9. ഇ-ഷോദ് സിന്ധു https://ess.inflibnet.ac.in//വലിയ എണ്ണം പ്രസാധകരിലും സമ്പാദകരിലും നിന്നുള്ള നിലവിലുള്ളതും അതോടൊപ്പം ഗ്രന്ഥശേഖരണം തടത്തിയിട്ടുള്ളതുമായ വിവിധ വിഷയങ്ങളിലെ 15,000 കോടിയിലേറെ സൂക്ഷ്മമായി അവലോകനം ചെയ്ത ജേർണലുകൾ, ഗ്രന്ഥസൂചിക, അവലംബകങ്ങൾ, വസ്തുതാപരമായ അടിസ്ഥാനവിവരങ്ങൾ എന്നിവ അംഗത്വ സ്ഥാപനങ്ങൾക്ക് ലഭ്യമാകും.

10. വിദ്വാൻ: https://vidwan.inflibnet.ac.in//രാജ്യത്തെ നിപുണർ മുതൽ സൂക്ഷ്മവിശകലരുടെയും, ദീർഘവീക്ഷണമുള്ള സഹകാരികൾ, ഫണ്ടിംഗ് ഏജൻസികളുടെ നയരൂപകർത്താക്കൾ, ഗവേഷകർ, പണ്ഡിതന്മാർ എന്നിവരടക്കം വിദഗ്ധരുടെ വിവരശേഖരണം ലഭ്യമാക്കുന്നു. വിദഗ്ധരുടെ വിവരാടിത്തറ വിപുലമാക്കാൻ ഫാക്കൽറ്റി അംഗങ്ങൾ വിദ്വാൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ അഭ്യർത്ഥിക്കുന്നു.

എന്തെങ്കിലും കൂടുതൽ വിവരങ്ങളോ വ്യക്തതയോ വേണമെങ്കിൽ യു.ജി.സി, ഐ.എൻ.എഫ്.എൽ.ഐ.ബി.എൻ.ഇ.ടി, സി.ഇ.സി എന്നിവയുമായി eresource.ugc@gmail.com,eresource.inflibnet@gmail.com, eresource.cec@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിൽ ബന്ധപ്പെടുക.

ഭയക്കണ്ട ആശ്വസിക്കാം, കൊവിഡിനെ തോൽപ്പിക്കാൻ മരുന്നുകൾ ഒരുങ്ങുന്നു

കൊറോണ ഭീതിയാണ് എന്ന് മരുന്ന് വരും എന്ന കാത്തിരിപ്പിലാണ് ജനം. പരീക്ഷണങ്ങൾ ഇനിയും നീളും എന്ന് വിലയിരുത്തലും വരും. എങ്ങനെ മഹാമാരിയെ പ്രതിരോധിക്കാൻ സാധിക്കും എന്ന് കരുതുന്ന സാധാരണക്കാർക്ക് ആശ്വാസം പകരുന്നതാണ് സോളിഡാരിറ്റി പരീക്ഷണം . കോവിഡ് 19 രോഗികളെ ചികിത്സിക്കാൻ കഴിയുമെന്നു കരുതുന്ന വിവിധയിനം ചികിത്സാരീതികളെ / മരുന്നുകളെ ലോകമെമ്പാടും ആയിരക്കണക്കിനു രോഗികളിൽ പരീക്ഷിച്ചു നോക്കാൻ ഉദ്ദേശിച്ച് ലോകാരോഗ്യ സംഘടന ആരംഭിച്ചിട്ടുള്ള ബൃഹദ് പദ്ധതിയാണ് സോളിഡാരിറ്റി. വിവിധ രാജ്യങ്ങളിൽ ആയിരക്കണക്കിനു രോഗികളെ സന്നദ്ധരാക്കി നടത്തുന്ന വിപുലമായ ആഗോള പരീക്ഷണം. വിവിധ ശാസ്ത്രജ്ഞർ ഡസൻ കണക്കിന് സംയുക്തങ്ങൾ നിർദേശിച്ചിരുന്നെങ്കിലും നാലു തരത്തിലുള്ള മരുന്നുകളാണ് ഇവിടെ പരിശോധിക്കുന്നത്. സാധാരണ ഗതിയിൽ ഡബിൾ ബ്ലൈൻഡ് രീതിയിലാണ് ഇത്തരം പരിശോധനകൾ നടത്തുക. ഇതാണ് ഏറ്റവും യുക്തിപൂർവമെങ്കിലും അത് ഏറെ സമയവും വിഭവങ്ങളും വേണ്ട സങ്കീർണപ്രക്രിയയാണ്.

സമയം ലാഭിക്കാൻ വേണ്ടി ലളിതമായ മറ്റൊരു രീതിയാണ് ഇത്തവണ അവലംബിക്കുക. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ചികിത്സാരംഗത്തുള്ളവരുടെ സമയം അതിനായി ചെലവാക്കേണ്ടതില്ല എന്നതാണ് ഇതിൻെറ ഗുണം. ഇതിൽ പങ്കെടുക്കുന്ന ഓരോ രോഗിയുടെയും ചില വിവരങ്ങളും സമ്മതപത്രവും ലോകാരോഗ്യ സംഘടനയുടെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യണം. തുടർന്ന് ഏതു മരുന്നുകൾ നൽകണമെന്ന നിർദേശം ലഭിക്കും. തുടർ ഡോക്യുമെൻേറഷനുകൾ എല്ലാം തന്നെ ഒഴിവാക്കിയിരിക്കുകയാണ്. ഒടുവിൽ രോഗി സുഖം പ്രാപിച്ച് ആശുപത്രി വിടുകയോ അല്ലെങ്കിൽ രോഗത്താൽ മരിച്ചു പോവുകയോ ചെയ്യുമ്പോൾ ആ തീയതി വെബ്സൈറ്റിൽ ചേർത്താൽ ജോലി പൂർത്തിയായി. ആയിരക്കണക്കിനു രോഗികളെ സംബന്ധിച്ച് ലഭിക്കുന്ന വിവരത്തിൽ നിന്ന് മരുന്നുകളുടെ പ്രയോജനം സംബന്ധിയായ ശാസ്ത്രീയ



നിഗമനങ്ങളിലെത്തും. സോളിഡാരിറ്റി (SOLIDARITY) പരീക്ഷണത്തിനു വിധേയമാക്കുന്ന മരുന്നുകൾ പ്രധാനമായി നാലെണ്ണമാണ്.

ക്ലോറോക്വിൻ സംയുക്തങ്ങൾ

1940കൾ മുതൽ മലേറിയക്കെതിരെ ഫലപ്രദമായി ഉപയോഗിക്കുന്ന മരുന്നാണ് ക്ലോറോക്വിൻ. നൂറ്റാണ്ടുകൾക്കു മുമ്പേ തന്നെ പെറുവിലെ തദ്ദേശീയർ ഇത് പനിക്കെതിരെ ഉപയോഗിച്ചിരുന്നു. സിങ്കോണ എന്ന ചെടിയുടെ തൊലിയിൽ നിന്നാണ് ഇതടങ്ങിയ മരുന്ന് എടുത്തിരുന്നത്. പിന്നീട് 1934ൽ ചില ജർമൻ ശാസ്ത്രജ്ഞർ ഇതിൽ നിന്ന് ക്ലോറോക്വിൻ എന്ന സംയുക്തം വേർതിരിച്ചെടുത്തു. രണ്ടാം ലോകമഹായുദ്ധകാലത്ത് മലേറിയക്കെതിരെ ഇത് വളരെ ഫലപ്രദമാണെന്നു കണ്ടെത്തിയിരുന്നു. തുടർന്ന് ഇന്ത്യയുൾപ്പടെയുള്ള രാജ്യങ്ങളിൽ ഇതു വ്യാപകമായി ഉപയോഗിച്ചു വരുന്നു.

2020 ജനുവരിയിൽ തന്നെ ചൈനീസ് ശാസ്ത്രജ്ഞർ ഇതു കോവിഡിനെതിരെ ഫലപ്രദമാണോ എന്ന പരിശോധന തുടങ്ങിയിരുന്നു. പ്രാഥമിക ഫലങ്ങൾ അനുസരിച്ച് കോവിഡിനെത്തുടർന്നുണ്ടാകുന്ന ന്യുമോണിയ ഭേദമാക്കാൻ ക്ലോറോക്വിൻ ഫോസ്ഫേറ്റ് എന്ന സംയുക്തം സഹായകരമാണ്.

ചൈന, ദക്ഷിണ കൊറിയ, ഇറ്റലി എന്നിവിടങ്ങളിലൊക്കെ കോവിഡിനെ ചികിത്സിക്കാൻ ഇതുപയോഗിക്കാൻ അനുമതിയുണ്ട്. എന്നാൽ അതോടൊപ്പം തന്നെ ഹൃദ്രോഗം, പ്രമേഹം എന്നിവ ഉള്ളവർക്ക് ഇത് മോശമായ പാർശ്വഫലം ഉണ്ടാക്കുന്നതായും കണ്ടെത്തി. പിന്നീട് ഹൈഡ്രോക്സിൻ ക്ലോറോക്വിൻ എന്ന സംയുക്തം കുറച്ചു കൂടി അഭികാമ്യമാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഈ മരുന്നിനു വേണ്ടി അമേരിക്ക ഇന്ത്യൻ കമ്പനികളെ സമീപിച്ചതായും വാർത്തയുണ്ട്.

ലോപിനാവിർ (lopinavir), റിടൊനോ വിർ(ritonavir)

ഇതു കുറച്ചു കാലമായി വിവിധ രാജ്യങ്ങളിൽ എച്ച്. ഐ. വി. (എയ്ഡ്സ്) ചികിത്സക്ക് ഉപയോഗിച്ചു വരുന്ന മരുന്നാണ്. ഇത് ചൈന ഏതാണ്ട് 200 കോവിഡ് രോഗികളിൽ പരീക്ഷിച്ചിരുന്നു. എന്നാൽ ഫലം അത്ര ആശാവഹമായില്ല. പക്ഷെ ഇന്ത്യയിലും കോവിഡ് രോഗികളിൽ പ്രയോഗിച്ചത് രണ്ടും നിലവിൽ വിജയമാണ്. രണ്ട് വ്യക്തികളും വിദേശികളായിരുന്നു. ഇതിനേയും ലോകാരോഗ്യ സംഘടന വിശദമായ പഠനങ്ങൾക്കായി തിരഞ്ഞെടുത്തിട്ടുണ്ട്.

എച്ച്. ഐ.വി. മരുന്ന് + ഇൻറർ ഫെറോൺ ബീറ്റ

മേൽ സൂചിപ്പിച്ച ആൻറി വൈറൽ മരുന്നുകൾക്കു പുറമേ ഇൻറർഫെറോൺ ബീറ്റ തന്മാത്രകൾ കൂടി ചേർത്ത മറ്റൊരു ചേരുവ ഇപ്പോൾ തന്നെ സൗദി അറേബ്യയിൽ പരീക്ഷിക്കുന്നുണ്ട്. ഇതു് സോളിഡാരിറ്റി പ്രോജക്ടിലും ഉൾപെടുത്തിയിട്ടുണ്ട്.

ഇത് എബോള വൈറസിനെ തോൽപിക്കാൻ വേണ്ടി വികസിപ്പിച്ചെടുത്ത മരുന്നാണ്. എന്നാൽ റിപ്പബ്ലിക്ക് ഓഫ് കോംഗോയിൽ ഇത് എബോളക്കെതിരെ ഫലപ്രദമായില്ല. കഴിഞ്ഞ ദിവസങ്ങളിൽ യു.എസ്.എ.യിൽ ഈ മരുന്ന് കൊറോണ ക്കെതിരെ ഫലപ്രദമാണെന്ന് കണ്ടതിനെ തുടർന്ന് ലോകാരോഗ്യ സംഘടന വിപുലമായ പരീക്ഷണങ്ങൾക്കായി തിരഞ്ഞെടുക്കുകയാണ്.

WHOവിൻെറ ഈ പരീക്ഷണ പരിപാടി ഏറ്റെടുത്തു കൊണ്ട് ഫ്രാൻസ്,ബ്രിട്ടൻ, ജർമനി, ബെൽജിയം, ലക്സംബർഗ്, സ്പെയിൻ, നെതർലാൻഡ്സ് എന്നീ രാജ്യങ്ങളിലെ 3200 രോഗികളെ ഉൾപ്പെടുത്തി യൂറോപ്പിൽ മാർച്ച് 22 ന് പരീക്ഷണം ആരംഭിച്ചു കഴിഞ്ഞു എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇതിൻെറ ഭാഗമായല്ലെങ്കിലും ജപ്പാനിൽ ഫ്ലൂവിനെതിരായി വികസിപ്പിച്ചതും ചൈനയിൽ രോഗികൾക്ക് നൽകിയ ഫെവിപിറവിർ എന്ന ഒൗഷധം ജപ്പാൻ പരീക്ഷണ വിധേയമാക്കുന്നുണ്ടത്രെ.

ഈ ശാസ്ത്ര പരീക്ഷണങ്ങൾ വിജയിച്ചാൽ ചരിത്രത്തിലെ ഏറ്റവും വ്യാപന സാധ്യതയുള്ള COVID 19 നെ നിയന്ത്രണ വിധേയമാക്കാം .

(വിവരങ്ങൾക്ക് കടപ്പാട് മെഡിക്കൽ സയൻസ് ജേർണ്ണലുകൾ , ശാസ്ത്ര സാഹിത്യ പരിഷത്ത്)

ഡൽഹിയെ നിശ്ചലമാക്കി കൊറോണ

ഫോട്ടോ: വിനായക് ബാബു.

സുധീർ നാഥ്

"ഈ നാടിനിതെന്തു പറ്റി....?" വിറയാർന്ന ശബ്ദത്തിൽ പ്രശസ്ത വാർത്താ അവതാരകൻ ഗോപൻ ഒരു പരസ്യത്തിനായി പറഞ്ഞുവച്ച വാചകം കാതുകളിൽ ഇപ്പോൾ നിറയുകയാണ്. രാജ്യ തലസ്ഥാനമായ ഡൽഹി പൂർണമായും നിശ്ചലമായിരിക്കുന്നു. രാജ്യവ്യാപകമായി കർഫ്യൂകളും ഭാരത് ബന്ദുകളും പണിമുടക്കുകളും കഴിഞ്ഞ 25 വർഷത്തിനിടയിലെ ഡൽഹി വാസത്തിനിടയിൽ എത്രയോ. ഇക്കാലത്തിനിടയിൽ ഒരിക്കൽ പോലും അതൊന്നും ഡൽഹിയിൽ അനുഭവിച്ചിട്ടില്ല.

2020 തുടങ്ങിയത് മുതൽ ഡൽഹിയുടെ നിറം മാറിത്തുടങ്ങി എന്നുവേണം കരുതാൻ. സിഎഎ, എൻആർസി സമരങ്ങൾ കണ്ടുകൊണ്ടാണ് പുതുവർഷം ആരംഭിച്ചതുതന്നെ. തുടർന്ന് ഡൽഹിയിൽ വർഗീയ കലാപമുണ്ടായി. ഇപ്പോൾ കൊറോണയാണ് രാജ്യത്തെ വിറങ്ങലിപ്പിച്ചിരിക്കുന്നത്. കൊറോണയുടെ ഗൗരവം പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആരോഗ്യ പ്രവർത്തകരും വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു. രാജ്യം 21 ദിവസം ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടും അതിന്റെ ഗൗരവം ചിലർക്ക് മനസിലാകുന്നില്ല. "ഈ നാടിനിതെന്തു പറ്റി" എന്ന വാചകം വീണ്ടും ഓർക്കുന്നത് അതുകൊണ്ടാണ്.

കൊറോണ വൈറസ് ജാതിയോ, മതമോ, രാഷ്ട്രീയമോ, പ്രവാസിയോ, വിദേശിയോ, അഭയാർഥിയോ, സ്വദേശിയോ, മാംസാഹാരിയോ, സസ്യാഹാരിയോ എന്നൊന്നും നോക്കിയല്ല പ്രവേശിക്കുന്നത്. ഇന്ത്യയിൽ ഇത്ര പേർക്ക് രോഗം സ്ഥിരീകരിച്ചു, ഇത്ര പേർ നിരീക്ഷണത്തിലാണ് എന്നുള്ള കണക്കുകളാണു വരുന്നത്. ഇതിൽ മേൽപ്പറഞ്ഞ എല്ലാ വിഭാഗം ആളുകളും ഉണ്ടെന്ന പരമാർഥം നാം തിരിച്ചറിയേണ്ടതാണ്. കൊറോണ വൈറസിൽ നിന്ന് നമ്മൾ രക്ഷപെടണമെങ്കിൽ, നാടിനെ രക്ഷിക്കണമെങ്കിൽ നമ്മൾ തന്നെ തീരുമാനിക്കണം. സ്വയം ശുചിത്വം പാലിച്ചും, സാമൂഹ്യ അകലം പാലിച്ചും അതു സാധിക്കും.

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും പോലെ ഡൽഹിയും നിശ്ചലമാണ്. വരുന്ന 21 ദിവസം അങ്ങനെ തന്നെയാകും. ജനതാ കർഫ്യൂ മുതൽ ജനങ്ങൾ സ്വയം മനസിലാക്കിത്തുടങ്ങി എന്നു കരുതണം.

ഡൽഹിയിലെ അതിർത്തികൾ അടച്ചിരിക്കുകയാണ്. ഡൽഹി മെട്രോയും തീവണ്ടികളും സേവനം നിർത്തി. രാജ്യത്തെ ഏറ്റവും വലിയ വിമാനത്താവളമായ ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യാത്രാ വിമാനങ്ങൾ ഇറങ്ങുകയോ, പുറപ്പെടുകയോ ചെയ്യുന്നില്ല. തിരക്കേറിയ നിരത്തുകൾ ശൂന്യമായി. ജനങ്ങൾ അത്ര കണ്ട് ഭയന്ന് ഉൾവലിഞ്ഞിരിക്കുന്നു. തെരുവുകളിൽ ഡൽഹി പൊലീസിന്റെ ബാരിക്കേഡുകൾ കാണാം. പരിശോധനയുണ്ട്. യാത്രയ്ക്ക് ഉചിതമായ കാരണം ഉണ്ടാകണം.

വൈറസുകളെ മനുഷ്യർ തന്നെ സൃഷ്ടിച്ച് ആയുധമാക്കി തുടങ്ങിയിട്ട് കാലം ഏറെ ആയിട്ടില്ല. അത് കൈവിട്ട കളിയായിരിക്കുമെന്ന് ലോകാരോഗ്യ സംഘടന മുൻപ് താക്കീത് ചെയ്തിട്ടുണ്ട്. കുറേ വർഷങ്ങളായി പല പേരുകളിൽ ലോകത്തിന്റെ പല ഭാഗങ്ങളിലും പല പല വൈറസുകൾ ഏറെ മനുഷ്യ ജീവനുകളെടുത്ത അനുഭവമുണ്ട്. പക്ഷെ ലോകം മുഴുവൻ വ്യാപിച്ച കൊറോണ വൈറസിന്റെ യഥാർഥ ഉറവിടം ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

ചൈനയിൽ കൊറോണ വൈറസിനെ പിടിച്ചുകെട്ടിയതിന് പിന്നാലെ മറ്റൊരു വൈറസിന്റെ ഉത്ഭവം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഹാന്റാ വൈറസ്. ഒരു മരണം സ്ഥിരീകരിക്കുകയും ചെയ്തു. വൈറസുകളുടെ അക്രമണത്തിൽ നിന്ന് വ്യക്തിശുചിത്വത്തിലൂടേയും, സാമൂഹ്യ അകലത്തിലൂടേയും നാടിനെ രക്ഷിക്കാം, ഒപ്പം നമ്മൾ ഓരോരുത്തർക്കും രക്ഷപ്പെടാം.

ഒരു കോടി ഐസൊലേഷൻ ബെഡുകൾ തയ്യാറാക്കാം : അസറ്റ് ഹോംസ്

കൊച്ചി: ഒരാഴ്ചക്കകം തന്നെ ഒരു കോടിയിലേറെ ഐസൊലേഷൻ ബെഡുകൾ തയ്യാറാക്കാനുള്ള ആശയവുമായി കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബിൽഡറായ അസറ്റ് ഹോംസ്. ഇന്ത്യൻ റെയിൽവേയുടെ കീഴിലുള്ള റെയിൽവേ കോച്ചുകൾ ഉപയോഗിച്ച് സഞ്ചരിക്കുന്ന ഐസൊലേഷൻ ബെഡുകളും ചികിത്സാകേന്ദ്രങ്ങളും സജ്ജമാക്കാമെന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ഡിസാസ്റ്റർ മാനേജ്മെന്റ് അധികൃതർക്കും സമർപ്പിച്ചിരിക്കുന്ന ആശയത്തിൽ അസറ്റ് ഹോംസ് ഉന്നയിച്ചിരിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി പറഞ്ഞു.

ശരാശരി 23-30 കോച്ചുകളുള്ള 12,617 ട്രെയിനുകൾ ഇന്ത്യയിലുണ്ട്. ചെറിയ മാറ്റങ്ങൾ വരുത്തിയാൽ ഇവ ഹോസ്പിറ്റലുകളാക്കി മാറ്റാൻ വലിയ പ്രയാസമില്ല. ഓരോ ട്രെയിനിലും ഒരു കൺസൾട്ടേഷൻ റൂം, മെഡിക്കൽ സ്റ്റോർ, ചുരുങ്ങിയത് ആയിരം ബെഡ്, ഒരു ഐസിയു, പാൻട്രി എന്നിവ ഇങ്ങനെ ഒരുക്കാം. ടോയ്‌ലറ്റ് സൗകര്യമാകട്ടെ അവയിൽ നേരത്തെ തന്നെ ഉണ്ടുതാനും. ഇന്ത്യയിലെമ്പാടുമായുള്ള 7500-ലേറെ വരുന്ന വലുതും ചെറുതുമായ റെയിൽവേ സ്റ്റേഷനുകൾ വഴി ഈ സേവനത്തിലേയ്ക്കുള്ള പ്രവേശനം നൽകാമെന്നും രാജ്യത്തെ ഒരു കോടി കിമീ ദൈർഘ്യമുള്ള റെയിൽവെ ശൃംഖല മുഴുവൻ ഈ സേവനം ലഭ്യമാക്കാമെന്നും സുനിൽ കുമാർ ചൂണ്ടിക്കാണിച്ചു. രോഗബാധയുള്ള സ്ഥലങ്ങളിലേയ്ക്ക് പെട്ടെന്നു തന്നെ ഈ കോച്ചുകൾ എത്തിക്കാൻ കഴിയും. ഓരോ റെയിൽവേ സ്റ്റേഷനിലും ചുരുങ്ങിയത് ആയിരം ബെഡുള്ള രണ്ട് ട്രെയിനുകൾ വിന്യസിച്ച് ദിവസം രണ്ടായിരം പേർക്ക് സേവനമെത്തിക്കാമെന്നാണ് നിർദേശം.

ലാഭേച്ഛയില്ലാതെ ഈ പദ്ധതിയുമായി വിവിധ രീതിയിൽ സഹകരിക്കാനുള്ള സന്നദ്ധതയും അസറ്റ് ഹോംസ് അധികൃതർ പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

133 കോടിയ്ക്കടുത്ത് ജനസംഖ്യയുള്ള ഇന്ത്യയിൽ 10% പേർക്ക് പോലും രോഗം പിടിപെട്ടാൽ 10 കോടി കിടയ്ക്ക ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2011-ലെ സെൻസസിനെ അടിസ്ഥാനമാക്കി ഇന്ത്യയിൽ ആയിരം പേർക്ക് 0.7 കിടയ്ക്ക മാത്രമേ ഉള്ളെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്ക്. ആയിരം പേർക്ക് 2 കിടയ്ക്ക എന്നതാണ് ഇന്ത്യയുടെ ഇപ്പോഴത്തെ ലക്ഷ്യം. ഇത് 3 എണ്ണമെങ്കിലുമാക്കണമെന്ന് ലോകാരോഗ്യ സംഘടനയും നിർദേശിക്കുന്നു.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

●അശ്വതി: ആഗ്രഹിച്ച പദവി ലഭിക്കും. ആത്മവിശ്വാസവും ഓർമശക്തിയും പ്രവർത്തന ക്ഷമതയും നിഷ്കർഷയും വർധിക്കും. അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറും.

●ഭരണി: ആത്മവിശ്വാസത്തോടുകൂടി പരീക്ഷയെഴുതും. സൗഹൃദ സംഭാഷണത്തിനു സാഹചര്യമുണ്ടാകും. പലവിധ സൗകര്യങ്ങൾക്കായി പട്ടണത്തിലേക്ക് താമസം മാറ്റും.

●കാർത്തിക: സന്താനസംരക്ഷണത്താൽ ആശ്വാസമുണ്ടാകും. സജ്ജനസംസർഗത്താൽ സദ്ചിന്തകൾ വർധിക്കും. തൃപ്തിയായ വിഷയത്തിൽ ഉപരിപഠനത്തിനു ചേരും.

●രോഹിണി: വാഹനം മാറ്റിവാങ്ങാൻ തയാറാകും. ജലമേളയിൽ പങ്കെടുക്കും. അഭിപ്രായവ്യത്യാസം പരിഹരിക്കപ്പെടും. പ്രതികരണശേഷി വർധിക്കും.

●മകയിരം: വിദേശത്ത് സ്ഥിരതാമസമാക്കുന്നതിനുള്ള അനുമതിക്ക് അപേക്ഷ നൽകും. ഊഹ കച്ചവടത്തിൽ വിജയിക്കും. വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കും.

●തിരുവാതിര: കുടുംബത്തിൽ ആഹ്ലാദ അന്തരീക്ഷം ഉണ്ടാകും. ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങുവാനിടവരും. പ്രവർത്തനവിജയത്താൽ പുതിയ പദ്ധതിയെപ്പറ്റി പുനരാലോചിക്കും.

●പുണർതം: സുഹൃത്സഹായഗുണം ഉണ്ടാകും. യാത്രാക്ലേശത്താൽ നിശ്ചിതസമയത്ത് ഒരു കാര്യവും സാധിക്കുകയില്ല. സമകാലിനസംഭവങ്ങളോടു പ്രതികരിക്കും.

●പൂയം: താരതമ്യേന കുറഞ്ഞവിലക്ക് ഭൂമിവാങ്ങുവാനിടവരും. സാങ്കേതികകാരണങ്ങളാൽ യാത്ര മാറ്റിവെക്കും. മഹദ്‌വ്യക്തികളെ പരിചയപ്പെടുവാനവസരമുണ്ടാകും.

●ആയില്യം: പ്രത്യുപകാരം ചെയുവാൻ സാധിക്കും. പിതൃസ്വത്ത് വില്പന ചെയാൻ തീരുമാനിക്കും. ആത്മാർഥമായി പ്രവർത്തിക്കാൻ സന്നദ്ധനാകും.

●മകം: സമാനപദ്ധതികളിൽ വിജയിക്കും. ആഗ്രഹസാഫല്യമുണ്ടാകും. വ്യവസ്ഥകൾ പാലിക്കും. മനസന്തോഷമുണ്ടാകും.

●പൂരം: ആഗ്രഹ നിവൃത്തിക്ക് അശ്രാന്തപരിശ്രമം വേണ്ടിവരും. സാമ്പത്തിക ക്രയവിക്രയങ്ങളിൽ വളരെ സൂക്ഷിക്കണം. പ്രലോഭനങ്ങളിൽ അകപ്പെടരുത്.

●ഉത്രം: സജീവ സാന്നിദ്ധ്യത്തിൽ സർവ കാര്യവിജയമുണ്ടാകും. ആഗ്രഹസാഫല്യമുണ്ടാകുമെങ്കിലും അഹംഭാവം ഉപേക്ഷിക്കണം.

●അത്തം: ഊഹകച്ചവടത്തിൽ സാമ്പത്തികനേട്ടമുണ്ടാകും. ഗൃഹനിർമാണപ്രവർത്തനങ്ങൾ തുടങ്ങിവെക്കും. തേടിവന്ന സൗഭാഗ്യം സർവാത്മനാ സ്വീകരിക്കും.

●ചിത്ര: ശമ്പളവർധനവ് മുൻകാല പ്രാബല്യത്തോടുകൂടി ലഭിക്കും. ആത്മവിശ്വാസവും കാര്യനിർവഹണശക്തിയും വർധിക്കും. നറുക്കെടുപ്പിൽ വിജയിക്കും.

●ചോതി: പ്രവർത്തനരഹിതമായ സ്ഥാപനം വില്പന ചെയും. അവ്യക്തമായ പണമിടപാടുകളിൽ നിന്നും പിന്മാറും. വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം.

●വിശാഖം: നിശ്ചയദാർഢ്യത്തോടുകൂടി പ്രവർത്തിച്ചാൽ ലക്ഷ്യപ്രാപ്തിയുണ്ടാകും. പ്ര വൃത്തിമണ്ഡലങ്ങളിൽ നിന്നും സാമ്പത്തിക പുരോഗതി ഉണ്ടാകും. കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ നിർബന്ധിതനാകും.

●അനിഴം: ബന്ധുവിന്റെ പിറന്നാളാഘോഷത്തിൽ പങ്കെടുക്കും. സുകൃതകർമങ്ങൾക്കും ധർമപ്രവൃത്തികൾക്കും സർവാത്മനാ സഹകരിക്കും.വിജ്ഞാനങ്ങൾ കൈമാറുവാനവസരമുണ്ടാകും

●തൃക്കേട്ട: മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കാൻ അവസരമുണ്ടാകും .പ്രവർത്തന വൈകല്യം പരിഹരിക്കാൻ വിദഗ്ധോപദേശം തേടും. മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും

●മൂലം: ഈശ്വരപ്രാർഥനകളിൽ ആഗ്രഹസാഫല്യമുണ്ടാകും. തൊഴിൽപരമായി ദൂരയാത്ര വേണ്ടിവരും. വിതരണമേഖല മെച്ചപ്പെടും. ഉദാസീനമനോഭാവം ഉപേക്ഷിക്കണം.

●പൂരാടം: വ്യവസ്ഥകൾ പാലിക്കാത്ത ജോലിക്കാരെ പിരിച്ചുവിടും. ഭക്ഷണസുഖക്കുറവിനാൽ നിദ്രാഭംഗം അനുഭവപ്പെടും. ശുഭകർമങ്ങൾക്കുള്ള യാത്രമാറ്റിവെക്കും. ജാമ്യം നിൽക്കരുത്.

●ഉത്രാടം: ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. ഈശ്വര ആരാധനാകളാൽ മാനസികസംഘർഷത്തിനു കുറവു തോന്നും. വ്യവസ്ഥകൾ പാലിക്കും.

●തിരുവോണം: വ്യവസ്ഥകൾ പാലിക്കാൻ കഠിനപ്രയത്നം വേണ്ടിവരും. അഹംഭാവം ഉപേക്ഷിക്കണം. ഏറെക്കുറെ പൂർത്തിയാക്കിയ ഗൃഹത്തിൽ താമസിക്കാൻ തീരുമാനിക്കും.

●അവിട്ടം: പ്രവർത്തനങ്ങൾക്ക് പുതിയ ആശയങ്ങൽ കണ്ടെത്തും. കർമമേഖലകളിൽ ഉണർവ് ഉണ്ടാകും. വിരോധികളായിരുന്ന പലരും മിത്രങ്ങളായിത്തീരും.

●ചതയം: ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. പരിശ്രമസാഫല്യമുണ്ടാകും. ദാമ്പത്യസൗഖ്യവും കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

●പൂരോരുട്ടാതി: പുത്രന്റെ അമിത ചെലവിന് നിയന്ത്രണം ഏർപ്പെടുത്തും. വിതരണമേഖലയിൽ ഉണർവ് ഉണ്ടാകും. ആഗ്രഹസാഫല്യത്തിനായി അശ്രാന്തപരിശ്രമം വേണ്ടിവരും.

●ഉത്രട്ടാതി: അനുകൂലമാകുമെന്നു പ്രതീക്ഷിച്ച കാര്യങ്ങൾ പ്രതികൂലമാകും. വാതനാഡീ രോഗങ്ങൾക്ക് ആയുർവേദചികിത്സ തുടങ്ങും. സാമ്പത്തികവിഭാഗത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും.

●രേവതി: കടം വീട്ടുവാനായി ഭൂമി വില്ക്കാൻ തയാറാകും. അസ്ഥാനത്തുള്ള വാക്കുകൾ അബദ്ധമായിത്തീരും. വാഹനാപകടത്തിൽ നിന്നും രക്ഷപ്പെടും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്ല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

സൊമാലിയൻ ഫുട്ബോൾ താരം കൊവിഡ് ബാധിച്ച് മരിച്ചു

മൊഗാദിഷു (സൊമാലിയ കൊറോണ വൈറസ് വ്യാപനം നിയന്ത്രണാതീതമായി തുടരുന്നതിനിടെ കോവിഡ് ബാധിച്ച് ഒരു ഫുട്ബോൾ താരത്തിനു കൂടി ജീവൻ നഷ്ടമായി. ആഫ്രിക്കൻ രാജ്യമായ സൊമാലിയയുടെ ഇതിഹാസ താരം അബ്ദുൽ ഖാദിർ മുഹമ്മദ് ഫറായാണ് കോവിഡ് മൂലം മരിച്ചത്. 59 വയസ്സായിരുന്നു. ലണ്ടനിലെ ഒരു ആശുപത്രിയിൽ ചികിത്സയിൽ കഴിയവെയാണ് ഫറായുടെ മരണം. ആഫ്രിക്കൻ ഫുട്ബോൾ കോൺഫെഡറേഷനും സൊമാലി ഫുട്ബോൾ ഫെഡറേഷനും ഫറായുടെ മരണം സ്ഥിരീകരിച്ച് പ്രസ്താവന പുറത്തിറക്കി.ഒരാഴ്ച മുൻപ് കോവിഡ് സ്ഥിരീകരിച്ചതു മുതൽ നോർത്ത്വെസ്റ്റ് ലണ്ടൻ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു ഫറാ. ചൊവ്വാഴ്ച സ്ഥിതി വഷളായതിനു പിന്നാലെ അദ്ദേഹം മരണത്തിനു കീഴടങ്ങി. സൊമാലിയയിൽ കായിക മന്ത്രിയുടെ ഉപദേശകനായി സേവനം ചെയ്തുവരികയായിരുന്നു ഫറാ. കോവിഡ് ബാധിച്ച് മരിക്കുന്ന ആദ്യ ആഫ്രിക്കൻ ഫുട്ബോളറാണ് ഫറാ.സ്പാനിഷ് വമ്പൻമാരായ റയൽ മഡ്രിഡിന്റെ മുൻ പ്രസിഡന്റ് ലോറെസൻസോ സാൻസ്, സ്പെയിനിലെ ഫുട്ബോൾ പരിശീലകനായിരുന്ന 21കാരൻ ഫ്രാൻസിസ്കോ ഗാർഷ്യ എന്നിവരാണ് കോവിഡ് ബാധിച്ച് ഫുട്ബോൾ മേഖലയിൽനിന്ന് മരിച്ച പ്രമുഖർ.

2014ൽ ബ്രസീലിൽ നടന്ന ലോകകപ്പ് നേരിട്ട് റിപ്പോർട്ട് ചെയ്ത അനുഭവങ്ങൾ സി.കെ. രാജേഷ്കുമാർ പങ്കുവയ്ക്കുന്നു, മെട്രൊ വാർത്തയിലൂടെ...

ബ്യൂട്ടിഫുൾ ഗെയിം അതിന്റെ പുഷ്കലമായ ചരിത്രത്തിലേക്ക് ഡ്രിബിൾ ചെയ്തു മുന്നേറിയ ഒരു അസാമാന്യ പ്രതിഭയുണ്ടായിരുന്നു ബ്രസീലിൽ. ലോകം വളരെയധികം ആരാധിച്ച, ഒരു പക്ഷേ, പെലെയാക്കാൾ മികച്ച താരമെന്നു വിശേഷിപ്പിക്കപ്പെട്ട മണ്മറഞ്ഞ മാനുവേൽ ഫ്രാൻസിസ്കോ ഗാരിഞ്ച ഡോസ് സാന്റോസ് എന്ന മാനോ ഗാരിഞ്ച. ഗാരിഞ്ച ജീവിച്ചിരുന്ന പാവു ഗ്രാൻഡെയിലേക്ക്.

ഗാരിഞ്ച ഡ്രിബിൾ ചെയ്ത മണ്ണിലൂടെ...

മനസിലും ജീവിതത്തിലും ഫുട്ബോളിനെ വരിച്ച ഒരു രാജ്യത്തെക്കുറിച്ച് വായിച്ചും കേട്ടും അറിഞ്ഞവ കൂട്ടിവച്ചുണ്ടാക്കിയ ഒരു ദൃശ്യഭാവനയുണ്ടായിരുന്നു. വെള്ളം ചേർക്കാത്ത ഫുട്ബോൾ ചാരുതയുടെ ഫ്ളൂറസെന്റ് ചിത്രങ്ങളായിരുന്നു അവയത്രയും. മഞ്ഞപ്പട്ടുടുത്ത് ബെം-വിന്ദോ(സ്വാഗതം) എന്ന് മന്ദസ്മിതത്തോടെ വിളിച്ചു പറയുന്നവരുടെ മുന്നിലേക്ക് വിമാനമിറങ്ങുമ്പോൾ മനസുനിറയെ ആ ഭാവനകളായിരുന്നു. ലോകത്തെ ഏറ്റവും വലിയ വിമാനത്താവളങ്ങളിൽ ഒന്നായ സംപൗളോ(സാവോപോളോ) ഗാരുല്യോസിന്റെ വിശാലമായ ആഗമന വാതിൽ മുതൽ ആ ചിത്രങ്ങൾക്കു ജീവൻവയ്ക്കുകയായിരുന്നു. ആ കാഴ്ചകൾ ഒന്നുകൂടി ഓർത്തെടുക്കുകയാണ്.

ഇന്നത്തെ തലമുറയ്ക്ക് ഒരുപക്ഷേ, ഗാരിഞ്ച എന്നു പറഞ്ഞാൽ, പഴയ ഒരു ഫുട്ബോൾ താരം എന്നതിനപ്പുറത്തേക്ക് വലിയ അറിവുണ്ടായിരിക്കണമില്ല. മെസിയും റൊണാൾഡോയും നെയ്മറുമൊക്കെയാണ് അവരുടെ ഭാവനാ തീരത്തെ വലിയ കാഴ്ചകൾ. എന്നാൽ, സാക്ഷാൽ പെലെയ്ക്കൊപ്പം കളിച്ച് പെലെയേക്കാൾ വളരേണ്ടിയിരുന്ന ഒരാൾ അങ്ങു ബ്രസീലിൽ ഉണ്ടായിരുന്നു. ഫുട്ബോളിനെ ലഹരിയായി കൊണ്ടു നടന്ന ആൾ. ബ്രസീലിയൻ ജനതയുടെ ആനന്ദമെന്നു വിളിപ്പേരു ചാർത്തപ്പെട്ടയാൾ. ജീവിതത്തിലെ അച്ചടക്കമില്ലായ്മ തകർത്തുകളഞ്ഞ മനുഷ്യൻ. മാനോ ഗാരിഞ്ച. ആ മാനോ ഗാരിഞ്ച ജനിച്ചുവളർന്ന മണ്ണിലേക്കുള്ള യാത്ര ഇന്നും അദ്ഭുതപ്പെടുത്തുന്ന ഓർമയാണ്. ആ വസതിയിലേക്കു ചെല്ലുന്ന ആദ്യ ഇന്ത്യൻ മാധ്യമപ്രവർത്തകനാകാനും സധിച്ചത് ജീവിതത്തിലെ അനുപമ ഭാഗ്യം.

പോകാം നമുക്ക് ഗാരിഞ്ചയുടെ മണ്ണിലേക്ക്.പാവു ഗ്രാൻഡെ, ബ്രസീലിയൻ ഗ്രാമീണതയുടെ വശ്യമായ മുഖം. ഈർപ്പമുള്ള മണ്ണിനു കാവലാളായി കൂറ്റൻ മലകൾ. മലകളുടെ സംരക്ഷണയിൽ, അതിന്റെ അടിവാരത്തിൽ പരിലസിക്കുകയാണ് പാവു ഗ്രാൻഡെ. ഫുട്ബോളിന് ആനന്ദ ലഹരി സമ്മാനിച്ച മാനോ ഗാരിഞ്ചയുടെ സ്വന്തം നാട്. ഇവിടെനിന്നാണ് ഫുട്ബോൾ പ്രണയികളുടെ മനസിലേക്ക് ഗാരിഞ്ച വശ്യതയോടെ ഡ്രിബിൾ ചെയ്തു മുന്നേറിയത്. വികസനം അധികമൊന്നും എത്തി നോക്കാത്ത ഇവിടേക്ക് വന്നിറങ്ങുമ്പോൾ സൂര്യൻ പടിഞ്ഞാറേക്ക് നീങ്ങിത്തുടങ്ങിയിരുന്നു. ചുറ്റുമുള്ള അറ്റ്ലാന്റിക് കാടുകളുടെ സാന്നിധ്യം പ്രദേശത്തിനു കുളിർമ നൽകി. ബസിറങ്ങി നടന്നു. പാവു ഗ്രാൻഡെയിലേക്കെത്താൻ ഏതാണ്ട് അഞ്ചു മിനിറ്റ് സമയത്തെ നടദൂരം.

ഗാരിഞ്ചയുടെ നാടായ പാവു ഗ്രാൻഡെയിലേക്കെത്തുമ്പോൾ ആദ്യം കാണുന്ന ഹോട്ടൽ.

ഗാരിഞ്ചയുടെ വലിയ കട്ടൗട്ട് സ്വാഗതം ചെയ്തു. ഗാരിഞ്ച ഇവിടെയുണ്ട്, വരൂ... എന്ന് വിശാലമായ ആ കട്ടൗട്ടിൽ എഴുതി വച്ചിരിക്കുന്നു. ഗാരിഞ്ച സമ്മാനിച്ച കളിയുടെ ലാസ്യവിലാസം യു ട്യൂബിലൂടെ മാത്രം കാണാൻ സാധിച്ച, യുവ തലമുറയിൽ ഒരാളായി ഇവിടെ വന്നിറങ്ങുമ്പോൾ ഒന്നേ മനസിലുണ്ടായിരുന്നുള്ളൂ. ഗാരിഞ്ച പന്തു തട്ടിയ പാവു ഗ്രാൻഡെയെ അറിയുക, ഗാരിഞ്ചയുടെ കുടുംബത്തെയും കളി മൈതാനങ്ങളെയും അറിയുക. വളഞ്ഞ കാൽകൊണ്ട് പന്തിനെ അനന്തമായ സൗന്ദര്യത്തിലേക്കു കൂട്ടിക്കൊണ്ടുപോവുകയായിരുന്നു ഗാരിഞ്ച ചെയ്തത്. ആ ബൂട്ടിന്റെ മാന്ത്രിക അനുഭവിച്ച മണ്ണിലൂടെ നടന്നു.

ആദ്യം കണ്ടത് മാനോ എന്ന ഹോട്ടലാണ്. ഗാരിഞ്ചയോടുള്ള ആദര സൂചകമായി സ്ഥാപിച്ച ഹോട്ടൽ. കളി കാണാനും കളി പറയാനും കൂടെ ഭക്ഷണം കഴിക്കാനുമുള്ള സൗകര്യം ഇവിടെയുണ്ട്. ഹോട്ടലിലുള്ള യുവാക്കൾ വളരെ സ്നേഹത്തോടെ സ്വീകരിച്ചു. ഗാരിഞ്ചയുടെ വലിയ ചിത്രവും ഹോട്ടലിൽ കാണാം. ഗാരിഞ്ച ഓടി നടന്ന വഴിയിലാണ് ഈ ഹോട്ടലിരിക്കുന്നതെന്ന് അവർ പറഞ്ഞു. ഗാരിഞ്ചയോടു ബഹുമാനത്തേക്കാളുപരി സ്നേഹമായിരുന്നു എല്ലാവർക്കും. നൈസർഗികമായ പ്രതിഭാവിലാസം കൊണ്ട് ലോകത്തിന്റെ നെറുകയിലെത്തിയതുകൊണ്ടാകാം ഗാരിഞ്ചയെ അവർ തങ്ങളിലൊരാളായി കാണുന്നത്.

ഹോട്ടലിനു പുറത്ത് പാവോ ഗ്രാൻഡെ ജംഗ്ഷനു നടുവിലായി ഗാരിഞ്ചയുടെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. പ്രതിമയ്ക്കു ചുറ്റും നിരവധി റോസാ പുഷ്പങ്ങൾ വാടാതെ ഇരിക്കുന്നു. എല്ലാ ദിവസവും ആരാധകർ ഇവിടെ റോസാ പുഷ്പങ്ങൾ സമർപ്പിക്കുന്നുണ്ടത്രേ. ഗാരിഞ്ച മരിച്ചിട്ടില്ല. ഇവിടെ ജീവിക്കുന്നു എന്നവിടെ എഴുതിവച്ചിരുന്നു. ഇവൾ, ഗാരിഞ്ചയുടെ മകൾ ഗാരിഞ്ച കളിച്ചുവളർന്ന മൈതാനത്തിനു മുകളിലായി സ്ഥാപിച്ചിരിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിലേക്കു നടന്നു. ഗാരിഞ്ചയുടെ ഓർമയ്ക്കായാണ് ഈ ഇൻഡോർ സ്റ്റേഡിയം പണി കഴിപ്പിച്ചത്. വിശാലമായ കളിസ്ഥലത്തിലേക്കു കയറുമ്പോൾ സ്വീകരിക്കാൻ ഗാരിഞ്ചയുടെ വലിയ ചിത്രമുണ്ട്. സ്റ്റേഡിയത്തിൽ പരന്ന ഇരുളിന്റെ മറവിൽ പൂർണ പ്രാകാശത്തോടെ തിളങ്ങുന്ന ഗാരിഞ്ചയുടെ വളഞ്ഞ കാലുകൾ അവിടെ കാണാം. ഗാലറിയിൽ ഗാരിഞ്ച ഉപയോഗിച്ച ഏഴാം നമ്പർ ജേഴ്സിയുടെ വലിയ ചിത്രവും. നിറഞ്ഞ നിശ്ബ്ദതയിൽ ഗാരിഞ്ച നൽകിയ ആനന്ദാനുഭവം മനസിൽ സ്മിരിച്ചു പുറത്തേക്കിറങ്ങി. അങ്കലെ ഒരു സ്ത്രീ ഏകദേശം മൂന്നു വയസ് പ്രായമുള്ള ആൺകുട്ടിയെ ഒക്കത്തെടുത്ത് നടന്നുവരുന്നു.

ഗാരിഞ്ചയുടെ മകൾ റോസാഞ്ചലയും കൊച്ചു മകൻ ഫിലിപ്പെയും.

അവൾ അടുത്തേക്കാണു വരുന്നത്. കൂടെയുണ്ടായിരുന്ന മാനുവേൽ ഒളിവേര എന്ന സുഹൃത്ത് ആ സ്ത്രീയെ പരിചയപ്പെടുത്തി. ഇവരാണ് നിങ്ങൾ തേടി നടക്കുന്നവരിൽ ഒരാൾ. അതെ ഗാരിഞ്ചയുടെ ഒമ്പതു മക്കളിൽ ഒരാൾ. റോസാഞ്ജല കുന ഡോസ് സാന്റോസ്. പ്രായം 60 കടന്നിരിക്കുന്നു. ഗാരിഞ്ചയുടെ ഭാര്യമാരിൽ ഒരാളായ ഔസീനയിൽ ഉണ്ടായ പുത്രിയാണ് റോസാഞ്ജല. ഔസീന അഞ്ചു വർഷം മുമ്പ് മരിച്ചു. ഭർത്താവിൽനിന്നു വേർപിരിഞ്ഞ റോസാഞ്ജല ഇപ്പോൾ മൂന്നു മക്കളിൽ രണ്ടാമത്തെ മകൾക്കൊപ്പമാണ് പാവു ഗ്രാൻഡെയിൽ താമസിക്കുന്നത്. ആ മകളുടെ മകനാണ് റോസാഞ്ജലയുടെ കൈയും തൂങ്ങി തെല്ലു നാണത്തോടെ വന്നത്. അവന്റെ പേര് ഫിലിപ്പെ. ഗാരിഞ്ചയുടെ ഫോട്ടോ പ്രിന്റ് ചെയ്ത ഫിലിപ്പെയുടെ ജേഴ്സിയുടെ നമ്പർ ഏഴാണ്. വല്ലപ്പോഴും മാത്രം കറുത്ത വർഗക്കാരിയായ അമ്മയെ കാണാൻ വരുന്ന ഗാരിഞ്ചയെ കണ്ട ചെറിയ ഓർമ മാത്രമേ റോസാഞ്ജലയ്ക്കുള്ളൂ. ഗാരിഞ്ച അപ്പോൾ കഴിഞ്ഞിരുന്നത് നയർ മാർക്കേസ് എന്ന സ്ത്രീക്കൊപ്പമായിരുന്നു.

ഗാരിഞ്ചയുടെ പല സ്ത്രീകളിലൊരാൾ മാത്രമായിരുന്നു ഔസീന. ഗാരിഞ്ചയുടെ മുഖവുമായി ഏറ്റവും സാദ്യശ്യമുള്ള മുഖം തന്റേതാണെന്ന് നാട്ടുകാർ പറയുന്നത് താൻ നന്നേ ആസ്വദിച്ചിരുന്നതായി റോസാഞ്ജല മന്ദസ്മിതത്തോടെ പറഞ്ഞു. ഗാരിഞ്ചയെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ ഓർമ റോസാഞ്ജല പങ്കുവച്ചു. തന്റെ മൂത്ത മകൾ ജനിച്ചപ്പോൾ ഗാരിഞ്ച പേരക്കുട്ടിയെ കാണാനെത്തി. കുട്ടികളെ വളരെ സ്നേഹിച്ചിരുന്ന ഗാരിഞ്ച തന്റെ മകളുടെ മൂർധാവിൽ ചുംബിച്ചു സമ്മാനങ്ങൾ നല്കിയാണ് മടങ്ങിയത്. പിന്നീടൊരിക്കൽ അവൾക്ക് ചെവി വേദനയാണെന്നറിഞ്ഞെത്തിയ ഗാരിഞ്ച മരുന്നൊഴിച്ചുകൊടുത്തതും മറക്കാനാവില്ല. അങ്ങനെ വിരലിലെണ്ണാവുന്നത്ര ദിവസങ്ങൾ മാത്രമേ താൻ ഗാരിഞ്ചയെ കണ്ടിട്ടുള്ളൂ.

ഗാരിഞ്ച മരിച്ച ദിവസമാണ് താൻ ആദ്യമായി കരഞ്ഞുവെന്നു പറയുമ്പോൾ റോസാഞ്ജലയുടെ കണ്ണിൽനിന്ന് ജലകണം പൊടിയുന്നുണ്ടായിരുന്നു. ബ്രസീലുകാരും ഫുടബോൾ ലോകവും ഏറെക്കുറെ മറന്ന ഗാരിഞ്ചയെ കാണാൻ ഇവിടെ വന്ന നിങ്ങൾക്ക് കോടി നമസ്കാരം എന്നു കൈകൂപ്പി അവർ പറഞ്ഞു. ഗാരിഞ്ചയാണ് തന്റെ പിതാവെന്നു വളരെ വൈകി മാത്രം മനസിലാക്കിയ റോസാഞ്ജല ഹൃദയത്തിൽത്തട്ടിപ്പറഞ്ഞ ആ വാക്കുകൾ ഇടയ്ക്കു മുറിഞ്ഞു. ഗാരിഞ്ചയുടെ നേട്ടങ്ങൾ അവർ നെഞ്ചോടു ചേർത്തുവച്ച് അഭിമാനത്തോടെ പങ്കുവച്ച ശേഷം നടന്നു നീങ്ങി. പാവു ഗ്രാൻഡെയിലെ ഗാരിഞ്ച ഫുട്ബോൾ സ്റ്റേഡിയത്തിന്റെ പ്രസിഡന്റാണ് റോസാഞ്ജല ഇപ്പോൾ.

ഏഷ്യാകപ്പും ടി-20 ലോകകപ്പും അനിശ്ചിതത്വത്തിൽ

ദുബായ്: കൊവിഡ് ആശങ്കയിൽ ഏഷ്യാ കപ്പ് ക്രിക്കറ്റ് ടൂർണമെന്റും ടി-20 ലോകകപ്പും. സെപ്റ്റംബറിൽ നടക്കേണ്ട ടൂർണമെന്റിന്റെ വേദി സംബന്ധിച്ച് ഇപ്പോഴും അന്തിമ തീരുമാനമായിട്ടില്ല. പാക്കിസ്ഥാനായിരുന്നു ടൂർണമെന്റിന് വേദിയാവേണ്ടിയിരുന്നത്. എന്നാൽ ഇന്ത്യയുടെ എതിർപ്പിനെത്തുടർന്ന് ആതിഥേയത്വത്തിൽ നിന്ന് പാക്കിസ്ഥാൻ സ്വയം പിൻവാങ്ങിയിരുന്നു. പുതിയ വേദി തീരുമാനിക്കാനായി ചേരാനിരുന്ന ഏഷ്യൻ ക്രിക്കറ്റ് കൌൺസിൽ(എസിസി) യോഗം കൊവിഡ് ആശങ്കയെത്തുടർന്ന് അനിശ്ചിതകാലത്തേക്ക് മാറ്റിവെച്ചതോടെ വേദിപോലും നിശ്ചയിക്കാത്ത ടൂർണമെന്റ് സെപ്റ്റംബറിൽ നടക്കുമോ എന്നകാര്യത്തിലും ക്രിക്കറ്റ് ലോകം ആശങ്കയിലാണ്. ഇന്ത്യയുടെ മത്സരങ്ങൾ ഒഴികെയുള്ള ചില മത്സരങ്ങൾ പാക്കിസ്ഥാനിൽ നടത്തുകയും ഇന്ത്യയുടെ മത്സരങ്ങൾക്ക് മാത്രം മറ്റ് വേദികൾ തീരുമാനിക്കുകയും ചെയ്യുക എന്നതടക്കം എസിസിയുടെ പരിഗണനയിലാണ്.

ശ്രീലങ്കയും ബംഗ്ലാദേശും പാക്കിസ്ഥാനിൽ കളിക്കാൻ തയാറാണെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഈ രാജ്യങ്ങളുമായുള്ള മത്സരങ്ങൾ പാക്കിസ്ഥാനിൽ തന്നെ നടത്തുന്നതിനെക്കുറിച്ചാണ് എസിസി ആലോചിക്കുന്നത്. ഇതിൽ എതിർപ്പില്ലെന്ന് ബിസിസിഐ വ്യക്തമാക്കിയിട്ടുമുണ്ട്. ഈ മാസം ചേരാനിരിക്കുന്ന ഐസിസി യോഗത്തിന്റെ ഭാഗമായി എസിസി അംഗങ്ങളുടെ യോഗം ചേരാമെന്ന് ധാരണയുണ്ടായിരുന്നെങ്കിലും കൊവിഡ് ആശങ്കയുടെ പശ്ചാത്തലത്തിൽ ഐസിസി യോഗം വീഡിയോ കോൺഫറൻസിംഗിലൂടെ നടത്താൻ തീരുമാനിച്ചതും ഏഷ്യാ കപ്പിന്റെ വേദി തീരുമാനിക്കുന്നതിലെ തീരുമാനം നീളാൻ കാരണമായേക്കും. അടുത്ത വർഷം ഓസ്ട്രേലിയയിൽ നടക്കേണ്ട ടി-20 ലോകകപ്പും നടന്നേക്കില്ലെന്ന റിപ്പോർട്ടാണ് ഇപ്പോൾ ലഭിക്കുന്നത്. നിലവിൽ വിദേശികളെ ആരെയും ഓസ്ട്രേലിയയിലേക്ക് കടത്തുന്നില്ല. വിമാനസർവീസെല്ലാം റദ്ദാക്കിയിരിക്കുകയാണ്.

കൊറോണ: റൊണാൾഡോയെ വിമർശിച്ച് മുൻ ക്ലബ് പ്രസിഡന്റ്

ടൂറിൻ: കൊറോണ വൈറസ് വ്യാപിക്കുന്ന ഘട്ടത്തിൽ സൂപ്പർ താരംക്രിസ്റ്റ്യാനോ റൊണാൾഡോയെ പോർച്ചുഗലിലേക്കു മടങ്ങാൻ അനുവദിച്ചത് യുവെന്റസിൽ കാര്യങ്ങൾ വഷളാക്കിയെന്ന് യുവെ മുൻ പ്രസിഡന്റ് ജൊവാനി കൊബോലി ജിഗ്ലി. റൊണാൾഡോയെ ഒരു കാരണവശാലും നാട്ടിലേക്കു മടങ്ങാൻ അനുവദിക്കരുതായിരുന്നു. റൊണാൾഡോ പോയതോടെയാണ് മറ്റു താരങ്ങളും ക്വാറന്റീൻ ചട്ടങ്ങൾ ലംഘിച്ച് നാട്ടിലേക്കു മടങ്ങിയത്. രോഗബാധിതയായ അമ്മയെ കാണാനെന്നു പറഞ്ഞുപോയ റൊണാൾഡോയ്ക്ക്, നീന്തൽക്കുളത്തിനു സമീപത്തുനിന്ന് ഫോട്ടോയെടുക്കാൻ മാത്രമേ ഇപ്പോൾ സമയമുള്ളൂവെന്നും ജിഗ്ലി വിമർശിച്ചു.ഇറ്റലിയിൽ കൊറോണ വൈറസ് വ്യാപിച്ചു തുടങ്ങിയ സമയത്താണ് പക്ഷാഘാതം വന്നു കിടപ്പിലായ അമ്മയെ കാണുന്നതിനായി റൊണാൾഡോ സ്വദേശമായ പോർച്ചുഗലിലേക്കു പോയത്. ഇതിനിടെ യുവെന്റസ് താരം ഡാനിയേൽ റുഗാനിക്ക് കോവിഡ് സ്ഥിരീകരിച്ചതോടെ സഹതാരങ്ങളെയെല്ലാം ക്വാറന്റീനിലേക്കു മാറ്റിയിരുന്നു. പിന്നാലെ യുവെ താരങ്ങളായ ബ്ലെയ്സ് മറ്റിയുഡി, പൗലോ ഡിബാല എന്നിവർക്കും വൈറസ് ബാധ സ്ഥിരീകരിച്ചു. ഇറ്റലിയിൽ കാര്യങ്ങൾ വഷളായതോടെ റൊണാൾഡോ നാട്ടിൽത്തന്നെ ക്വാറന്റീനിൽ തുടരുകയായിരുന്നു.മുതിർന്ന താരങ്ങളുടെ സമ്മർദ്ദത്തിന് വഴങ്ങിയതോടെ ക്ലബ് ഒരു മൂലയിലൊതുങ്ങിയെന്നും ജിഗ്ലി ആരോപിച്ചു. വൈറസ് വ്യാപനം നിയന്ത്രണത്തിലാകുകയും നിർത്തിവച്ചിരിക്കുന്ന സെരി എ ഉൾപ്പെടെയുള്ള ടൂർണമെന്റുകൾ പുനരാരംഭിക്കുകയും ചെയ്താലും ഇപ്പോഴത്തെ സാഹചര്യത്തിൽ തിരികെ 'ട്രാക്കിലെത്താൻ' യുവെന്റസ് ബുദ്ധിമുട്ടുമെന്ന് ജിഗ്‌ലി മുന്നറിയിപ്പു നൽകി.

കൈമെയ് മറന്ന് കായികലോകം

ലണ്ടൻ: കൊറോണ ഭീതിയിൽ രാജ്യം ഷെൽട്ടറിലാകുമ്പോൾ സഹായഹസ്തവുമായി കായിക ലോകം ഒന്നടങ്കം കൈകോർക്കുകയാണ്. ക്രിസ്റ്റിയാനോ റൊണാൾഡോയും ലയണൽ മെസിയുമൊക്കെ ധനസഹായവുമായി മുന്നിലുണ്ട്. കായിക സംഘടനകളും ടീമുകളുമൊക്കെ രംഗത്തെത്തിക്കഴിഞ്ഞു. അവരേവരും ഉറക്കെ പറയുകയാണ്. നാം അതിജീവിക്കും. ഇവരുടെ പട്ടികയിലേക്ക് സാനിയ മിർസയും റോജർ ഫെഡററും പാക്, ബംഗ്ലാദേശ് ക്രിക്കറ്റ് ടീമുകളുമൊക്കെ എത്തിയിരിക്കുകയാണ്.

ഫെഡറർ

സ്വിസ് ടെന്നീസ്ഇതിഹാസം റോജർ ഫെഡററും ഭാര്യയും ഏഴ് കോടി രൂപയിലേറെയാണ് സ്വിറ്റ്സർലൻഡിലെ കുടുംബങ്ങൾക്ക് സംഭാവനയായി നൽകിയിരിക്കുന്നത്. ഒട്ടുമിക്ക ലോകരാജ്യങ്ങളും ലോക്ഡൗൺ നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇതിനിടെ ആരാധകർക്ക് ബോധവൽക്കരണ സന്ദേശങ്ങളും സഹായങ്ങളുമായി കായികതാരങ്ങൾ രംഗത്തെത്തിയിരുന്നു. ടെന്നീസ് ലോകത്തെ സൂപ്പർതാരമായ റോജർ ഫെഡറർ 7.71 കോടിയിലേറെ രൂപ സ്വിറ്റ്സർലൻഡിലെ കൊറോണ വൈറസിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഉടൻ തന്നെ തുക കൈമാറുമെന്ന് ഫെഡറർ അറിയിച്ചു.

സാനിയ മിർസ ധനം സമാഹരിക്കുകയാണ്

കൊവിഡ് 19 വ്യാപനത്തെ തുടർന്ന് രാജ്യം മുഴുവൻ ലോക്ക് ഡൗൺ ആയതോടെ ഓരോ ദിവസത്തേയും കൂലിയെ ആശ്രയിച്ച് ജീവിക്കുന്നവരെ സഹായിക്കാൻ പണം സമാഹരിക്കുകയാണ് ടെന്നിസ് താരം സാനിയ മിർസ.'ലോകം പ്രതിസന്ധിയിലൂടെ കടന്നുപോവുന്ന ഈ ഘട്ടത്തിൽ നമ്മളിൽ പലർക്കും എല്ലാം ശരിയാവുന്നത് വരെ വീടുകളിൽ തന്നെ കഴിയാനുള്ള സാഹചര്യമുണ്ട്. എന്നാൽ നമുക്ക് ചുറ്റുമുള്ള ആയിരക്കണക്കിന് ആളുകൾക്ക് ഈ ഭാഗ്യമില്ല. അവരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്'- സാനിയ ഇൻസ്റ്റഗ്രാമിൽ കുറിച്ചു. സാനിയ മിർസയും സുഹൃത്തുക്കളും ചേർന്ന തുക സമാഹരിച്ച് അർഹതപ്പെട്ടവർക്ക് നൽകും. ക്രിക്കറ്റ് താരങ്ങളായ ഇർഫാൻ പത്താനും യൂസഫ് പത്താനും വഡോദരയിലെ ആരോഗ്യപ്രവർത്തകർക്ക് 4000 മാസ്കുകൾ കൈമാറിയിരുന്നു.

ബംഗ്ലാദേശ് ക്രിക്കറ്റ് ടീം, പകുതി ശമ്പളം സംഭാവന ചെയ്തു

ധാക്ക: കൊറോണവൈറസ് ഭീഷണിയെ തുടർന്നു വലയുന്ന ബംഗ്ലാദേശിനു സഹായം വാഗ്ദാനം ചെയ്തിരിക്കുകയാണ് ദേശീയ ക്രിക്കറ്റ് ടീം. തങ്ങളുടെ ശമ്പളത്തിന്റെ പകുതി രാജ്യത്തിന് സംഭാവന നൽകാൻ ബംഗ്ലാദേശ് ടീം തീരുമാനിച്ചു. ഏകദേശം 23 ലക്ഷത്തോളം രൂപയാണ് ബംഗ്ലാ ടീം സർക്കാരിനു നൽകിയത്. കൊറോണ വൈറസിനെതിരേയുള്ള പോരാട്ടത്തിൽ 27 താരങ്ങളാണ് തങ്ങളുടെ ശമ്പളത്തിന്റെ പകുതി രാജ്യത്തിനു വിട്ടു നൽകിയത്. ബംഗ്ലാദേശിന്റെ മുൻ നായകനും വെടിക്കെട്ട് ഓപ്പണറുമായ തമീം ഇക്ബാലാണ് വലിയൊരു തുക സർക്കാരിന് സംഭാവന ചെയ്ത വിവരം ലോകത്തെ അറിയിച്ചത്. ദേശീയ ക്രിക്കറ്റ് ബോർഡിന്റെ മുഖ്യ കരാറിലുൾപ്പെടുന്ന 17 താരങ്ങളും അടുത്തിടെ സിംബാബ്വെയ്ക്കെതിരേ നടന്ന പരമ്പരയിൽ കളിച്ച 10 താരങ്ങളുമാണ് തങ്ങൾക്കു ലഭിക്കുന്ന ശമ്പളത്തിന്റെ പകുതി സംഭാവന നൽകാൻ സമ്മതം മൂളിയതെന്നും അദ്ദേഹം വ്യക്തമാക്കി. ലോകം മുഴുവൻ കൊറോണ വൈറസെന്ന മഹാമാരിയോട് പോരാടുകയാണ്. ബംഗ്ലാദേശിലും വൈറസ് ബാധ നാശം വിതച്ചു കൊണ്ടിരിക്കുകയാണ്. ഓരോ ദിവസും കൂടുതൽ പേർക്കു വൈറസ് ബാധ സ്ഥിരീകരിക്കുന്നുണ്ട്. ഈ മഹാവിപത്തിനെ ചെറുത്തു തോൽപ്പിക്കാൻ എന്തൊക്കെ ചെയ്യണമെന്ന് ക്രിക്കറ്റ് താരങ്ങളെന്ന നിലയിൽ ഞങ്ങൾ ജനങ്ങളോ ബോധവൽക്കരിക്കുന്നുണ്ട്. എന്നാൽ ജനങ്ങളെ ബോധവൽക്കരിക്കുക മാത്രമല്ല കൂടുതൽ കാര്യങ്ങൾ ഇനിയും ചെയ്യാൻ കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതിന്റെ ഭാഗമായാണ് ഞങ്ങൾ 28 താരങ്ങൾ ശമ്പളത്തിന്റെ പകുതി കൊറോണ വൈറസിനെതിരേ പോരാടുന്നതിന്റെ ഭാഗമായി രാജ്യത്തിനു സംഭാവന ചെയ്യാൻ തീരുമാനിച്ചത്. നികുതിയെല്ലാം കിഴിച്ച് ഏകദേശം 23 ലക്ഷത്തോളം രൂപ വരും ഇത്. ഈ തുക അത്ര വലുതല്ലെന്നു അറിയാം.

എന്നാൽ നമ്മൾ എല്ലാം സ്വന്തമായി ഇതുപോലെ സംഭാവന ചെയ്താൽ അതു രാജ്യത്തിനു വലിയ സഹായവമാവും. മറ്റുള്ളവരെ വിമർശിക്കുകയല്ല, മറിച്ച് തുറന്ന മനസ്സോടെ, ഉത്തരവാദിത്വം ഏറ്റെടുത്ത് നാം ഓരോരുത്തരും ഇതുപോലെ രാജ്യത്തിനു വേണ്ടി പ്രവർത്തിക്കണം. എങ്കിൽ മാത്രമേ കൊറോണ വൈറസിനെതിരേയുള്ള യുദ്ധത്തിൽ നമുക്ക് ജയിക്കാനാവൂ. ദയവു ചെയ്ത് എല്ലാവരും വീട്ടിൽ തന്നെയിരിക്കണം, സുരക്ഷിതരായി ഇരിക്കൂ. ആരോഗ്യം കാത്തുസുക്ഷിച്ച് സ്വന്തം രാജ്യത്തെയും സുരക്ഷിതമാക്കാൻ ശ്രമിക്കൂയെന്നും തമീം ഫേസ്ബുക്കിലൂടെ അഭ്യർഥിച്ചു. ലോക ക്രിക്കറ്റിൽ തന്നെ ഇതാദ്യമായായാണ് ഒരു ടീം കൊറോണ വൈറസിനെതിരേയുള്ള പോരാട്ടത്തിൽ സ്വന്തം രാജ്യത്തിനു സഹായം വാഗ്ദാനം ചെയ്യുന്നത്. ബംഗ്ലാദേശ് ടീമിന്റെ മാതൃകയിൽ വരുംദിവസങ്ങളിൽ കൂടുതൽ ദേശീയ ക്രിക്കറ്റ് ടീമുകൾ രംഗത്തു വരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

റോജർ ഫെഡറർ

സാനിയ മിർസ

പാക് ടീം 50 ലക്ഷം നൽകും

കറാച്ചി: ബംഗ്ലാദേശ് ക്രിക്കറ്റ് ടീമിൽ നിന്നും പ്രചോദനമുൾക്കൊണ്ട് കൊറോണ വൈറസിനെതിരേയുള്ള പോരാട്ടത്തിൽ രാജ്യത്തിനു സഹായഹസ്തവുമായി പാക്കിസ്ഥാൻ ക്രിക്കറ്റ് താരങ്ങളും. 50 ലക്ഷം രൂപയാണ് പാക് താരങ്ങൾ സർക്കാരിന്റെ ദുരിതാശ്വാസ ഫണ്ടിലേക്കു സംഭാവനയായി കൈമാറുന്നത്. മുഖ്യ കരാറിൽപ്പെടുന്ന താരങ്ങളെക്കൂടാതെ പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡിലെ സീനിയർ മാനേജർ തലം വരെയുള്ളവർ ഒരു ദിവസത്തെയും അതിനു മുകളിലുള്ള ഒഫീഷ്യലുകൾ രണ്ടു ദിവസത്തെയും ശമ്പളം സംഭാവന ചെയ്യുമെന്നു പിസിബി മേധാവി എഹ്സാൻ മാനി അറിയിച്ചു. പിസിബിയുടെ മുഖ്യ കരാറിൽപ്പെടുന്ന താരങ്ങൾക്കു പ്രതിമാസം മാച്ച്ഫീ, മറ്റു വരുമാനങ്ങൾ എന്നിവ കൂടാതെ അഞ്ചു മുതൽ 12 ലക്ഷം രൂപ വരെയാണ് ശമ്പളമായി ലഭിക്കുന്നത്. സർക്കാരിനു കൈമാറാനുള്ള തുക താരങ്ങളിൽ നിന്നും മറ്റു ഒഫീഷ്യലുകളിൽ നിന്നും പിസിബി തന്നെ ശേഖരിക്കുമെന്നും വിഷമഘട്ടങ്ങളിൽ എല്ലായ്പ്പോഴും സർക്കാരിനൊപ്പം നിന്ന ചരിത്രമാണ് ക്രിക്കറ്റ് ബോർഡിനുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാക്കിസ്ഥാനിൽ ഇതുവരെ ആയിരത്തിൽ കൂടുതൽ പേർക്കു വൈറസ് ബാധ സ്ഥിരീകരിച്ചു കഴിഞ്ഞു.

ലോക ടെസ്റ്റ് ചാംപ്യൻഷിപ്പിന്റെ ഭാവി അനിശ്ചിതത്വത്തിൽ

ദുബായ്: കൊറോണവൈറസ് ബാധ കായിക ലോകത്തെയാകെ നിശ്ചലമാക്കിയതോടെ ലോക ചാംപ്യൻഷിപ്പിന്റെ ഭാവി എന്താവുമെന്നത് ക്രിക്കറ്റ് പ്രേമികളിൽ ആശങ്കയുണർത്തുന്നു. നിലവിൽ ലോക ചാംപ്യൻഷിപ്പിന്റെ ഭാവിയെക്കുറിച്ച് തീരുമാനമൊന്നുമെടുത്തിട്ടില്ലെന്ന് ഐസിസി വക്താവ് അറിയിച്ചു. ഉചിതമായ സമയത്ത് എന്തൊക്കെ ഓപ്ഷനുകൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ലോക ചാംപ്യൻഷിപ്പിനെക്കുറിച്ച് ചർച്ച ചെയ്യാൻ പറ്റിയ സമയമല്ല ഇത്. നിലവിൽ ചാംപ്യൻഷിപ്പ് നീട്ടി വയ്ക്കുന്നതിനെക്കുറിച്ച് തങ്ങൾ ഗൗരവമായി ആലോചിച്ചിട്ടില്ലെന്നും ഐസിസി വക്താവ് കൂട്ടിച്ചേർത്തു. എന്നാൽ, ടെസ്റ്റ് ചാംപ്യൻഷിപ്പിന്റെ ഫൈനൽ മുമ്പ് തീരുമാനിച്ചതുപോലെ നടക്കില്ലെന്നാണ് സൂചന. നിലവിൽ ഐസിസിയുടെ ലോക ടെസ്റ്റ് ചാംപ്യൻഷിപ്പ് പോയിന്റ് പട്ടികയിൽ ഇന്ത്യയാണ് തലപ്പത്ത് നിൽക്കുന്നത്. ഇതുവരെ കളിച്ച പരമ്പരകളിൽ ഒന്നിൽ മാത്രമേ ഇന്ത്യ പരാജയപ്പെട്ടിട്ടുള്ളൂ. കഴിഞ്ഞ ന്യൂസിലാൻഡ് പര്യടനത്തിലായിരുന്നു ഇന്ത്യയുടെ വിജയക്കുതിപ്പ് അവസാനിച്ചത്. രണ്ടു ടെസ്റ്റുകളുൾപ്പെട്ട പരമ്പരയിൽ ഇന്ത്യ തൂത്തുവാരപ്പെടുകയായിരുന്നു.

എങ്കിലും ഇന്ത്യയുടെ ഒന്നാം സ്ഥാനത്തിന് ഇതു ഇളക്കം തട്ടിച്ചിട്ടില്ല. 360 പോയിന്റോടെയൈണ് ഇന്ത്യ തലപ്പത്ത് നിൽക്കുന്നത്. 296 പോയിന്റുമായി ഓസ്ട്രേലിയയാണ് പട്ടികയിൽ രണ്ടാംസ്ഥാനത്ത്. 180 പോയിന്റുള്ള ന്യൂസിലാൻഡിനാണ് മൂന്നാംസ്ഥാനം. ലോക ടെസ്റ്റ് ചാംപ്യൻഷിപ്പിന്റെ തുടക്കം കഴിഞ്ഞ ഓഗസ്റ്റിലായിരുന്നു. ചിരവൈരികളായ ഇംഗ്ലണ്ടും ഓസ്ട്രേലിയയും തമ്മിലുള്ള ടെസ്റ്റ് പരമ്പരയോടെയാണ് ലോക ചാംപ്യൻഷിപ്പ് ആരംഭിച്ചത്. ലോക ചാംപ്യൻഷിപ്പിൽ ഇന്ത്യയുടെ ആദ്യ എതിരാളി വെസ്റ്റ് ഇൻഡീസായിരുന്നു. വിൻഡീസ് പര്യടനത്തിൽ ഇന്ത്യ രണ്ടു ടെസ്റ്റുകളാണ് കളിച്ചത്. ഈ പരമ്പര തൂത്തുവാരിക്കൊണ്ടാണ് ഇന്ത്യ ലോക ചാംപ്യൻഷിപ്പിൽ അരങ്ങേറിയത്.

SENSEX: 29,946.77 (+1,410.99)
NIFTY: 8,641.45 (+323.60)

വിനിമയ നിരക്ക്

ഡോളർ	75.20
യൂറോ	82.42
പൗണ്ട്	90.10
സ്വിസ്ഫ്രാങ്ക്	77.52
സിംഗപ്പൂർ ഡോളർ	52.38
ഓസ്ട്രേലിയൻ	45.23
കനേഡിയൻ	53.26
ബഹറിൻ ദിനാർ	199.14
കുവൈറ്റ് ദിനാർ	245.02
ഒമാനി റിയാൽ	198.13
സൗദി റിയാൽ	19.99
യു എ ഇ ദിർഹം	20.50
ഖത്തർ	20.76

സാമ്പത്തിക ഉത്തേജനത്തിൽ ഉയർന്ന് ഓഹരി

മുംബൈ: കൊവിഡ്-19 സാമ്പത്തിക പ്രതസന്ധിയെ മറികടക്കാൻ കേന്ദ്ര സർക്കാർ 1.70 ലക്ഷം കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചതോടെ ഓഹരി വിപണി റെക്കോഡ് നേട്ടത്തിൽ അവസാനിച്ചു. മുംബൈ ഓഹരി സൂചികയായ സെൻസെക്സ് 1,410.99 പോയിന്റ് ഉയർന്ന് അതായത് 4.94 ശതമാനം ഉയർന്ന് 29946.77 ലേക്കെത്തി. ദേശീയ ഓഹരി സൂചിക നിഫ്റ്റി 323.60 പോയിന്റ് ഉയർന്ന് 3.89 ശതമാനം വർധനവ് രേഖപ്പെടുത്തി 8641.45 ലേക്കെത്തിയാണ് വ്യാപാരം അവസാനിച്ചത്. നിലവിൽ 1483 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും, 766 കമ്പനികളുടെ ഓഹരികൾ നഷ്ടത്തിലുമാണ്.

ഇൻസ്ഇൻഡ് ബാങ്ക് (44.67%), ഭാരതി എയർടെൽ (9.69%), ലാർസെൻ (9.44%), ബജാജ് ഓട്ടോ (8.22%), ഹീറോ മോട്ടോകോർപ്പ (8.05%) എന്നീ കമ്പനികളുടെ ഓഹരികളിലാണ് നഷ്ടം രേഖപ്പെടുത്തിയത്. അതേസമയം വ്യാപാരത്തിൽ രൂപപ്പെട്ട സമ്മർദം മൂലം വിവിധ കമ്പനികളുടെ ഓഹരികളിൽ ഇന്ന് ഭീമമായ ഇടിവാണ് രേഖപ്പെടുത്തിയത്. യെസ് ബാങ്ക് (10.14%), ഗെയ്ല് (3.24%), അദാനിപോർട്ട്സ് (2.90%), സൺഫാർമ (2.69%), മാരുതി സുസുക്കി (2.56%) എന്നീ കമ്പനികളുടെ ഓഹരികളിലാണ് ഭീമമായ ഇടിവ് രേഖപ്പെടുത്തിയത്.

എച്ച്ഡിഎഫ്സി ബാങ്ക് (2,570.09), ഐസിഐസിഐ ബാങ്ക് (2,515.65), റിലയൻസ് (2,229.74) ആക്സിസ് ബാങ്ക് (2,149.85), എച്ച്ഡിഎഫ്സി (2,097.99) എന്നീ കമ്പനികളുടെ ഓഹരികളിലാണ് ഇന്ന് കൂടുതൽ ഇടപാടുകൾ രേഖപ്പെടുത്തിയത്.

കൊവിഡിനെതിരെ റിലയൻസ്

മുംബൈ: കൊവിഡ്-19 നെതിരായ ഇന്ത്യയുടെ പോരാട്ടത്തെ പിന്തുണയ്ക്കുന്നതിനുള്ള വിശദമായ പദ്ധതി റിലയൻസ് ഇൻഡസ്ട്രീസ് പ്രഖ്യാപിച്ചു. ഇതിൽ ആശുപത്രിയിലൂടെയുള്ള വൈദ്യസഹായം, ജിയോ പ്ലാറ്റ്ഫോം ഉപയോഗിച്ചുള്ള ആരോഗ്യ സൗകര്യങ്ങൾ, എല്ലാ അടിയന്തിര സേവന വാഹനങ്ങൾക്കും സൗജന്യ ഇന്ധനം നൽകൽ എന്നിവ ഉൾപ്പെടുന്നു. മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്ക് അഞ്ച് കോടി രൂപയുടെ പ്രാരംഭ പിന്തുണയും ആർഐഎൽ പ്രഖ്യാപിച്ചു.

മലയാളം മനസ് നിറഞ്ഞ് സ്വീകരിച്ച ഗോകുലഗാഥ

പി.ബി. ബാലു

പഠിക്കാൻവേണ്ടി മറുനാട്ടിലേക്ക് പോവുക, അവിടെ പഠനത്തിനൊപ്പം തൊഴിൽ ചെയ്യുക, അതിനിടയിൽ സ്വന്തം വഴി തെളിച്ചെടുത്ത് വിജയ പടവുകൾ കയറുക, അതാണ് മലയാളിയുടെ മനസിൽ എഴുതിയ ഗോകുലം എന്ന പേരിന്റെ കഥ. വടകരയിൽ അറിയപ്പെടുന്ന അമ്പലത്തുമീത്തൽ കുടുംബത്തിൽ എ.എം. ചാത്തുവിന്റെയും മാതുവിന്റെയും മൂത്ത മകൻ ഗോപാലനോട് പഠിച്ച് മുന്നോട്ടു പോകണമെന്നായിരുന്നു അച്ഛൻ പറഞ്ഞത്. അത് നേടിയതാകട്ടെ അൽപ്പം ബുദ്ധിമുട്ടിയും. അതിനിടയിലാണ് ജീവിതം അനേകം പേർക്ക് ആശ്രയമാവുന്ന സ്ഥാപനങ്ങളുടെ തലവനാക്കുന്നത്.

ബ്രണ്ണൻ കോളെജിൽ പഠിക്കുന്ന കാലം. വീട്ടിൽ നിന്നും കോളേളെജിലേക്കുള്ള ദൂരം ഏഴു കിലോമീറ്റർ. ദിവസവും നടക്കുന്നത് 14 കിലോമീറ്റർ ദൂരം. ജീവിതത്തിൽ എന്തെങ്കിലുമൊക്കെ ആകാൻ പിന്നെ ഒരുപാട് ഓടിയിട്ടുണ്ട്. പ്രതിസന്ധികൾ ഏറെ കണ്ടിട്ടും കിതയ്ക്കാത്തത് അനുഭവ സമ്പത്തുകൊണ്ടു മാത്രം. കോളെജിൽ പഠിക്കുമ്പോൾ സ്വന്തം കാര്യം നോക്കിയത് ട്യൂഷനെടുത്താണ്. അവിടെ നിന്ന് തുടങ്ങുകയാണ് വിജയങ്ങളുടെ കഥ.

ലക്ചർ ആവാൻ ചെന്നൈയ്ക്ക്

എം.എസ്സി പഠിക്കുമ്പോഴാണ് ഞാൻ മദ്രാസിലേക്കു പോയത്. ലക്ചറർ ആകാനായിരുന്നു അച്ഛന്റെ ആഗ്രഹം. നേവിയിൽ സെലക്ഷൻ കിട്ടിയിരുന്നു. ചെറിയൊരു ആരോഗ്യപ്രശ്നം ഉള്ളതുകൊണ്ട് അത് ലഭിക്കാതെ പോയി. പിന്നെ നാട്ടിൽ പഠിക്കാൻ പോകാൻ ചെറിയൊരു മടി വന്നു. അതായിരുന്നു പുറത്തേക്ക് പോവാനുള്ള കാരണം.

ആദ്യം ഒരു ചിട്ടിഫണ്ടിലായിരുന്നു (ശ്രീകൃഷ്ണ) ജോലി. അവിടത്തെ അനാസ്ഥയും കള്ളത്തരവും മുതലാളിയെ ചൂഷണം ചെയ്യലും ശ്രദ്ധിച്ചു. അക്കാര്യം മുതലാളിയോടു പറഞ്ഞു. ശമ്പളം വാങ്ങുന്നതല്ലേ അതുകൊണ്ടാണ് പറഞ്ഞത്. പിറ്റേദിവസം മറ്റ് ആളുകൾ എന്നെ ശത്രുവിനെ പോലെ കാണാൻ തുടങ്ങി. അങ്ങനെ അവിടെ നിന്നും ഇറങ്ങി.

തുടക്കം ലോട്ടറി കച്ചവടം

പഠിക്കണം, പണം വേണം അതിനായി ശ്രമം, ജോലി തേടുന്നതിലും എളുപ്പമുള്ള വഴി പരിചയമുള്ളവർ കാട്ടി തന്നു. അന്ന് അവിടെ ലോട്ടറി വ്യാപാരമുണ്ടായിരുന്നു. ഏറ്റവും ലാഭമെന്ന് കണ്ട ലോട്ടറി ബിസിനസ് ആരംഭിച്ചു. നല്ല ലാഭം കിട്ടി. ഒരു ദിവസം ലാഭം കിട്ടിയാൽ പിറ്റേദിവസം വേറെ ജോലിക്കുവേണ്ടി ഇന്റർവ്യൂവിന് പോകുമായിരുന്നു. ഒരിക്കൽ എവർ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും ഇന്റർവ്യൂവിന് വിളിച്ചു. 200 പേരിൽ നിന്നും 11 പേരെയാണ് തെരഞ്ഞെടുത്തത്. അവസാനമായി ഒരു ഇന്റർവ്യൂ കൂടി ഉണ്ട്. അതിന് കൊൽക്കത്തയിൽ നിന്നാണ് ആൾ വന്നത്. അദ്ദേഹം വന്ന് ചോദിച്ചപ്പോൾ പിടിവിട്ടു പോയി. ഇന്ന് ലോകമാകെയുള്ള സംരംഭങ്ങൾ നിയന്ത്രിക്കുന്ന ബിസിനസുകാരന് കടുകട്ടി ഇംഗ്ലീഷ്, അങ്ങനെ അത് ലഭിച്ചില്ല. പിന്നെ പുതിയ അവസങ്ങൾ തേടി നടപ്പായി.

മൂന്നാം അങ്കം മെഡിക്കൽ

ഗോകുലം മെഡിക്കൽ ഗ്രൂപ്പുകളുടെ വിജയത്തിന് ഒരു പിന്നാമ്പുറ കഥയുണ്ട്, ആ ഫീൽഡിലും ജോലി ചെയ്തിട്ടുണ്ട് ഗോകുലം ഗോപാലൻ. ലോട്ടറി വിൽക്കുന്നതിനു വേണ്ടിയാണ് ഒരു വനിത ഡോക്റ്ററെ സമീപിച്ചത്, പേര് ഡോ. മംഗളം. സംസാരത്തിനിടയിൽ എന്താണ് പഠിച്ചതെന്ന് ചോദിച്ചു. ഞാൻ ബിഎസ്സി എന്നു പറഞ്ഞു. അവരുടെ കത്ത് നൽകി യൂണിവേഴ്സൽ ലബോറട്ടറീസിലേക്കയച്ചു. അവിടെ റെപ്രസെന്റേറ്റീവായി ജോലി ലഭിച്ചു. നന്നായി പണിയെടുത്തു. ആറു മാസം കൊണ്ട് നല്ല ബിസിനിസ് കിട്ടിയതിനാൽ ബൈക്ക് വാങ്ങി തന്നു. അറിയാത്ത ഒരു ബന്ധത്തിൽ നിന്നും സഹായം കിട്ടി, അതാണ് ഇതുവരെയുള്ള വിജയത്തിന്റെ പ്രധാനകാരണം.

സ്വപ്നം

സ്വന്തം സ്ഥാപനം എന്നതായിരുന്നു സ്വപ്നം. അങ്ങനെയാണ് 1968ൽ ചെന്നൈയിലെ മൈലാപ്പൂരിലാണ് ശ്രീഗോകുലം ചിറ്റ്സ് ആൻഡ് ഫിനാൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങുന്നത്. പിന്നെ അധ്വാനം തന്നെ. കാലത്തും വൈകിട്ടും നാലു വീതം ഡോക്റ്റർമാരെ കാണും. ശ്രീഗോകുലം ചിറ്റ്സിന് പേരായി. 1975ലാണ് ചിട്ടി രജിസ്റ്റർ ചെയ്തത്. ആദ്യ മുതൽ മുടക്ക് 600 രൂപ. കഷ്ടപ്പെടാതെ നേട്ടമുണ്ടാക്കാൻ പറ്റില്ല. ഒരു കുഞ്ഞിനെ അമ്മ നോക്കുന്നതു പോലെ കരുതൽ വേണം അതാണ് വിജയ രഹസ്യം.

വിദ്യാഭ്യാസ സ്ഥാപനങ്ങളും മെഡിക്കൽ കോളെജും ആതുരാലയങ്ങളും ഒടുവിൽ ടി. വി ചാനലുകളുമായി വളർന്നപ്പോഴും ലാളിത്യമാണ് മുഖമുദ്ര. ഗോകുലം കൈവയ്ക്കാത്ത മേഖലകളില്ല. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കൊപ്പം ജ്വല്ലറി, ഹൗസിങ് കമ്പനി, ഫുഡ് പ്രോസസിങ്, ഫുട്ബോൾ ക്ലബ്, ഗോകുലം ടി, ഹൈപ്പർ മാർക്കറ്റ് എന്നിങ്ങനെയാണത്. 31ഓളം അനുബന്ധ സ്ഥാപനങ്ങളുമുണ്ട്.

പേരിന് പിന്നിൽ

അച്ഛന് വടകരയിലെ ഓർക്കാട് ബിസിനസ് ഉണ്ടായിരുന്നു. അച്ഛന്റെയൊപ്പം കൃഷിക്കിറങ്ങിയിട്ടുണ്ട്. കുട്ടിക്കാലത്ത് എന്നും രാവിലെ രണ്ട് ഗ്ലാസ് പാൽ കുടിക്കും. ഞാൻ തന്നെയാണ് ചൂടുപാൽ കറന്നെടുത്ത് കുടിക്കുന്നത്. അപ്പോൾ അച്ഛൻ പറയും, രാവിലെ പാൽ കുടിക്കണമെങ്കിൽ പശുക്കളെ കൊണ്ടു പോയി മേയ്ക്കണം. ആ ജോലിയും ചെറുപ്പത്തിൽ ചെയ്തിട്ടുണ്ട്. ഈ വ്യവസായി മകൻ വളർന്ന് വലുതാകുമ്പോൾ അത് മറക്കാൻ പാടില്ലല്ലോ. അതുകൊണ്ട് തന്നെയാണ് ഗോകുലമെന്ന് പേരിട്ടത്.

സമർപ്പണവും സ്ഥിരോത്സാഹവും

1968 ജൂലൈ 23ന് ചെന്നൈ മൈലാപ്പൂരിൽ നിന്നായിരുന്നു ഈ സ്ഥാപനത്തിന്റെ തുടക്കം. കഠിനാധ്വാനം, നിസ്വാർത്ഥ സേവനം വിവേകമുള്ള വൻ മാനേജ്മെന്റ് രീതികൾ എന്നിവയിലൂടെ ഈ സ്ഥാപനം വളർന്നുകൊണ്ടേയിരുന്നു. എ.എം. ഗോപാലൻ അങ്ങനെ പതിയെ ഗോകുലം ഗോപാലനായി. രാജ്യമെമ്പാടും നിരവധി സ്ഥാപനങ്ങൾ. തുടക്കം മുതൽ തന്നെയുള്ള അദ്ദേഹത്തിന്റെ കഠിനാധ്വാനവും, സമർപ്പണവും സ്ഥിരോത്സാഹവുമാണ് വളർച്ചയ്ക്ക് കാരണമായത്. ഒരു പരാതിക്കും ഇടവരാതെ ഉപഭോക്തൃ സംതൃപ്തി കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച ചിട്ടി കമ്പനി എന്ന നിലയിലേക്ക് ഉയർന്നു.

പതിനൊന്നായിരം തൊഴിലാളികൾ, വർഷത്തിൽ അവരിൽ ഓരോരുത്തരെയും അഞ്ച് മിനുട്ടെങ്കിലും കാണുന്ന മുതലാളി. പ്ലസ് ടു യോഗ്യതയുള്ളവർ അദ്ദേഹത്തിന്റെ കമ്പനികളിൽ മാനെജർമാരാകുന്നു, പ്രായോഗിക പരിചയം അടിസ്ഥാനമാക്കി രണ്ടു ലക്ഷത്തോളം രൂപ ശമ്പളവും വാങ്ങുന്നു. ഇതിനുള്ള വ്യക്തമായ മറുപടിയും ഈ വ്യവസായിക്കുണ്ട്.

'എന്റെ പതിനൊന്നായിരം സ്റ്റാഫിൽ എല്ലാ കൊല്ലവും അതിൽ എല്ലാവരെയും അഞ്ചു നിമിഷമെങ്കിലും ഞാൻ കാണും. ചിട്ടി ഫണ്ടിൽ പ്രത്യേകിച്ചും. കാരണം ഇത് വിശ്വാസത്തിന്റെ പേരിൽ നടത്തുന്നതാണ്. അത് ഗ്രഹിക്കാനുള്ള കഴിവുള്ള ആളുകൾ വേണം. അവരെ സെലക്റ്റ് ചെയ്യുക എന്നതാണ് ഏറ്റവും വലിയ കാര്യം. പ്ലസ് ടു പഠിച്ചവൻ ഇന്ന് രണ്ട് ലക്ഷം രൂപ വരെ ശമ്പളം വാങ്ങുന്നുണ്ട്. അത് അവന്റെ എക്സ്പീരിയൻസ് ആണ്. അവൻ നല്ല വിശ്വസ്തനായിരിക്കും. പ്രവർത്തനങ്ങൾ വളരെ സത്യസന്ധമായിരിക്കും. അങ്ങനെയുള്ള രണ്ട് ലക്ഷം രൂപ വരെ ശമ്പളം വാങ്ങുന്ന മാനെജർമാർ ഉണ്ട്. കമാൻഡർക്ക് കമാൻഡ് ചെയ്യാനേ പറ്റൂ, യുദ്ധം ചെയ്യണമെങ്കിൽ ഇവർ തന്നെ വേണം. ആ ബോധം ലീഡർക്ക് വേണം'.



ഗോകുലം ഗോപാലൻ

കേരളത്തിലേക്ക്

സ്വന്തം നാടെന്ന രീതിയിലാണ് കേരളത്തിൽ മുതൽ മുടക്കാൻ തീരുമാനിച്ചത്. ചിട്ടികമ്പനിയുടെ വളർച്ച കേരളത്തിന്റെ വിശ്വാസം നേടിയെടുത്തായിരുന്നു. പിന്നെ കൈ വയ്ക്കുന്നത് വിദ്യാഭ്യാസ രംഗത്താണ്. 25 കൊല്ലം മുമ്പ് വടകരയിലാണ് ആദ്യ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയത്. ഇപ്പോൾ സിബിഎസ്ഇ സ്കൂളുകൾ, ബി എഡ് കോളെജ്, ആർട്സ് ആൻഡ് സയൻസ് കോളെജ്, എൻജിനീയറിങ് കോളെജ്, കാറ്ററിംങ് കോളെജ്, ഫാർമസി കോളെജ്, നഴ്സിംഗ് കോളെജ്, മെഡിക്കൽ കോളെജ് എന്നിവയുണ്ട്. ഡ്രിങ്കിങ് വാട്ടർ ബിസിനസും നടത്തുന്നുണ്ട്.

1976ൽ ഗോകുലം സിനിമ നിർമിച്ചു. അല്ലരു വയസു എന്ന തെലുങ്ക് ചിത്രം, കളിപ്രായമെന്നാണ് അതിന്റെ മലയാളം. എസ് ഐ ചന്ദ്രശേഖരന്റെ ആദ്യചിത്രമായിരുന്നു. വിജയ്‌യുടെ അച്ഛനാണ് ചന്ദ്രശേഖർ. അന്നേരം ഭയങ്കര ക്രിട്ടിക്കലായിരുന്നു ബിസിനസ്. അതുകൊണ്ട് പിന്നെ വന്ന സംവിധായകരുടെ അഭ്യർഥനകളൊന്നും സ്വീകരിച്ചില്ല. അക്കാലത്ത് നിരവധി ചിട്ടിക്കമ്പനികൾ പൊട്ടുകയും ചെയ്തിരുന്നു.

കുറെക്കാലം കഴിഞ്ഞ് വിനയൻ വന്നു പറഞ്ഞതുകൊണ്ടാണ് അതിശയൻ എടുത്ത് സിനിമയിൽ സജീവമായത്. നാൽപ്പതോളം പടങ്ങളെടുത്തു. നിർമിച്ചവയിൽ ശ്രദ്ധിക്കപ്പെട്ടത് ഏറെയും ബിഗ് ബഡ്ജറ്റ് ചിത്രങ്ങളാണ്. ഇപ്പോൾ കൂടുതൽ ശ്രദ്ധ ഈ മേഖലയിൽ കമ്പനി നൽകുന്നുണ്ട്.

നയം

വിജയത്തിൽ ഒരു പങ്ക് ഗോകുലം വിശ്വാസത്തിന് നൽകുന്നു. മനുഷ്യന് കഴിവ് മാത്രം പോരാ, ദൈവാധീനം കൂടി വേണം. എന്റെ കീഴിൽ ജോലി ചെയ്യുന്നവരിൽ എന്നേക്കാൾ സാമർത്ഥ്യം ഉള്ളവരും വിദ്യാഭ്യാസമുള്ളവരും ഉണ്ട്. ഇതു രണ്ടും പോരാ ദൈവാധീനവും കൂടി വേണം ഉയരങ്ങളിലെത്താൻ. തിരിച്ചടി ഉണ്ടായിട്ടുണ്ട്. അപ്പപ്പോൾ ചില പ്രശ്നങ്ങൾ ഉണ്ടാകും. അത് തോൽവിയായല്ല, പ്രോത്സാഹനമായിട്ടെടുക്കും. വിശ്വസിച്ച ആളുകൾ ചതിച്ചിട്ടുണ്ട്. ഒരുകാര്യം തീരുമാനിച്ചാൽ അതു ചെയ്യും. പിന്നെ, നഷ്ടം ഓർത്ത് പശ്ചാത്തപിച്ചിട്ട് കാര്യമില്ല എന്നതാണ് നയം.

ആദ്യമായി തുടങ്ങിയ വിനോദ ചാനലും തുടർന്നുള്ള ന്യൂസ് ചാനലും ജനപ്രിയമായി മാറുന്നതിൽ സന്തോഷമേ ഉള്ളൂ. ഓട്ടോ മൊബൈൽസ് ആരംഭിച്ചു. ഇ-വാഹനങ്ങളുടെ വിപണി നിരീക്ഷിച്ചു വരികയാണ്. കുടുംബമാണ് ശക്തി. മകൻ ബൈജു ഗോപാലനാണ് എക്സിക്യൂട്ടീവ് ഡയറക്റ്റർ, മകൾ ജലീഷ, മരുമകൻ വി.സി. പ്രവീണാണ് ഡയറക്റ്റർ ഓപ്പറേഷൻസ്.

തളർച്ചയിലേക്ക് കൂപ്പുകുത്തി ഓട്ടോമൊബൈൽ

മുംബൈ: കൊവിഡ്-19 പകർച്ചാവ്യാധിയെ നേരിടാൻ ലോക്ക്ഡൗൺ പ്രഖ്യാപിച്ചത് കാരണം മാർച്ചിൽ മാത്രം 7.5 ലക്ഷം യൂണിറ്റ് ഉത്പാദന നഷ്ടവും രണ്ട് ബില്യൺ ഡോളർ വരുമാന നഷ്ടവും ഓട്ടൊമോട്ടീവ് വ്യവസായത്തിന് പ്രതീക്ഷിക്കുന്നു. തൊഴിലാളികളെയൊന്നും പിരിച്ചുവിടില്ലെന്ന് നിരവധി വാഹന നിർമാണ കമ്പനികൾ വ്യക്തമാക്കി.

കാര്യങ്ങൾ എപ്പോൾ സാധാരണ നിലയിലാകുമെന്ന് ആർക്കും അറിയില്ല. ചൈന, കൊറിയ, മറ്റ് വിപണികൾ എന്നിവയുടെ അനുഭവം അനുസരിച്ച് കുറഞ്ഞത് ഒരു മാസത്തെ ബിസിനസ് തടസപ്പെടാൻ സാധ്യതയുണ്ട്. ടാറ്റ മോട്ടോഴ്സ് വെള്ളിയാഴ്ച നിരവധി പ്ലാന്റുകൾ അടച്ചുപൂട്ടുന്നതായി പ്രഖ്യാപിച്ചു.

മഹീന്ദ്ര, മാരുതി സുസുക്കി, ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ, ടൊയോട്ട കിർലോസ്കർ എന്നിവരാണ് ഞായറാഴ്ച നടപടി കൈക്കൊണ്ടത്. കിയ മോട്ടോഴ്സ്, റെനോ നിസാൻ അലയൻസ്, യമഹ മോട്ടോർ, ടിവിഎസ് മോട്ടോർ എന്നിവയും ഇന്നലെ ഉത്പാദനം നിർത്തിവച്ചു. സുസുക്കി മോട്ടോർ ഗുജറാത്തിലും തിങ്കളാഴ്ച മുതൽ ഷട്ട്ഡൗൺ പ്രഖ്യാപിച്ചു.

പുതിയ പരിസ്ഥിതി കണക്കിലെടുക്കുമ്പോൾ, യാത്രാ വാഹനങ്ങളും ഇരുചക്ര വാഹനങ്ങളും വളർച്ച രേഖപ്പെടുത്താം. എന്നിരുന്നാലും വാണിജ്യ വാഹനങ്ങൾക്ക് അടുത്ത സാമ്പത്തിക വർഷവും ഇടിവ് തുടരും.

തിരിച്ചടികൾക്കിടയിലും സർക്കാരിന് പിന്തുണയുമായി ഓൾ ഇന്ത്യ ജെം ആൻഡ് ജ്വല്ലറി കൗൺസിൽ

കൊച്ചി: രാജവ്യാപകമായി ആറു ലക്ഷത്തിലേറെ ആഭരണശാലകളുടെ പ്രാതിനിധ്യമുള്ള ഓൾ ഇന്ത്യ ജെം ആൻഡ് ജ്വല്ലറി ഡൊമസ്റ്റിക് കൗൺസിൽ കൊവിഡ്-19ന് എതിരായ സർക്കാരിന്റെ നീക്കങ്ങൾക്കും പിന്തുണ നൽകും. ഗോൾഡ് മെറ്റൽ വായ്പയും അതിന്റെ പലിശയും അടക്കുന്നതിന് 180 ദിവസത്തെയെങ്കിലും സാവകാശം വേണമെന്നും കൗൺസിൽ സർക്കാരിനോട് ആവശ്യപ്പെട്ടു. കൊവിഡ്-19 പ്രശ്നത്തെ തുടർന്ന് രാജ്യത്തെ രത്ന, ആഭരണ മേഖല നിശ്ചലാവസ്ഥയിലാണെന്ന് കൗൺസിൽ ചെയർമാർ അനന്തപദ്മനാഭൻ ചൂണ്ടിക്കാട്ടി. മാളുകളിലും വ്യാപാര സമുച്ചയങ്ങളിലുമുള്ള നിരവധി ആഭരണശാലകൾ അടച്ചു പൂട്ടി.

ജീവനക്കാർ, കരകൗശല വിദഗ്ധർ, ഉപയോക്താക്കൾ, നിർമാതാക്കാൾ, മൊത്തക്കച്ചവടക്കാർ, വിതരണക്കാർ, ലബോറട്ടി ജീവനക്കാർ, ഡിസൈനർമാർ തുടങ്ങി എല്ലാവരും പ്രതിസന്ധിയിലാണ്. സർക്കാരിൽ നിന്ന് അനുകൂലമായ നടപടികൾ പ്രതീക്ഷിക്കുന്നുണ്ടെന്നും കൗൺസിൽ വ്യക്തമാക്കി.

വിലയില്ല പദ്ധതിയില്ല; പുതുവഴി തേടി റിയൽ എസ്റ്റേറ്റ്

കൊച്ചി: കേരളത്തിലെ സാമ്പത്തിക സ്ഥിതി വീണ്ടും ദുർബലമായതോടെ സ്ഥലവില ഇനി കുത്തനെ കുറയുമെന്ന് വിലയിരുത്തൽ. മോഹിപ്പിക്കുന്ന നേട്ടം പ്രതീക്ഷിച്ച് ഇതുവരെ വിൽക്കാതെ പിടിച്ചുവെച്ചിരുന്ന ഭൂമി വിൽപ്പന നടത്തി സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാനാകാത്ത സ്ഥിതിയിലേക്കാവും കാര്യങ്ങൾ നീങ്ങുക.

മാത്രമല്ല, വലിയ വിലയുള്ള ഭൂമിയിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തി നേട്ടമുണ്ടാക്കാൻ പറ്റുന്ന സാഹചര്യവുമില്ല. അതിനാൽ റിയൽ എസ്റ്റേറ്റ് മേഖലയിലും കുറച്ചു കാലത്തേക്ക തിരിച്ചടിയാവും ഫലം. എവിടെ കോമേഴ്സ്യൽ ബിൽഡിങ് നിർമിക്കാമെന്നായിരുന്നു മൂന്നുമാസം മുമ്പ് വരെയുള്ള കണക്കുകൂട്ടൽ. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളിൽ പോലും വാടകക്കാരുണ്ടാവില്ല എന്ന നിലയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. നാലു വർഷം മുമ്പ് വരെ കേരളത്തിൽ ഭൂമി കച്ചവടം ഒരു ചൂതാട്ടം പോലെയായിരുന്നു. യാഥാർഥ്യത്തിന് നിരക്കാത്ത വിലയ്ക്കാണ് ഇടപാടുകൾ പലതും നടന്നത്. ഇതോടെ ആവശ്യക്കാർക്ക് പോലും ഭൂമി വാങ്ങാൻ പറ്റാത്ത സ്ഥിതിയായി. മാത്രമല്ല, വലിയ നേട്ടം പ്രതീക്ഷിച്ച് പലരും മോഹവിലയ്ക്ക് ഭൂമി വാങ്ങിയിടുകയും ചെയ്തു. ഇവർ വലിയ നേട്ടം പ്രതീക്ഷിച്ച് സ്ഥലം വിൽക്കാതെ പിടിച്ചുവെച്ചു. നോട്ട് പിൻവലിക്കൽ വന്നതോടെ സ്ഥലക്കച്ചവടത്തിനും അത് തിരിച്ചടിയായി. ഭൂമി കച്ചവടത്തിലേക്കുള്ള കള്ളപ്പണമൊഴുക്ക് തടയാൻ സ്വീകരിച്ച കർശന നിലപാടുകൾ കൂടിയായതോടെ കേരളത്തിൽ സ്ഥല കച്ചവടം നിലച്ചു.

അതിനു പിന്നാലെ പ്രളയം എത്തിയത് ആകെ തകർത്തത് റിയൽ എസ്റ്റേറ്റ് മേഖലയെ ആയിരുന്നു. ഗൾഫ് മേഖലയിൽ ഉടലെടുത്ത തൊഴിൽ സംബന്ധമായ പ്രശ്നങ്ങളും കേരളത്തിലെ കാർഷിക നാണ്യവിളകളുടെ വിലയിടിവും ചേർന്നതോടെ ആകാശം മുട്ടേ നിന്ന സ്ഥലവില കുത്തനെ താഴേക്ക് പോരാൻ തുടങ്ങി. കേരളത്തിലെ കോ ഓപ്പറേറ്റീവ് ബാങ്കുകളിൽ വൻതോതിൽ കിടപ്പാടം പോലും പണയം വെച്ച് ആളുകൾ വായ്പ എടുത്തിട്ടുണ്ട്. പല സ്ഥലത്തിലും രേഖകളിൽ കാണിച്ചിരിക്കുന്ന മൂല്യം വളരെ ഉയർന്നതുമാണ്. അതെല്ലാം ഇനി ആ സ്ഥാപനങ്ങൾക്കു ബാധ്യതയായി മാറുന്ന സ്ഥിതിയാണ്.

സഹകരണ ബാങ്കുകൾ ഒരു യോഗത്തിൽ നൽകിയ റിപ്പോർട്ട് ഇങ്ങനെ: സ്ഥലം ഈട് നൽകിയിരിക്കുന്ന വായ്പകൾ പലതിലും തിരിച്ചടവ് മുടങ്ങിയിരിക്കുകയാണ്. പലതും കിടപ്പാടമാണ്. ജപ്തി നടപടികളിലേക്ക് കടന്നാൽ പലതലത്തിൽ നിന്നുള്ള പ്രതിഷേധം ശക്തമാകും. അത് ലേലത്തിൽ വെച്ചാലും വാങ്ങാൻ ആളുകൾ കുറവാണ്, വല്ലാത്ത കുരുക്കാണ്.

ബാങ്കിൽ നിന്നുള്ള സമ്മർദം ഏറുന്നതോടെ സ്ഥലം സ്വന്തം നിലയ്ക്ക് വിറ്റ് ബാധ്യത ഒഴിവാക്കാനുള്ള ശ്രമം ഇനി വായ്പക്കാർ നടത്തും. കിട്ടിയ വിലയ്ക്ക് വിറ്റാൽ പോലും കടം വീട്ടാനാകാത്ത സ്ഥിതിയാണ് പലർക്കും. സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ മറ്റൊരു മാർഗമില്ലാതെ വരുമ്പോൾ സ്ഥലം കിട്ടിയ വിലയ്ക്ക് വിൽക്കുന്ന സ്ഥിതി തന്നെ കേരളത്തിൽ വരും. ഇതോടെ വിലകൾ കുത്തനെ കുറയും. ഇപ്പോൾ തന്നെ സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവിലയ്ക്കും താഴെയാണ് കച്ചവടം നടക്കുന്നത്. വാണിജ്യാവശ്യങ്ങളിൽ നിന്നുള്ള കെട്ടിടങ്ങളിൽ നിന്നും വരുമാനമില്ല എന്നത് മറ്റൊരു തിരിച്ചടിയാണ്. മിനി ഷോപ്പിങ് മാൾ, കടമുറികൾ എന്നിവ നിർമിച്ച് വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ ഇപ്പോൾ വാടകക്കാരെ കിട്ടാത്ത സ്ഥിതിയാണ്. നിലവിലുള്ള വാടകക്കാർക്ക് തന്നെ കൃത്യമായി വാടക നൽകാനും സാധിക്കുന്നില്ല. ലക്ഷങ്ങൾ വായ്പ എടുത്ത് നിർമിച്ച കെട്ടിടങ്ങൾ ജപ്തി ഭീഷണി നേരിടുന്നു. കേരളത്തിൽ ഈ വർഷം പിറന്നിട്ട് പുതിയതായി ഒന്നോ രണ്ടോ അപ്പാർട്ട്മെന്റ് പദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി നിലവിൽ വന്നതോടെ അതിന്റെ പരിധി വരാത്ത ചെറിയ, എട്ടോ അതിൽ താഴെയോ ഫ്ളാറ്റുകളുള്ള, ഭവന പദ്ധതികൾ നിർമിച്ച് വിൽക്കാനാണ് ചില ബിൽഡർമാർ ശ്രമിക്കുന്നത്. അതിന് ഉതകുന്ന ഗ്രാമീണ പ്രൊജക്റ്റുകളുമായി കമ്പനികൾ എത്തിയാൽ കേരളത്തിലെ ഭൂമിവില വീണ്ടും ട്രാക്കിൽ എത്തി.

സ്വർണം 30,640

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	18500		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	30,640
കടല	5100-6300	പാം ഓയിൽ	7450

ലോക്ക് ഡൗൺ: നഷ്ടം 6.3 ലക്ഷം കോടി

മുംബൈ: ലോക്ക്ഡൗൺ പ്രഖ്യാപിക്കപ്പട്ടതിലൂടെ രാജ്യത്തിന് പ്രതിദിനം 35,000 മുതൽ 40,000 കോടി രൂപ വരെ സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്ന് കെയർ റേറ്റിങ്സ് റിപ്പോർട്ട്. 21 ദിവസത്തെ ലോക്ക് ഡൗൺ പൂർത്തിയാകുമ്പോൾ ഇത് 6.3 ലക്ഷം കോടി രൂപ വരെയാകും.

ലോക്ക് ഡൗണിനെ തുടർന്ന് ഉത്പാദന നഷ്ടം 80 ശതമാനം എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് കണക്ക്. നടപ്പ് സാമ്പത്തിക വർഷത്തെ ജിഡിപിയുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്. 140150 ലക്ഷം കോടി രൂപയായിരുന്നു ഇക്കാലയളവിലെ മൊത്ത ആഭ്യന്തര ഉത്പാദനം.

ഇതോടെ സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ ഇപ്പോഴത്തേതിലും താഴേക്ക് പോകും. 1.5 ശതമാനം മുതൽ 2.5 ശതമാനം വരെയാകും നാലാം പാദത്തിലെ വളർച്ച. നിലവിൽ ഉണ്ടാകുന്ന പ്രതിദിന നഷ്ടം ഏപ്രിലിൽ ആരംഭിക്കുന്ന അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിലായിരിക്കും ഏറെ ആഘാതം ഏൽപ്പിക്കുക. ജിഡിപിയിൽ 4.24.8 ലക്ഷം കോടി രൂപയുടെ കുറവ് ആ സമയത്ത് ഉണ്ടായേക്കും. പിന്നീടുള്ള പാദങ്ങളിലും ജിഡിപി വളർച്ച ഇല്ലാതാവുകയോ കുറഞ്ഞ വളർച്ചയോ ആകാം ഇതിന്റെ ഫലമെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം ലോക്ക് ഡൗൺ 21 ദിവസം കൊണ്ട് അവസാനിക്കാതെ ചിലപ്പോൾ 3060 ദിവസം വരെ നീണ്ടു പോയേക്കാമെന്നും റിപ്പോർട്ടിൽ പറയുന്നു.

കൊവിഡിന് ആയുഷ്മാൻ ഭാരത്

മുംബൈ: കൊവിഡ്-19 രോഗത്തെ കേന്ദ്ര സർക്കാരിന്റ കീഴിലുള്ള ആരോഗ്യ ഇൻഷറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിന്റെ കീഴിലാക്കി. ഇതോടെ ആയുഷ്മാൻഭാരത് പദ്ധതിയുടെ കീഴിലുള്ളവർക്ക് വൈറസ് ബാധയ്ക്കുള്ള ടെസ്റ്റുകൾ സൗജന്യമാകും. നാഷണൽ ഹെൽത്ത് അതോറിറ്റിയുടേതാണ് തീരുമാനം. ഈ പദ്ധതിയുടെ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രിയിലും കൊറോണ ടെസ്റ്റ് സൗജന്യമായി നടത്താം.

കൊവിഡ്-19 സംശയിക്കപ്പെടുന്ന രോഗികൾക്കും സ്വകാര്യ ആശുപത്രികളിൽ ഐസൊലേഷൻ നിർദേശിച്ചാൽ അതും പദ്ധതിയുടെ പരിധിയിൽ വരും. കൊറോണയുടെ ഭാഗമായി വരുന്ന എല്ലാ ടെസ്റ്റുകളും ലിസ്റ്റിലുള്ള സ്വകാര്യ ആശുപത്രികളിൽ സൗജന്യമായിരിക്കുമെന്ന് എൻഎച്ച്എ വൃത്തങ്ങൾ അറിയിച്ചു. ഇനി ഇതിന്റെ ഭാഗമായുള്ള ശ്വസതടസമടക്കമുള്ള കാര്യങ്ങൾക്ക് ഇന്റൻസിവ് കെയർ യൂണിറ്റിലെ ചികിത്സയും ഉൾപ്പെടുത്തും.

മത്സ്യമേഖല നിശ്ചലം; തുറമുഖങ്ങൾ അടച്ചു

കൊച്ചി: കൊവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധിയിൽ സംസ്ഥാനത്തെ മത്സ്യമേഖല നിശ്ചലമായി. തുറമുഖങ്ങളുടെയും ഫിഷ് ലാൻഡിങ് സെന്ററുകളുടെയും പ്രവർത്തനം നിർത്തി. ഇതോടെ മത്സ്യബന്ധന, അനുബന്ധ മേഖലയിലെ മൂന്നുലക്ഷത്തോളം പേർക്കാണ് താത്കാലികമായി ജോലിയില്ലാതാകുന്നത്. പീലിങ് മേഖലയിലും കുറഞ്ഞത് ഒരു ലക്ഷം പേർക്കാണ് തൊഴിൽ നഷ്ടം. മത്സ്യമേഖലയിലെ നാലുലക്ഷത്തിൽപ്പരം കുടുംബങ്ങളെ നിയന്ത്രണങ്ങൾ നേരിട്ട് ബാധിക്കും.

തുറമുഖങ്ങളിൽ പരസ്യ മത്സ്യ ലേലം ഒഴിവാക്കണമെന്ന ഫിഷറീസ് വകുപ്പിന്റെ നിർദേശം ചൊവ്വാഴ്ച നിലവിൽവന്നു. പൊന്നാനി തുറമുഖത്ത് ലേലം ഒഴിവാക്കിയായിരുന്നു മത്സ്യവിൽപ്പന. തുറമുഖം താത്കാലികമായി അടച്ചു. തൃശൂർ അഴീക്കോട് തുറമുഖം 31 വരെ അടച്ചിടാൻ തീരുമാനിച്ചു. കൊല്ലത്ത് ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ തുറമുഖങ്ങൾ കലക്റ്റർ ഇടപെട്ട് അടപ്പിച്ചു. വൈപ്പിൻ, മുനമ്പം മേഖലയിൽനിന്നുള്ള ബോട്ടുകൾ എത്തിയതുമൂലം തിരക്ക് നിയന്ത്രണാതീതമായതിനാലാണ് നടപടി. ചേറ്റുവ തുറമുഖത്ത് ആൾക്കൂട്ടം ഒഴിവാക്കാൻ കലക്റ്റർ പൊലീസിനെ ചുമതലപ്പെടുത്തി.

മലപ്പുറം ജില്ലയിൽ താനൂർ തുറമുഖത്തുനിന്ന് ചൊവ്വാഴ്ച ആരും മത്സ്യബന്ധനത്തിന് പോയില്ല. പൊന്നാനിയും പരപ്പനങ്ങാടിയും അടച്ചു. കാസർകോട് ജില്ലയിലും മത്സ്യബന്ധന കേന്ദ്രങ്ങൾ നിശ്ചലമാണ്. തിരുവനന്തപുരത്ത് വിഴിഞ്ഞത്ത് കടലിൽ പോകുന്നത് നിർത്തി.

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

കൊച്ചു കൂട്ടുകാരേ,

നിങ്ങളെപ്പോലെ തന്നെ നമ്മുടെ കുഞ്ഞാപ്പുവിനും പുറത്തിറങ്ങിക്കളിക്കാൻ പറ്റാതെ വീടിനുള്ളിൽ അടച്ചിരിക്കേണ്ട അവസ്ഥയാണ്. അച്ഛനും അമ്മയും പറയുന്നതു കേട്ടിട്ട് ഇനി മൂന്നാഴ്ച ഇങ്ങനെ തന്നെ വേണ്ടിവരും.

സാരമില്ല, നമ്മുടെ നാടിനുവേണ്ടിയല്ലേ.

എന്നാൽ ഓർത്തിരിക്കാതെ അവനൊരു കൂട്ടുകാരനെ കിട്ടി.

ഒരു കുട്ടി ദിനോസർ.

കൂട്ടുകാർ കേട്ടിട്ടുണ്ടോ ദിനോസർ എന്ന്.

ആ കഥ നാളെ മുതൽ നിങ്ങൾക്കു വായിക്കാം.

ഇനി പറയുന്നത് ശ്രദ്ധിച്ചു കേൾക്കണം. **ഈ കുട്ടി ദിനോസറിന് ഒരുപേര് നിങ്ങൾ നിർദേശിക്കണം.**

കൂടാതെ കുട്ടി ദിനോസറിന്റെ ഒരു ചിത്രം നിങ്ങൾ നോക്കി വരയ്ക്കണം.

എന്നിട്ട് 70340 41234 എന്ന വാട്ട്സ് ആപ്പ് നമ്പറിൽ പേരും പടവും അയച്ചുതരണം.

പേര് മാത്രം നിർദേശിക്കാം.

നല്ല പേര് നിർദേശിക്കുന്നയാൾക്ക് സമ്മാനമുണ്ട്.

പടം മാത്രം വരച്ചയയ്ക്കാം;

നല്ല പടത്തിനും സമ്മാനമുണ്ട്.

ഇന്നു വൈകിട്ട് 6മണിക്ക് മുൻപ് അയച്ചു തരണം.

അയയ്ക്കുമ്പോൾ നിങ്ങളുടെ ഒരു സെൽഫിയും പേരും പൂർണ മേൽവിലാസവും ഉണ്ടായിരിക്കണം.

#MyFamily എന്ന ഹാഷ്ടാഗ് ചേർക്കുക.

വേഗം റെഡിയായിക്കോളൂ.....

ലോക്ക് ഡൗണും ആസ്വദിക്കാം ഷിബു ബേബി ജോൺ

പി.ബി. ബാലു

കൊച്ചി: ലോക് ഡൗൺ ആസ്വദിച്ച് മുൻ മന്ത്രി ഷിബു ബേബിജോൺ. കൊറോണ ബാധിച്ച രാജ്യങ്ങളിൽ ആളുകൾ വീട്ടിനുള്ളിൽ കഴിയുന്നതെങ്ങനെയെന്ന് അനുഭവിച്ചു നോക്കാൻ 20 ന് വീട്ടിൽ ഒരു ട്രയൽ നോക്കിയതാണ്. ഫോൺ വിളിച്ച സുഹൃത്തുക്കളോടും പറഞ്ഞു ഇങ്ങോട്ടു വരേണ്ടെന്ന്. ഇപ്പോൾ രാജ്യം തന്നെ ലോക്ഡൗണിലായി. അൽപ്പം അച്ചടക്കം കുറഞ്ഞവർക്ക് കാര്യം കടുകട്ടിയാണെന്ന് മെട്രൊ വാർത്തയോട് അദ്ദേഹം.

ജീവിതത്തിൽ ആദ്യമായാണ് ഇത്തരമൊരു അനുഭവം. ചിട്ടകൾക്ക് ഇത്തിരി മാറ്റം വരുത്തി. രാവിലെ അൽപം വ്യായാമം, അതുകഴിഞ്ഞ് കുളി, പിന്നെ പത്രം വായന. പത്തുമണിക്കാണ് ബ്രേക്ക്ഫാസ്റ്റ്. പിന്നെ ഒരോ ദിവസവും ഒരോ ഷെഡ്യൂൾ. ആദ്യ ദിവസങ്ങളിൽ വായന ആയിരുന്നു. അതിനിടയിൽ ടെലിവിഷനിൽ വാർത്തകൾ കേൾക്കും. ഇന്നലെ കാരംസ് കളിക്കായി മാറ്റിവച്ചു.

വർഷങ്ങൾക്കു ശേഷമാണ് കാരംസിൽ ഒരു കൈ നോക്കിയത്. അതു കഴിഞ്ഞ് അക്കാര്യം ഫേസ്ബുക്കിൽ കുറിച്ചു. ശരിക്കും ആ കളി ഓർമകളെ പതിറ്റാണ്ടുകൾക്ക് പിന്നിലേക്ക് കൊണ്ടുപോയെന്ന് ഷിബു പറയുന്നു. കുട്ടിക്കാലത്ത് ഞാനും എം.കെ. മുനീറും മുനീറിന്റെ ഇളയസഹോദരി ഫരീദയും പിന്നെ ഞങ്ങളുടെ കാരംസ് അങ്കിളും ഒന്നിച്ചായിരുന്നു കാരംസ് കളിച്ചിരുന്നത്.

ഞങ്ങളുടെ അന്നത്തെ ഏറ്റവും പ്രധാന വിനോദമായിരുന്നു അത്. അക്കാലത്ത് മണിക്കൂറുകളോളം കാരംസ് കളിക്കാൻ ഒരു മടിയുമുണ്ടായിരുന്നില്ല. മുനീറിന്റെ വീടായിരുന്നു ഞങ്ങളുടെ കളിക്കളം. സാക്ഷാൽ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് ഒരിക്കൽ ഞങ്ങൾക്കൊപ്പം കാരംസ് കളിക്കാൻ കൂടിയത് ഇപ്പോഴും ഓർക്കുന്നു.

വീട്ടിലിരുന്ന് പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതാകുമ്പോഴാണ് വിരസത തോന്നുന്നതും പുറത്തിറങ്ങാനുള്ള വ്യഗ്രത ഉണ്ടാകുന്നതും. എന്നാൽ ഈ ലോക്ക്ഡൗൺ കാലത്തെ ക്രിയാത്മകവും സർഗാത്മകവുമാക്കി മാറ്റാനാകുമെന്നാണ് ഷിബു പറയുന്നത്

എല്ലാവരുടെയും വിരസത മാറ്റാൻ ചെറിയൊരു നിർദേശം. ഒരു ചലഞ്ച്. ദിവസവും വീട്ടിനുള്ളിലിരുന്ന് ചെയ്യാൻ കഴിയുന്ന ചെറിയ ചെറിയ കാര്യങ്ങൾ ചെയ്തിട്ട് അത് എഴുതിവയ്ക്കാം. ബുക്കിലോ, സോഷ്യൽ മീഡിയ അക്കൗണ്ടിലോ. പുതിയ ട്രെൻഡ് അനുസരിച്ച് ഇതൊരു ചലഞ്ച് അക്കാം .

മുൻകരുതലുകൾ എടുത്തതിനാൽ രാജ്യത്ത് കൊവിഡ് വലിയ ദുരന്തമാവില്ലെന്നാണ് ഷിബു ബേബിജോൺ കുരുതുന്നത്. ഏതായാലും ഇത് കഴിഞ്ഞ് ഉണ്ടാവുക പുതിയ ലോകമായിരിക്കും. അക്കാര്യത്തിൽ ഒരുസംശയവും വേണ്ട. അദ്ദേഹം പറയുന്നു.

ഹോം കുക്കിങ്

ബിനിത ദേവസി

ഹിബി സർബത്ത്

ലോക്ക് ഡൗണിൽ മനസും ശരീരവും തണുപ്പിക്കാൻ ഒരു നേരംപോക്ക്.

തൊടിയിൽ ചെമ്പരത്തിപ്പൂവുണ്ടെങ്കിൽ ഈ സർബത്ത് പരീക്ഷിക്കാം. ചെമ്പരത്തി മുടിയിൽ തേയ്ക്കാൻ മാത്രമല്ല, അതുകൊണ്ട് ഇങ്ങനെയും പല ഗുണങ്ങളുണ്ട്. കുറച്ചു ക്ഷമയും കാത്തിരിക്കാനുള്ള മനസും ഉണ്ടെങ്കിൽ കിടിലൻ ഹിബി സർബത്തുണ്ടാക്കാം.

ചേരുവകൾ: സർബത്ത്

പഞ്ചസാര - അര കിലോ
വെള്ളം - ഒരു ലിറ്റർ
ഏലക്കായ - 2 എണ്ണം (പൊട്ടിച്ചത്)
നറുനീണ്ടി കിഴങ്ങ് - ഒരു കഷണം
(നറുനീണ്ടി കിഴങ്ങ് ഇല്ലെങ്കിലും കുഴപ്പമില്ല)

അര കിലോ പഞ്ചസാരയിൽ നിന്ന് രണ്ടോ മൂന്നോ ടീസ്പൂൺ പഞ്ചസാര ചട്ടിയിൽ വറുക്കുക, പഞ്ചസാര ചുവന്ന നിറമാകുമ്പോൾ എടുത്തുവച്ചിരിക്കുന്ന ഒരു ലിറ്റർ വെള്ളം അതിലേക്ക് ഒഴിക്കുക. ആ ലായനിലേക്ക് ബാക്കിയുള്ള പഞ്ചസാരയും ചേർത്ത് തിളപ്പിച്ചാൽ സർബത്ത് റെഡി. തയാറാക്കിയ സർബത്ത് ചൂടാറാനായി വയ്ക്കാം. ഒരു മാസത്തോളം സർബത്ത് ഫ്രിഡ്ജിൽ സൂക്ഷിക്കാവുന്നതാണ്.

ചെമ്പരത്തി സത്ത്

ചെമ്പരത്തിപ്പൂവ് - 3 (ഇതൾ അടർത്തിയത്)
നാരങ്ങാനീര് - ഒരു നാരങ്ങയുടെ നീര് മുഴുവൻ
വെള്ളം - ഒരു ഗ്ലാസ്

തിളച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിലേക്ക് ഇതൾ അടർത്തി വച്ചിരിക്കുന്ന ചെമ്പരത്തി പ്പൂവ് ഇടുക, ശേഷം ചൂടാറാനായി മൂടിവയ്ക്കുക. ചൂടാറിയ ചെമ്പരത്തി സത്തിലേക്ക് നാരങ്ങാനീരു കൂടി ഒഴിക്കുന്നതോടെ ചെമ്പരത്തി സത്തും റെഡി.

ചെമ്പരത്തി സത്ത് നാല് ദിവസം വരെ ഫ്രിഡ്ജിൽ സൂക്ഷിക്കാവുന്നതാണ്.

തയാറാക്കുന്ന വിധം

ഒരു ഗ്ലാസ് തണുത്ത വെള്ളത്തിലേക്ക് ഒരു ടേബിൾ സ്പൂൺ ചെമ്പരത്തി സത്തും രണ്ട് ടേബിൾസ്പൂൺ സർബത്തും ചേർത്താൽ ഹിബി സർബത്ത് റെഡി.

പുസ്തകങ്ങൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാം: എൻബിടി

കൊവിഡ്-19 നെ തുടർന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ 100 ലേറെ ബുക്കുകൾ പൊതുജനത്തിന് വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കി കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പിനു കീഴിലുള്ള നാഷണൽ ബുക്ക് ട്രസ്റ്റ് (എൻബിടി).

എൻബിടിയുടെ വെബ്സൈറ്റായ https://nbtindia.gov.in ൽ നിന്ന് ഹിന്ദി, ഇംഗ്ലീഷ്, മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പുസ്തകങ്ങൾ പിഡിഎഫ് രൂപത്തിൽ സൗജന്യമായി ഡൗൺലോഡ് ചെയ്യാം. കൂടുതൽ പുസ്തകങ്ങൾ ഇതിലേക്ക് ലഭ്യമാക്കും.

പുസ്തകങ്ങൾ വായനയ്ക്കു വേണ്ടി മാത്രമുള്ളതാണ്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കാൻ പാടില്ല.

മദ്യാസക്തിയുടെ ചങ്ങല പൊട്ടിക്കാൻ എക്സൈസ്

തിരുവനന്തപുരം: മദ്യം ലഭിക്കാത്തതിനാൽ ശാരീരിക അസ്വസ്ഥത പ്രകടിപ്പിക്കുന്നവർക്ക് കൗൺസിലിങ്ങിനും ചികിത്സയ്ക്കുമായി സംസ്ഥാന എക്സൈസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത കേന്ദ്രങ്ങളെയും കൗൺസിലിങ് സെന്ററുകളെയും ഉൾപ്പെടുത്തി സംവിധാനമുണ്ടാക്കി.

മദ്യത്തിന് അടിമകളായവർക്ക് മദ്യം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ശാരീരികവും മാനസികവുമായ വിഷമതകൾ ഉണ്ടാകുവാനും കുടുംബത്തിൽ മറ്റ് പ്രശ്നങ്ങൾ ഉണ്ടാകുവാനുമുള്ള സാധ്യതകൾ കണക്കിലെടുത്താണിത്. അത്തരക്കാർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിങ്ങും ലഹരി വിമുക്ത കേന്ദ്രങ്ങളിൽ ലഭ്യമാണ്. കൗൺസിലിങ് സെന്ററുകളേയും സമീപിക്കാവുന്നതാണ്.

മദ്യത്തിന് അടിമപ്പെട്ട ഒരാളിൽ അത് ലഭിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന പ്രാരംഭ ലക്ഷണങ്ങളാണ് കൈവിറയൽ, ഓക്കാനം, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, സ്വഭാവത്തിൽ ഉണ്ടാകുന്ന അകാരണമായ മാറ്റങ്ങൾ തുടങ്ങിയവ. ഇത്തരം അസ്വസ്ഥതകളുള്ളവർ ആദ്യം ഏറ്റവും അടുത്തുള്ള ഡോക്റ്ററെ സമീപിക്കേണ്ടതാണ്.

സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ലഹരിവിമുക്ത കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലേയും ഓരോ താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴി

തൊടിയിലെ വിസ്മയം

റീനാ വർഗീസ്

തൊടിയിലെ ചെടികൾ ഏതെന്നോ, എന്തെന്നോ മറന്നുപോയവർക്ക് അവിടെ കാണാവുന്ന ചില അപൂർവ സസ്യങ്ങളെ വീണ്ടും പരിചയപ്പെടാം.

പൊൻതകര

'പൊന്നാങ്കണ്ണിച്ചീര തിന്നാൽ പോന കണ്ണും തിരുമ്പി വരുമെടാ' എന്ന് സംഘകാലത്ത് യോഗിവര്യന്മാർ പാടിയത് പൊൻ തകരയെ കുറിച്ചാണ്. പൊന്നു ചേരുന്ന സസ്യമായതാണ് കാരണം! പൊന്നാര വീരം, പൊന്നാരം എന്നെല്ലാം അറിയപ്പെടുന്ന ഇതിന്റെ ഇലകളും പൂവും തോരന് നന്ന്. നല്ല രുചിയും ഗുണവും. സ്വർണം ചേർന്നതിനാൽ ബുദ്ധിവികാസത്തിനും ഓർമശക്തിക്കുമായി പഴയകാലത്ത് അമ്മമാർ മക്കൾക്ക് ഇതു കറിവച്ചു നൽകിയിരുന്നു. ശാസ്ത്രനാമം കഷ്യ ഒക്സിഡന്റാലിസ്. മഞ്ഞനിറത്തിൽ കുലകളായാണ് പൂക്കൾ. ഈ ചെടി ഒന്നര മീറ്റർ ഉയരത്തിൽ വരും. മൂപ്പെത്താത്ത വിത്തുകൾ ചില ആഫ്രിക്കൻ രാജ്യങ്ങളിൽ കാപ്പിക്കുരുവിനു പകരമായി ഉപയോഗിക്കുന്നു.

കരൾ രോഗത്തിനു നൽകുന്ന ആയുർവേദ മരുന്നുകളുടെ പ്രധാന ഘടകമാണ് പൊൻ തകര. വാതം, ആസ്ത്മ, കുഷ്ഠം എന്നിവയ്ക്കെതിരെയും ഹിസ്റ്റീരിയ, വയറുകടി എന്നിവ കുറയ്ക്കാനും ഉപയോഗിച്ചുവരുന്നു. ഇല, തൊലി, വേര്, വിത്ത് തുടങ്ങി എല്ലാ ഭാഗങ്ങളും ഔഷധഗുണമുള്ളതാണ്. കാലിത്തീറ്റയായും, പച്ചില വളമായും ഉപയോഗിക്കുന്നു. പ്രത്യേക പരിചരണം ആവശ്യമില്ലെന്നതും വലിയ കീടശല്യമില്ലെന്നതും ഇതിന്റെ മേന്മയാണ്.

ഈ അസുലഭ കാലഘട്ടത്തെ എങ്ങനെ വിനിയോഗിക്കുന്നു?

പ്രിയപ്പെട്ട സാറാമ്മേ,
ജീവിതം യൗവ്വനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭ കാലഘട്ടത്തെ എന്റെ പ്രിയസുഹൃത്ത് എങ്ങനെ വിനിയോഗിക്കുന്നു?

ആറു പതിറ്റാണ്ടു മുൻപ് വൈക്കം മുഹമ്മദ് ബഷീർ എഴുതിയ പ്രേമലേഖനത്തിലെ നായകൻ കേശവൻ നായർ ചോദിച്ച ഈ ചോദ്യം നമ്മൾ നമ്മോടു തന്നെ ചോദിക്കേണ്ടതാണ്.

അടുത്ത21 ദിവസത്തേക്കു വേണ്ടി...

പുസ്തകരൂപത്തിൽ പ്രസാധനം ചെയ്യപ്പെട്ട ബഷീറിന്റെ ആദ്യരചനയാണ് പ്രേമലേഖനം.1942ൽ ബഷീർ ജയിലിൽ കിടക്കുന്ന ഒരവസരത്തിലാണ് ഈ ലഘുനോവൽ എഴുതിയത്. 1944 ൽ ഇത് നിരോധിക്കപ്പെടുകയും കോപ്പികൾ കണ്ടുകെട്ടുകയും ചെയ്തു.

പൂജപ്പുരയിലെ തിരുവനന്തപുരം സെൻട്രൽ ജയിലിൽ രാജ്യദ്രോഹം ആരോപിക്കപ്പെട്ട് തടവിൽ കിടക്കുന്ന സമയത്താണ് ബഷീർ ഈ നോവൽ എഴുതിയത്. ദിവാൻ സി.പി. രാമസ്വാമി അയ്യർക്കെതിരെ ലേഖനങ്ങൾ എഴുതി എന്നുള്ളതായിരുന്നു അദ്ദേഹത്തിൽ ആരോപിച്ചിരുന്നു കുറ്റം. മതിലുകൾ എന്ന പ്രേമകഥയ്ക്ക് ആധാരമായ പ്രണയവും ഇതേ തടവുകാലത്താണ് സംഭവിച്ചത്. ജയിലിൽ വച്ച് സഹതടവുകാരെ കാണിക്കാനായി അദ്ദേഹം പല കഥകളും എഴുതിയിരുന്നു. എന്നാൽ പുറത്തുവന്നപ്പോൾ ആ കഥകളൊന്നും ഒപ്പം കൊണ്ടുവരാൻ സാധിച്ചില്ല. പ്രേമലേഖനം മാത്രമാണ് അദ്ദേഹത്തിന് പുറത്തെത്തിക്കാൻ ആകെ കഴിഞ്ഞത്.

പ്രത്യേകിച്ച് രാജ്യദ്രോഹപരമായി ഒന്നും ഈ കഥയിൽ ഇല്ലെങ്കിലും ഈ പുസ്തകം തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ടു. തിരുവിതാംകൂർ ഒരു ഹിന്ദു പ്രവിശ്യ ആയിരുന്നു. മിശ്രവിവാഹങ്ങളെ അക്കാലത്തു നിരുത്സാഹപ്പെടുത്തിയിരുന്നതായിരിക്കാം ഈ നിരോധനത്തിന് കാരണം. സർ സി.പി. 1947 ൽ നാടുവിട്ടെങ്കിലും പിന്നീട് പ്രധാനമന്ത്രിയായ പറവൂർ ടി.കെ. നാരായണപിള്ളയാണ് 1948 ൽ ഈ പുസ്തകത്തിന്റെ നിരോധനം നീക്കിയത്.